അധികാരം ജനങ്ങളിലേക്ക്

# ദേവികുളങ്ങര ഗ്രാമ പഞ്ചായത്ത്



# വികസന രേഖ

# പുതുപ്പള്ളി വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക്
# (ക്ലിപ്തം) നമ്പർ 1900

സഹകരണ ബാങ്കിംഗ് രംഗത്ത് പ്രശസ്തസേവനം നൽകുന്ന

ആലപ്പുഴ ജില്ലയിലെ പ്രമുഖ സഹകരണ ബാങ്ക്

25 വർഷത്തെ സേവന പാരമ്പര്യം

**നിക്ഷേപങ്ങൾക്ക് കമേർഷ്യൽ ബാങ്കുകളേക്കാൾ 2% അധിക പലിശ നൽകുന്നു.**

**സ്വീകരിക്കുന്ന വിവിധയിനം ഡിപ്പോസിററുകൾ:**

| | | |
|---|---|---|
| 1 | സേവിംഗ്സ് അക്കൗണ്ട് | പലിശ 6.5% |
| 2 | ഹോംസേഫ് അക്കൗണ്ട് | പലിശ 6.5% |
| 3 | കെട്ടുതെങ്ങ് ഡെപ്പോസിററ് | പലിശ 6.5% |
| 4 | ആവർത്തന നിക്ഷേപ പദ്ധതി(റെക്കറിംഗ് ഡെപ്പോസിററ്) | |
| 5 | സ്ഥിര നിക്ഷേപങ്ങൾ | |
| | 1 30 ദിവസത്തിനു മുകളിൽ 1 വർഷം വരെ | 13% |
| | 2 12 മാസത്തിനു മുകളിൽ 3 വർഷം വരെ | 14.5% |
| | 3 36 മാസത്തിനു മുകളിൽ 5 വർഷം വരെ | 15% |
| | 4 5 വർഷത്തിനു മുകളിൽ | 15.5% |

**തൃപ്തി-വെറും 1900 ദിവസംകൊണ്ട് നിങ്ങളുടെ തുക ഇരട്ടിക്കുന്നു**

**വിശ്വസ്തതയോടെയുള്ള ഞങ്ങളുടെ സേവനം**

**നിങ്ങൾക്കായി അർപ്പിക്കുന്നു**

**കെ. ഗോപിനാഥൻ B. A. B. L.**
പ്രസിഡൻറ്

**എൻ. സുഗതകുമാരി**
സെക്രട്ടറി ഇൻ ചാർജ്ജ്

# ദേവികുളങ്ങര ഗ്രാമ പഞ്ചായത്ത്

# വികസന റിപ്പോർട്ട് '96

## ഉള്ളടക്കം


- സമർപ്പണം 3
- കോർ ഗ്രൂപ്പുകൾ 4
- പഞ്ചാ: മെമ്പർമാരുടെ ചിത്രം 5

1. ആമുഖം 6
2. പഞ്ചായത്ത് പൊതുവിവരണം 9
3. സാമൂഹിക സാംസ്കാരിക ചരിത്രം 10
   - സ്ഥലനാമം 11
   - ദേശീയ പ്രസ്ഥാനം 12
   - സാമൂഹ്യ പരിഷ്കർണ പ്രവർത്തനങ്ങൾ 13
4. ഭൂപ്രകൃതി – ജനപ്രകൃതി – ജലപ്രകൃതി 15
5. കൃഷിയും ജലസേചനവും 19
6. മൃഗസംരക്ഷണം 37
7. മത്സ്യബന്ധനം 47
8. വ്യവസായം 51
9. വിദ്യാഭ്യാസം, സംസ്കാരം 54
10. കുടിവെള്ളവും പൊതുജന ആരോഗ്യവും 58
11. വിഭവസമാഹരണം 60
12. പാർപ്പിടവും – സാമൂഹ്യക്ഷേമവും 62
13. വനിത 63
14. പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമം 64
15. റോഡും, ഗതാഗതവും, ഊർജ്ജവും 65
16. സഹകരണം 68
    - ശുചിത്വം – കായികം 70
    - പരിസര ഭൂപടം 71
    - പഞ്ചായത്ത് റോഡ് ഭൂപടം 73


PRINTED AT : SWARAJYA PRESS, KAYAMKULAM. PUBLISHED BY : B. SURESH, PRESIDENT DEVIKULANGARA GRAMA PANCHAYATH

*1963 മുതൽ ജീവിതാവസാനം വരെയുള്ള ദീർഘമായ*
*33 വർഷക്കാലം മെമ്പർ എന്ന നിലയിലും അവസാനത്തെ*
*13 മാസക്കാലം സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ*
*എന്ന നിലയിലും ദേവികുളങ്ങര ഗ്രാമ പഞ്ചായത്തിന്റെ*
*സമഗ്ര വികസനത്തിന് വേണ്ടി അക്ഷീണം*
*യത്നിച്ച ശ്രീ. വി. പ്രഭാകരന്റെ*
*(07-12-96 ൽ അന്തരിച്ചു) സ്മരണയ്ക്ക് മുമ്പിൽ*
*ഈ വികസന രേഖ ആദരപൂർവ്വം സമർപ്പിക്കുന്നു.*

## .ദേവികുളങ്ങര ഗ്രാമ പഞ്ചായത്തിന്റെ 9-ാം പഞ്ചവത്സര പദ്ധതിക്കുള്ള രൂപരേഖ തയ്യാറാക്കുന്ന ജനകീയ ആസൂത്രണ പ്രക്രിയയിലെ രണ്ടാംഘട്ടത്തിന്റെ ഉൽപ്പന്നമായ ഈ വികസന രേഖയുടെ പിന്നിൽ പ്രവർത്തിച്ച വിഷയ / കോർ ഗ്രൂപ്പുകളുടെ ചെയർമാന്മാർ പഞ്ചായത്ത് മെമ്പർമാരാണ കൺവീനർമാരുടെയും ഗ്രൂപ്പ് അംഗങ്ങളുടെയും പേര് വിവരം ചുവടെ ചേർക്കുന്നു.

പൊതു ഗ്രൂപ്പുകളുടെ കൺവീനർ

അഡ്വ. കെ. യശോധരൻ, തണ്ടാശ്ശേരിൽ

**1. കൃഷിയും ജലസേചനവും**

(i) ചന്ദ്രികാ (കൃഷിഓഫീസർ) (കൺ.)

(ii) ഡോ. കെ. ചെല്ലപ്പൻ

(iii) എൻ. ദാമോദരകുറുപ്പ്

(iv) പി. ഹൈദർ ഖാൻ

(v) കെ.ജെ. ജോൺ

(vi) ബാലകൃഷ്ണപിള്ള

(vii) രാഘവൻ പിള്ള

**2. മത്സ്യബന്ധനവും മൃഗസംരക്ഷണവും**

(i) ഡോ. എലിസബത്ത് ജോൺ (വെറ്റി: സർജൻ) (കൺ:)

(ii) ബാലകൃഷ്ണ ൻ

(iii) റ്റി. യേശുദാസ്

(iv) എം.എൻ. സ്വാമിനാഥൻ

(v) സി.എൻ. സോമൻ

**3. വിദ്യാഭ്യാസവും സംസ്കാരവും**

(i) ഡാനിയൽ ജോൺ (കൺ.)

(ii) പി. ഗോപാലകൃഷ്ണപിള്ള

(iii) ജോൺ

(iv) ശ്യാംകുമാർ.S

**4. ആരോഗ്യവും ശുചിത്വവും**

(i) ഡോ. B.രമ (കൺ:)

(ii) ബാലഗോപാൽ

(iii) കെ.ശങ്കരൻ

**5. പാർപ്പിടം / വനിത**

(i) ജെ. കൗസല്യ (V.E.O) (കൺ.)

(ii) റ്റി.പി. അനിൽകുമാർ

(iii) എ.വി. കുമാരൻ

(iv) എം. ...

(v) എസ് ...ലേഖ

(vi) ഉഷ

**6. പട്ടികജാതി / പട്ടികവർഗ്ഗക്ഷേമം**

(i) കെ. ശ... (കൺ.)

(ii) കെ. മ...ൻ

(iii) ബിന്ദു ...രൻ

(iv) വി. അ...കൻ

**7. വ്യവസായം**

(i) മാത്യു ...പ്പുഴ (കൺ:)

(ii) എസ് ...

(iii) കെ.അ...ാഹുലൻ

(iv) നിഷ ...പ്പൻ

(V) എം.ദ...വാകരൻ

**8. ഗതാഗതം / ഊർജ്ജം**

(i) എൻ. ...നാഥൻ ആചാരി (കൺ:)

(ii) വി. ...ർപിള്ള

(iii) കെ. ...ലൻ

(iv) സീ. ...തുളസീധരൻ

**9. സഹകരണം**

(i) ബി. ...സ് (കൺ:)

(ii) എം.ഭ...ധരൻ

(iii) അഡ്വ. ...ജേഷ്

(iv) ജി. ...ദാസൻ

(v) സുഗ...

(vi) രാജ, ...ിക്കടവ്

**10. വിഭവസമാഹരണം**

(i) കെ. ഭ...രൻ (കൺ:)

(ii) വി.എ... ഗാധരൻ

(iii) മാന്നേ... ഫെഡറൽ ബാങ്ക് ബ്രാഞ്ച്

കവർരൂപകൽപന: K.K.കൊച്ചുകേശവൻ

**ശ്രീ. ബി. സുരേഷ്**
പഞ്ചാ:പ്രസിഡന്റ്
ചെയർമാൻ
കൃഷിയും ജലസേചനവും





**കുമാരി. ശാന്തിഗോപാലൻ**
പഞ്ചാ:വൈ:പ്രസിഡന്റ്
ചെയർമാൻ
മൃഗസംരക്ഷണവും
മത്സ്യബന്ധനവും



**ശ്രീമതി. വസന്തകുമാരി**
ചെയർ: വ്യവസായം
മൂന്നാം വാർഡ് മെമ്പർ



**ശ്രീ. പി. ശ്രീനിവാസൻ**
ചെയർ: വിദ്യാഭ്യാസം, സംസ്ക്കാരം
നാലാം വാർഡ് മെമ്പർ



**ശ്രീമതി. പ്രസന്ന ജയചന്ദ്രൻ**
ചെയർ: കുടിവെള്ളം. പൊ:ജനാരോഗ്യ
ആറാം വാർഡ് മെമ്പർ



**ശ്രീ. കെ. വിജയൻ**
ചെയർ : ഗതാഗതം, ഊർജ്ജം
പത്താം വാർഡ് മെമ്പർ



**ശ്രീമതി. വത്സലാ മോഹൻലാൽ**
ചെയർ: പാർപ്പിടം. സാമൂഹ്യക്ഷേമം
എട്ടാം വാർഡ് മെമ്പർ



**അഡ്വ: കെ. യശോധരൻ**
കൺവീനർ:
പഞ്ചാ: വികസനസമിതി



**ശ്രീ. വിജയൻ പിള്ള**
ചെയർ: വിഭവസമാഹരണം
രണ്ടാം വാർഡ് മെമ്പർ



**ശ്രീ. പി. യശോധരൻ**
ചെയർമാൻ : സഹകരണം
ഒൻപതാം വാർഡ് മെമ്പർ



ശ്രീ. വി. പ്രഭാകരൻ

ചെയർ: പട്ടികജാ: പട്ടികവ: ക്ഷേമം
പഞ്ചാ: സ്റ്റാ: ക: ചെയർമാൻ
അഞ്ചാം വാർഡ് മെമ്പർ
7. 12. 96-ൽ അന്തരിച്ചു.



# ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്

## വികസന റിപ്പോർട്ട്

1996

## ആമുഖം

പടിഞ്ഞാറൻ കാററടിച്ചപ്പോൾ ഇന്ത്യയിൽ വീണുകിട്ടിയ മധുരക്കനിയല്ല ഗ്രാമപഞ്ചായത്ത്. ഭരണക്രമം യൂറോപ്യൻമാരുടെ വരവിന് മുമ്പുള്ള ഭാരതത്തിലെ ഭരണസംവിധാനം ആയിരുന്നു അത്. വേദകാലത്ത് ഗ്രാമങ്ങളും അവയുടെ തലവൻമാരായി ഗ്രാമണികളുമുണ്ടായിരുന്നു. ശുക്രാചാര്യരുടെ നീതിസാരത്തിൽ ഗ്രാമസഭകളേയും അക്കാലത്തെ ഗ്രാമസ്വയംഭരണ രീതികളേയും കുറിച്ച് പറഞ്ഞിട്ടുണ്ട്. ജനാധിപത്യത്തിന്റെ ഊററില്ലമായ ഏതൻസിലും സ്പാർട്ടയിലും ഭരണത്തിൽ ജനങ്ങൾ നേരിട്ട് ഇടപെട്ടിരുന്നു.

ഇന്ത്യയിൽ ഭരണക്രമത്തിലും സാമ്പത്തിക ഘടനയിലും രാഷ്ട്രീയ രംഗങ്ങളിലും ഗ്രാമങ്ങളുടെ പങ്ക് പണ്ടുമുതലേ സുപ്രധാനമാണ്. ഇന്ത്യയിൽ 80 ശതമാനം ഗ്രാമീണരാണ് ഇന്ത്യ ഗ്രാമങ്ങളിൽ ജീവിക്കുന്നു എന്നു പറയുന്നത് തികച്ചും ശരിയാണ്. തങ്ങളുടെ പരിമിതമായ ആവശ്യങ്ങൾ മിക്കതും സ്വന്തമായി നിറവേററാൻ കഴിഞ്ഞതുകൊണ്ടാണ് അവയെ സ്വയം സമ്പൂർണ്ണ ഗ്രാമങ്ങൾ എന്ന് വിശേഷിപ്പിച്ചത്. സാമൂഹ്യവളർച്ചയിലും സാമ്പത്തിക വ്യവസ്ഥിതിയിലും വന്ന മാററങ്ങൾ ഗ്രാമങ്ങളുടെ സ്വയം സമ്പൂർണ്ണ സ്വഭാവം മാററിമറിച്ചു. വിദേശികളുടെ ഭരണം വ്യാപിക്കുകയും മുതലാളിത്തം വളരുകയും ചെയ്തതോടെ ഗ്രാമങ്ങൾ ദേശീയ സമ്പദ്ഘടനയുടെ ഭാഗമായിത്തീർന്നു. ഈ സാമൂഹ്യമാററത്തിൽ നിന്ന് വേറിട്ടു നിന്നുകൊണ്ട് ഗ്രാമങ്ങൾക്ക് സ്വയം സമ്പൂർണ്ണമായി നിലകൊള്ളുക സാദ്ധ്യമായിരുന്നില്ല.

നാട്ടിൽ നടക്കുന്ന ഈ ധനിക വ[illegible]ക്കരണ ദരിദ്രവൽക്കരണ പ്രക്രിയയും അട[illegible]സ്ഥാനമായ സാമ്പത്തിക വികസന നി[illegible]ങ്ങളും ഭരണസംവിധാനങ്ങളും എല്ലാം ക[illegible]ക്കിലെടുത്ത് മാത്രമേ പുതിയൊരു ഗ്രാമ [illegible]ികസന ശൈലിയ്ക്ക് രൂപം നൽകാൻ കഴ[illegible]

പഴയകാല ഗ്രാമസ്വരാജിലേ[illegible]ള്ള മടക്കിപ്പോക്കല്ല. മറിച്ച് സാഹചര[illegible]ൾക്കനുസരിച്ച് ഗ്രാമ പുനർനിർമ്മാണമാ[illegible] ഇന്നു വേണ്ടത്: ശാസ്ത്ര സാങ്കേതിക [illegible]ട്ടങ്ങൾ ഉൾക്കൊള്ളാനും മെച്ചപ്പെട്ട ജീവ[illegible]ിനുള്ള

താല്പര്യം ജനങ്ങളിൽ നിന്നു തന്നെ ഉയർന്നു വരുവാനും കഴിയണം. ഇതിന് അനുയോജ്യമായ രീതിയിൽ കേരളത്തിലെ പഞ്ചായത്തു ഭരണം എങ്ങനെ പുനഃസംഘടിപ്പിക്കാം എന്നാണ് നാം ഇനി പരിശോധിക്കേണ്ടത്. മുകളിൽ നിന്നുള്ള ഭരണത്തിന്റെ കാലം കഴിഞ്ഞിരിക്കുന്നു.

നാട്ടുനടപ്പനുസരിച്ച് കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാനുള്ള മൂപ്പൻമാരുടേയും പ്രമാണിമാരുടേയും അഞ്ച് അംഗ സഭയായിരുന്നു പണ്ട് ഗ്രാമപഞ്ചായത്തുകൾ. തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളായിരുന്നില്ല മറിച്ച് സമൂഹത്തിൽ സ്വാധീനമുള്ളവരായിരുന്നു ഇതിലെ അംഗങ്ങൾ. കാലം നമ്മുടെ വീക്ഷണത്തിൽ മാററം വരുത്തി സ്വാതന്ത്ര്യ സമരകാലത്ത് പഞ്ചായത്തുകളുടെ സ്വയംഭരണത്തിനു വേണ്ടി ഗാന്ധിജി ശക്തിയുക്തം വാദിച്ചു. പക്ഷേ പലർക്കും ഈ സമീപനത്തോട് യോജിപ്പുണ്ടായിരുന്നില്ല. തൻമൂലം ഭരണഘടനാ രൂപീകരണ വേളയിൽ അർഹമായ സ്ഥാനം പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈവന്നില്ല.

ഇന്ത്യൻ ഭരണഘടനയുടെ 75, 74, ഭേദഗതികൾ കേവലം മാർഗനിർദ്ദേശതത്വങ്ങൾ എന്ന നിലയിൽനിന്ന് പഞ്ചായത്ത് നഗരപാലികാസ്ഥാപനങ്ങൾ ഇന്ത്യൻ ഭരണക്രമത്തിന്റെ അഭിഭാജ്യഘടകങ്ങളാക്കി മാററിയിരിക്കുന്നു. എല്ലാ വോട്ടറൻമാർക്കും പ്രത്യക്ഷ പങ്കാളിത്വമുള്ള ഗ്രാമങ്ങളും ഈ നിയമം വിഭാവന ചെയ്യുന്നു.

കേന്ദ്ര സംസ്ഥാന തലങ്ങളിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന പതിവിൽ നിന്ന് വ്യത്യസ്തമായി ഒൻപതാം പദ്ധതിയുടെ അടങ്കലിന്റെ 35-40 ശതമാനം തുകയ്ക്കുള്ള വികസന പരിപാടികൾ താഴെത്തട്ടിൽതന്നെ ജനപങ്കാളിത്വത്തോടുകൂടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുക എന്നതാണ് സംസ്ഥാന സർക്കാരും പ്ലാനിംഗ് ബോർഡും ചേർന്ന് രൂപം നൽകിയ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം.

1996 സെപ്തം; 8, 9, 10 തീയതികളിൽ കായംകുളം ഗവ; ഗേൾസ് ഹൈസ്കൂളിൽ നടന്ന ഡി. ആർ. പി. (ഡിസ്ട്രിക്റ്റ് റിസോഴ്സ് പേഴ്സൺ) മാരുടെ പരിശീലന ക്യാമ്പോടുകൂടിയാണ് ദേവികുളങ്ങര പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് ജീവൻ വയ്ക്കുന്നത്. പ്രസ്തുത ക്യാമ്പിൽ പഞ്ചായത്തിൽ നിന്നും 7 പേർ പങ്കെടുത്തു. 14-10-96 തെക്കേ ആഞ്ഞിലിമൂട് ഗവ: എൽ. പി. സ്ക്കൂളിൽ നടന്ന എൻ. ആർ. പി. (ലോക്കൽ റിസോഴ്സ് പേഴ്സൺസ്) മാർക്കുള്ള പരിശീലന ക്യമ്പിൽ 124 പേർ പങ്കെടുത്തു.

22-9-1996 (വാർഡ് 4, 5, 6, 8) 29-9-96 (വാർഡ് 2, 10) 2-10-96 വാർഡ് 1, 6)6-10-96 (വാർഡ് 9) എന്നീ തീയതികളിലായി പഞ്ചായത്തിലെ പത്തുവാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ നടന്നു. പത്തു വാർഡുകളിലും കൂടി ആകെ 1893 പേർ ഗ്രാമസഭകളിൽ സംബന്ധിച്ചു. ഏററവും കൂടുതൽ ജനങ്ങൾ പങ്കെടുത്തത് പത്താം വാർഡിലായിരുന്നു (294). രണ്ടാം സ്ഥാനത്തുവന്നത് ആറാം വാർഡും (288) അധികാരം ജനങ്ങളിലേക്ക് എന്ന സന്ദേശവുമായി 22-10-96-ൽ പഞ്ചായത്തിൽ പര്യടനം നടത്തി ജനാധികാര കലാ ജാഥയ്ക്ക് അഞ്ച് കേന്ദ്രങ്ങളിൽ സ്വീകരണം നൽകി. നവം: 8, 9, 10 തീയതികളിൽ ഹരിപ്പാട് ഗവൺ: ഗേൾസ് ഹൈസ്ക്കൂളിൽ നടന്ന ഡി. ആർ. പി മാർക്കുള്ള രണ്ടാം ഘട്ട പരിശീലന ക്യാമ്പിൽ പഞ്ചായത്തിൽ നിന്ന് 8 പേർ പങ്കെടുത്തു.

കേരളപ്പിറവിയുടെ 40-ാം വാർഷിക ദിനമായ നവംബർ-1 പുനരർപ്പണ ദിനമായി നമ്മുടെ പഞ്ചായത്തിലും സമുചിതമായി ആചരിച്ചു. സർക്കാരിൽനിന്നും ഉപാധിരഹിതമായി ലഭിക്കുന്ന തുകയുടെ ആദ്യ വിഹിതം ഉപയോഗിച്ച് നടപ്പാക്കാൻ തീരുമാനിച്ച നാല്

വികസന പദ്ധതികൾ അന്നേ ദിവസം ഉദ്ഘാടനം ചെയ്യപ്പെട്ടു. സർവ്വശ്രീ. ജി. സുധാകരൻ എം. എൽ. എ., കെ. എച്ച്. ബാബുജാൻ (ജില്ലാ പഞ്ചായത്ത് മെമ്പർ,) ബി. സുരേഷ് (പഞ്ചായത്ത് പ്രസിഡന്റ്) എന്നിവരാണ് പദ്ധതികൾ ഉദ്ഘാടനം ചെയ്തത്.

16-11-96 ൽ സി. എം. എസ്. ഹൈസ്കൂളിൽ നടന്ന എൽ. ആർ. പി. മാർക്കുള്ള രണ്ടാം ഘട്ട പരിശീലന ക്യാമ്പിൽ 81 പേർ പങ്കെടുത്തു. 12 വികസന മേഖലകളെ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 10 റിസോഴ്സ് ഗ്രൂപ്പുകൾക്കും മററ് അദ്ധ്യായങ്ങൾ കൂടി തയ്യാരാക്കി റിപ്പോർട്ടിന് അന്ത്യമരൂപം നൽകാൻ ഒരു ഡ്രാഫ്ററിങ്ങ് കമ്മററിക്കും പഞ്ചായത്തുകമ്മററി രൂപം നൽകി.

ഈ റിസോഴ്സ് ഗ്രൂപ്പുകളുടേയും ഡ്രാഫ്ററിംങ്ങ് കമ്മററിയുടേയും തുടർച്ചയായ മൂന്നാഴ്ചക്കാലത്തെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമായി രൂപപ്പെട്ടതാണ് ഈ വികസന റിപ്പോർട്ട്.

1995 ഒക്ടോബർ 4-ാം തീയതി ഇന്നത്തെ പഞ്ചായത്ത് സമിതി അധികാരമേററു. 1995 നവംബറിൽ ജില്ലാ പ്ലാനിങ്ങ് ഓഫീസിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച് 1996-2002 കാലഘട്ടത്തിൽ പഞ്ചായത്തിൽ നടപ്പാക്കേണ്ടതായ വികസനപ്രവർത്തനങ്ങളുടെ ഒരു രൂപരേഖ തയ്യാറാക്കി ജില്ലാ പ്ലാനിംങ്ങ് ഓഫീസിലേക്കയച്ചു. പഞ്ചായത്തുരാജ് നിയമപ്രകാരം അപ്രകാരം ഒരു രൂപരേഖ തയ്യാറാക്കുവാൻ കഴിഞ്ഞത് ഇന്നു നടക്കുന്ന ജനകീയാസൂത്രണ പരിപാടികൾക്ക് മികവുപകർന്നിട്ടുണ്ട്. 1996 നവംബർ, ഡിസംബർ മാസങ്ങളിൽ പഞ്ചായത്തു നിയമം അനുശാസിക്കുന്ന തരത്തിൽ വാർഡു തോറും വാർഡു കമ്മററികൾ രൂപീകൃതമായി 25 പേർ വീതമുള്ള ആ കമ്മററികളിൽ വളരെ സജ്ജീവമായ ചർച്ചകളാണ് നടന്നത്. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തു സമിതികൂടി തയ്യാറാക്കിയ രൂപരേഖ ജില്ലാ പ്ലാനിങ്ങ് ഓഫീസിലേക്ക് അയയ്ക്കുകയും സ്ററാൻറിംഗ് കമ്മിററിയെ എസ്ററിമേററുകൾ തയ്യാറാക്കുവാൻ ഏൽപിക്കുകയും ചെയ്തിരുന്നു. ഇത്തരുണത്തിലാണ് പുതുതായി രൂപം കൊണ്ട സംസ്ഥാന പ്ലാനിംഗ് ബോർഡ് ഇന്നത്തെ ജനകീയാസൂത്രണ പ്രസ്ഥാനത്തിനു രൂപം കൊടുത്തതും ഇപ്പോൾ ജന പങ്കാളിത്തത്തോടെ 9-ാം പദ്ധതിക്കുള്ള രൂപരേഖതയ്യാറാവുന്നതും.

# ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട് 1996

## പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | — | ദേവികുളങ്ങര ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെട്ട വില്ലേജ് | — | പുതുപ്പള്ളി |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | — | ദേവികുളങ്ങര, കൃഷ്ണപുരം പടിഞ്ഞാറ് |
| ബ്ലോക്ക് പഞ്ചായത്ത് | — | മുതുകുളം |
| താലൂക്ക് | — | കാർത്തികപ്പള്ളി |
| ജില്ല | — | ആലപ്പുഴ |
| അസംബ്ളി മണ്ഡലം | — | കായംകുളം |
| വിസ്തീർണ്ണം | — | 1440 ഹെക്ടർ |

## അതിരുകൾ

| | | |
|---|---|---|
| കിഴക്ക് | ... | കായംകുളം മുൻസിപ്പാലിററി |
| തെക്ക് | — | ക്ലാപ്പന, ഓച്ചിറ, ആലപ്പാട്ട് (കൊല്ലം ജില്ല) |
| പടിഞ്ഞാറ് | — | കണ്ടല്ലൂർ, ആലപ്പാട്ട് |
| വടക്ക് | — | കായംകുളം കായൽ |

| | | |
|---|---|---|
| ജനസംഖ്യ | — | 20145 |
| വാർഡുകൾ | — | 10 |
| പ്രസിഡൻറിന്റെ പേര് | — | സുരേഷ്. ബി. |
| വൈസ്പ്രസിഡൻറിന്റെ പേര് | — | ശാന്തിഗോപാൽ |

ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്
വികസന റിപ്പോർട്ട്
1995



# സാമൂഹിക-സാംസ്കാരിക ചരിത്രം

പഴയ തിരുവിതാംകൂർ രാജ്യത്ത് ഉൾപ്പെട്ടിരുന്ന നമ്മുടെ പഞ്ചായത്ത് പ്രദേശം മുമ്പ് കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിലായിരുന്നു. 1957-ൽ ആലപ്പുഴ ജില്ല രൂപീകരിച്ചപ്പോൾ ഈ പ്രദേശം ആലപ്പുഴ ജില്ലയുടെ ഭാഗമായി, അവസാനത്തെ തിരുവിതാംകൂർ രാജാവായ ശ്രീ ചിത്തിരതിരുനാൾ ബാലരാമവർമ്മയുടെ ഭരണകാലത്താണ് ഇന്നത്തെ ഗ്രാമ പഞ്ചായത്തിന്റെ ആദ്യ രൂപമായ വില്ലേജ് യൂണിയൻ രൂപീകരിക്കപ്പെട്ടത് ഈ പ്രദേശത്ത് ഒരു വില്ലേജ് യൂണിയൻ രൂപീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. പുതുപ്പള്ളി കൃഷ്ണപിള്ള (മുൻ തിരു-കൊച്ചി ചീഫ് ജസ്റ്റിസ്) ഉൾപ്പെടെയുള്ളവർ ഒപ്പിട്ട ഒരു നിവേദനം മഹാരാജാവിന് സമർപ്പിക്കുകയും, വില്ലേജ് യൂണിയൻ രൂപീകരിക്കാൻ അനുവദിച്ചുകൊണ്ട് മഹാരാജാവ് ഉത്തരവാകുകയാണുണ്ടായത്.

(വില്ലേജ് യൂണിയന്റെ ആദ്യത്തെ പേര് ഗോവിന്ദമുട്ടം വില്ലേജ് യൂണിയൻ എന്നായിരുന്നു. അഞ്ചു രൂപാ കരം തീരുവയുള്ളവർക്കു മാത്രമേ വോട്ടവകാശം ഉണ്ടായിരുന്നുള്ളു. പ്രയാർ ആർ. വി. എസ്. എം. ഹൈസ്കൂളിൽ വെച്ചായിരുന്നു വോട്ടെടുപ്പ്. 1945-ൽ നടന്ന ഈ തെരഞ്ഞെടുപ്പിലൂടെ ഡോ: വി. എൻ. ശങ്കർ പ്രസിഡന്റ്), പെഴാശേരി രാഘവൻ (വൈസ് പ്രസിഡന്റ്), ആനക്കുന്നേൽ രാമൻ ഡോക്ടർ, രാഘവൻവൈദ്യൻ, നടേശേരിൽ രാഘവൻ എന്നിവരടങ്ങിയ വില്ലേജ് യൂണിയൻ നിലവിൽ വന്നു.

1950-ൽ തിരുവിതാംകൂർ കൊച്ചി വില്ലേജ് പഞ്ചായത്ത് ആക്ട് പാസ്സാക്കുകയും 1953-ൽ ആദ്യത്തെ തെരഞ്ഞെടുപ്പ് നടക്കുകയും ചെയ്തു. നാടാലയിൽ നാരായണൻ വൈദ്യൻ, ചെറിയാൻ കുന്നയ്യത്ത്, ഭരതൻ പുളിയാണിക്കൽ, പനയഞ്ചേരിൽ കരുണാകരതണ്ടാർ, ആയിരത്ത് നീലകൺഠപിള്ള, പെരുമത്തംപള്ളിൽ പി. എ. രാഘവൻവൈദ്യൻ, കൊന്നക്കോട് വാസുദേവൻ, എ. കെ. കുറുപ്പ് എന്നിവർ അംഗങ്ങളായുള്ള പഞ്ചായത്ത് കമ്മിറ്റി നിലവിൽ വന്നു. ശ്രീ. നാടാലയിൽ നാരായണൻ വൈദ്യനായിരുന്നു പ്രസിഡന്റ് പുളിയാണിക്കൽ ഭരതന് സർക്കാർ സർവ്വീസിൽ ജോലി ലഭിച്ചതിനെ തുടർന്ന് മെമ്പർ സ്ഥാനം രാജിവെയ്ക്കുകയും ആ സ്ഥാന

ത്തേക്കു നടന്ന തെരഞ്ഞെടുപ്പിൽ ചാ്രപായിൽ ഹരിദാസൻ തെരഞ്ഞെടുക്കപ്പെട്ടു. പഞ്ചായത്ത് പ്രസിഡൻറായിരുന്ന നാടാലയിൽ നാരായണൻ വൈദ്യർക്ക് ഭൂരിപക്ഷം നഷ്ടപ്പെടുകയും ശ്രീ. എ. കെ കുറുപ്പ് പഞ്ചായത്ത് പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. അദ്ദേഹത്തിൻെറ കാലത്താണ് പഞ്ചായത്തിൻെറ പേര് ദേവികുളങ്ങര എന്നാക്കി മാററിയത്.

1960–ൽ കേരളത്തിലെ പഞ്ചായത്തുകളുടെ ഭരണത്തിന് ഒരു ഏകീകൃത നിയമമുണ്ടാവുകയും അതിൻെറ അടിസ്ഥാനത്തിൽ ഇന്നത്തെ അതിർത്തികളോടുകൂടിയ ദേവികുളങ്ങര പഞ്ചായത്ത് 1961–ൽ നിലവിൽ വരികയും ചെയ്തു. 1963–ൽ നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് അഡ്വ: കെ. ഗോപിനാഥൻ (പ്രസിഡൻറ്) N. ഗോപാലകൃഷ്ണൻ (വൈസ് പ്രസിഡൻറ്) കെ. എൻ. [illegible] തൈപ്പറമ്പിൽ, നിലയ്ക്കിലേത്ത് [illegible] [illegible] മുതലായ എന്നിവരടങ്ങിയ കമ്മററി നിലവിൽ വന്നു. ശ്രീമതി. ജെ. അമ്മ ടീച്ചറെ (കാട്ടിൽ) വനിതാ മെമ്പറായി സർക്കാർ നോമിനേററ് ചെയ്തു. ഈ കമ്മിററിയുടെ കാലത്താണ് ശ്രീ. ഗോപിനാഥൻ മുതലാളി സംഭാവന ചെയ്ത സ്ഥലത്ത് പഞ്ചായത്താഫീസ് കെട്ടിടം പണി കഴിപ്പിച്ചത്. 1968–ൽ കെട്ടിടംപണി പൂർത്തിയായി. ഈ കമ്മിററി തുടർച്ചയായി പതിനാറു വർഷം പഞ്ചായത്തിൻെറ ഭരണം നടത്തി.

അടുത്ത പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നത് 1979–ൽ ആണ്. അഡ്വ: കെ. ഗോപിനാഥൻ (പ്രസിഡൻറ്), കെ. കൃഷ്ണപിള്ള (വൈസ്. പ്രസിഡൻറ്), കെ. ഗോപിനാഥൻ, എൻ മാർഗ്ഗ്. ഗവൻ, പി. ആർ. എസ്. മേനോൻ, എസ്. ധനപാലൻ, അഡ്വ: പി. കെ. രാജു, വി. പ്രഭാകരൻ, രാധാ[illegible] എന്നിവരടങ്ങുന്ന പഞ്ചായത്ത് കമ്മിററി തെരഞ്ഞെടുപ്പിനെ തുടർന്ന് അധികാരത്തിൽ വന്നു.

1988 ൽ നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് വി. കെ. രാജഗോപാലൻ പ്രസിഡൻറും, എം. വി. ജേക്കബ്ബ് വൈസ് പ്രസിഡൻറും, എം. കെ. ദിവാകരൻ, പി. ഗോപാലൻ, കെ. കൃഷ്ണപിള്ള. കെ. പുരുഷോത്തമൻ, രാധാമണി സുദേവൻ, വി. പ്രഭാകരൻ, ഇ ശ്രീദേവി, പി. രാമകൃഷ്ണപിള്ള എന്നിവർ അംഗങ്ങളായുമുള്ള കമ്മിററി നിലവിൽ വന്നു.

1995 ഒക്ടോബറിൽ നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് രൂപംകൊണ്ട ഇപ്പോഴത്തെ ഗ്രാമ പഞ്ചായത്ത് കമ്മിററിയുടെ പ്രസിഡൻറ് ബി. സുരേഷും വൈസ് പ്രസിഡൻറ് കുമാരി. ശാന്ത ഗോപാലനുമാണ്. ബി. വിജയൻപിള്ള, ആർ. വസന്തകുമാരി, പി. ശ്രീനിവാസൻ, വി പ്രഭാകരൻ (സ്ററാൻറിംഗ് കമ്മിററി ചെയർമാൻ), പ്രസന്ന ജയചന്ദ്രൻ, വൽസല മോഹൻലാൽ, പി. യശോധരൻ, കെ വിജയൻ എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ട മററ് അംഗങ്ങൾ. സ്ററാൻറിംഗ് കമ്മിററി ചെയർമാൻ കൂടിയായ ശ്രീ. വി. പ്രഭാകരൻ 7-12-1996-ൽ അന്തരിച്ചു. (196[illegible] മുതൽ അന്തരിക്കുന്നതുവരെയുള്ള മുപ്പത്തിമൂന്നു വർഷക്കാലം പഞ്ചായത്ത് മെമ്പർ, സ്ററാൻറിംഗ് കമ്മിററി ചെയർമാൻ എന്നീ നിലകളിൽ പഞ്ചായത്തിൻെറ വികസനത്തിനുവേണ്ടി ശ്രീ. വി. പ്രഭാകരൻ ചെയ്ത സേവനങ്ങൾ എക്കാലവും സ്മരിക്കപ്പെടേണ്ടതാണ്.)

## സ്ഥലനാമം

നമ്മുടെ ഗ്രാമ പഞ്ചായത്തിൻെറ പേര് 'പുതുപ്പള്ളി വില്ലേജ് യൂണിയൻ' എന്നായിരുന്നു എന്ന് സൂചിപ്പിച്ചുവല്ലോ. ഇപ്പോഴും ഈ പ്രദേശം 'പുതുപ്പള്ളി വില്ലേജ്' ആണ്. 'പുതിയ പള്ളി' പുതുപ്പള്ളി ആയതാണെന്നാണ് സ്ഥലനാമത്തെ സംബന്ധിച്ച ഒരു വ്യാഖ്യാനം. മററാരു വാദഗതിയും നിലവിലുണ്ട് അത് ബുദ്ധമതവുമായി ബന്ധപ്പെട്ടതാണ്. ബുദ്ധമത

വിശ്വാസികൾ തങ്ങളുടെ 'വിഹാര'ങ്ങളെ പള്ളി എന്നാണ് വിളിച്ചിരുന്നത്. കൊല്ലം, ആലപ്പുഴ ജില്ലകളുടെ പല ഭാഗങ്ങളിലും ബുദ്ധവിഹാരങ്ങൾ ഉണ്ടായിരുന്നു എന്ന് സൂചിപ്പിക്കുന്ന ഏറെക്കുറെ വിശ്വസനീയമായ തെളിവുകൾ ലഭിച്ചിട്ടുണ്ട്. ഒരു പക്ഷെ, നമ്മുടെ പ്രദേശത്തിന് ബുദ്ധമതവുമായുള്ള ബന്ധത്തിൽ നിന്നായിരിക്കണം 'പുതുപ്പള്ളി' എന്ന സ്ഥലനാമത്തിന്റെ ഉൽഭവം. പഞ്ചായത്തിന്റെ ഇപ്പോഴത്തെ പേര് (ദേവികുളങ്ങര) ദേവികുളങ്ങര ക്ഷേത്രനാമവുമായി ബന്ധപ്പെട്ടിരിക്കുന്നു.

എ. ഡി. നാലാം നൂററാണ്ടിനു മുമ്പ് ഈ പ്രദേശം കണ്ടൽകാടുകൾ ആയിരിക്കാനാണ് സാധ്യത. എ. ഡി. നാലാം നൂററാണ്ടിനും എട്ടാം നൂററാണ്ടിനും ഇടയിലാണ് സംഘടിത കൃഷി വ്യാപിക്കുന്നത്. കണ്ടൽകാടുകൾ വെട്ടിമാററി രൂപപ്പെടുത്തിയതായിരിക്കണം ഇന്നത്തെ കൃഷിഭൂമികൾ. പഞ്ചായത്തിന്റെ പലഭാഗത്തും കുഴിച്ചപ്പോൾ കിട്ടിയ കാണ്ടാമരത്തിന്റെ അവശിഷ്ടങ്ങൾ ഈ വാദഗതിയെ സാധൂകരിക്കുന്നു.

## ദേശീയ പ്രസ്ഥാനം

മഹാത്മാഗാന്ധിയുടെ ആഹ്വാനം ചെവിക്കൊണ്ട് കോടതി ബഹിഷ്കരിച്ച് കോൺഗ്രസ് പ്രവർത്തകനായി മാറിയ കടവുക്കോട്ടിൽ ശ്രീ. ജി രാമൻ മേനോൻ ബി. എ. ബി. എൽ. ആണ് പുതുപ്പള്ളിയിൽ ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ വിത്തു പാകിയവരിൽ പ്രമുഖൻ. ഗാന്ധിജിയുടെ നിർദ്ദേശമനുസരിച്ച് തിരുവിതാംകൂറിൽ കോൺഗ്രസിന്റെ പ്രാദേശിക കമ്മിററികൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി 1922ൽ പുതുപ്പള്ളിയിൽ ഒരു യോഗം കൂടി (അരമനാട്ടു പുരയിടത്തിൽ വെച്ചായിരുന്നു ആ യോഗം.) ഇതായിരുന്നു പുതുപ്പള്ളിയിലെ ആദ്യത്തെ കോൺഗ്രസ് യോഗം. പ്രസ്തുത യോഗത്തിൽ ശ്രീ. ജി. രാമൻ മേനോൻ പ്രസിഡൻറും ശ്രീ. വി. ആർ. നാണു സെക്രട്ടറിയുമായി ഒരു പ്രാദേശിക കോൺഗ്രസ് കമ്മിററി രൂപീകരിച്ചു. ഖാദിപ്രചാരണം, സ്വദേശി പ്രചാരണം തുടങ്ങിയ പല തീരുമാനങ്ങളും ഈ യോഗം കൈക്കൊണ്ടു. തുടർന്നുള്ള പ്രവർത്തനങ്ങളുടെ ഫലമായി ഒരു ദേശീയ വിദ്യാലയം സ്ഥാപിക്കുകയും കൈത്തൊഴിൽ പരിശീലന പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുകയുമുണ്ടായി. ഈ ദേശീയ വിദ്യാലയത്തിൽ സംസ്കൃതം, മലയാളം, ഹിന്ദി, ഇംഗ്ലീഷ് ഭാഷകളും കണക്ക്, ചരിത്രം, ഭൂമിശാസ്ത്രം എന്നീ വിഷയങ്ങളും പഠിപ്പിച്ചിരുന്നു. ഖാദിയും കൈത്തറി വസ്ത്രങ്ങളും നിർമ്മിക്കുന്നതിന് കുഴിത്തറികളും ചർക്കയും ഉപയോഗപ്പെടുത്തി.

കോൺഗ്രസിന്റെ പ്രാദേശിക കമ്മിററി സെക്രട്ടറിയായിരുന്ന ശ്രീ. വി ആർ. നാണു ശ്രീ. ററി കെ. മാധവനോടൊപ്പം വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്തിട്ടുണ്ട്. 1114-ൽ നിയമലംഘനം നടത്തിയതിന് രണ്ടരവർഷം തടവും 500 രൂപ പിഴയും വിധിച്ചതിനാൽ അദ്ദേഹത്തിന് ജയിൽവാസവും അനുഭവിക്കേണ്ടിവന്നു. 1943-44-ൽ അദ്ദേഹം SNDP യോഗത്തിന്റെ (സംഘടനാ സെ:) ആക്ടിംഗ് ജന: സെക്രട്ടറിയായിരുന്നു.

വൈക്കം സത്യാഗ്രഹത്തിലും തിരുവാർപ്പ് സമരത്തിലും പുതുപ്പള്ളി നിവാസികളായ പലരും പങ്കെടുത്തിട്ടുണ്ട്. സ്റേററ് കോൺഗ്രസിന്റെയും, എസ്. എൻ. ഡി. പി. യോഗത്തിന്റെയും നേതൃതലത്തിൽ പ്രവർത്തിച്ച പലരും ഇന്നാട്ടുകാരാണ്. 1923-ൽ രാജരാജവർമ്മ ഗ്രന്ഥശാലയുടെ വാർഷികത്തിൽ സംബന്ധിച്ചുകൊണ്ട് മഹാകവി വള്ളത്തോൾ നടത്തിയ പ്രസംഗം ചരിത്ര പ്രസിദ്ധമാണ്.

ചരിത്ര പ്രസിദ്ധമായ അയിത്തോച്ചാടന സമ്മേളനങ്ങളായി വിശേഷിപ്പിക്കപ്പെട്ട രണ്ട് സമ്മേളനങ്ങൾ ഓച്ചിറയിലും കായംകുളത്തും നടന്നു. ഈ സമ്മേളനങ്ങളുമായി ബന്ധപ്പെട്ടവൻ പ്രചരണ പ്രവർത്തനങ്ങളാണ് പുതുപ്പള്ളിയിൽ നടന്നത്. തെക്കേ ആഞ്ഞിലിമൂട്ടിൽ നടന്ന മഹാസമ്മേളനത്തിൽ ററി. കെ. മാധവൻ, കെ. അയ്യപ്പൻ, എ. കെ. പിള്ള എന്നിവർ പ്രസംഗിച്ചു.

# സാമൂഹിക പരിഷ്കാരണ പ്രവർത്തനങ്ങൾ

[illegible] ഴിഞ്ഞു [illegible] കാഴിഞ്ഞ [illegible] (അന്താിച്ച സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വി. പ്രഭാകരന്റെ പിതാവ്) വിദ്യാഭ്യാസം ചെയ്യിക്കാനായി തന്റെ വീടിനടുത്തുള്ള പ്രൈമറി സ്കൂളിൽ അയച്ചു. (1895-ൽ ശങ്കര സുബ്ബയ്യൻ ദിവാന്റെ കാലത്ത്, അവർണ്ണർക്ക്, അവരാവശ്യപ്പെട്ടാൽ പ്രത്യേക പള്ളിക്കൂടങ്ങൾ അനുവദിച്ചുകൊടുക്കണമെന്നുള്ള തീരുമാനമനുസരിച്ച് ഒരു വാരണപ്പള്ളി കുടുംബാംഗത്തിന് ലഭിച്ച ഈ സ്കൂളാണ് ഇന്നത്തെ പുതുപ്പള്ളി വടക്ക് ഗവ: യു. പി. സ്കൂൾ.) സ്കൂളിൽനിന്ന് നാലാം ക്ലാസ് പാസ്സായ വെളുമ്പനെ അച്ഛൻ കുഞ്ഞൻ ഇംഗ്ലീഷ് പഠിക്കുന്നതിനായി കായംകുളം ഇംഗ്ലീഷ് സ്കൂളിൽ ചേർത്തു. [illegible] തമ്പുരാക്കൻമാരും അച്ഛൻമാരും ഏർപ്പെടുത്തിയ ചില ഗുണ്ടകൾ, സ്കൂളിലേക്ക് പോവുകയായിരുന്ന വെളുമ്പനെ പിടിച്ചുനിർത്തി ചാണകം കലക്കി തലവഴി അഭിഷേകം കഴിച്ചു. ഇതിൽ പ്രതിഷേധിക്കാൻ ശ്രീ. ബ്രഹ്മ വിദ്യാഭൂഷൺ പി. കെ. പണിക്കരുടെ നേതൃത്വത്തിൽ [illegible] സ്കൂളിൽ ഒരു പ്രതിഷേധയോഗം നടന്നു. യോഗത്തിൽ പങ്കെടുത്ത ശ്രീ ജി. രാമൻമേനോൻ ഈ സംഭവത്തെ ശക്തിയായ [illegible] അപലപിച്ചു സംസാരിച്ചു. സ്കൂൾ ഫൈനൽ പാസായ ശ്രീ. വെളുമ്പനാണ് പിൽക്കാലത്ത്, അഖില തിരുവിതാംകൂർ [illegible] മഹാജന സഭ സ്ഥാപിച്ചത്. സംഘടനയുടെ ആദ്യത്തെ സെക്രട്ടറിയും അദ്ദേഹമായിരുന്നു. ശ്രീമൂലം പ്രജാസഭയിലും ശ്രീ. വെളുമ്പൻ അംഗമായി. പട്ടികജാതി വിഭാഗത്തിൽ നിന്ന് ശ്രീമൂലം പ്രജാസഭയിൽ അംഗമാകുന്ന രണ്ടാമത്തെ വ്യക്തിയായിരുന്നു ശ്രീ കുഞ്ഞൻ വെളുമ്പൻ. ഒന്നാമൻ ശ്രീ. അയ്യൻകാളി.

വൈക്കം സത്യാഗ്രഹം നടക്കുന്ന കാലത്ത് 'വൈക്കം സത്യാഗ്രഹ സമിതി' എന്ന ഒരു സംഘം പുതുപ്പള്ളിയിൽ കോൺഗ്രസ് പ്രവർത്തകരുടെ [illegible] രാമൻ മേനോൻ (പ്രസിഡന്റ്), വേമ്പനാട്ടു ഗോവിന്ദൻ എന്നിവരടങ്ങുന്ന സംഘം വൈക്കം സത്യാഗ്രഹത്തിന്റെ പ്രസക്തി വെളിവാക്കുന്ന ലഘുലേഖകൾ അച്ചടിപ്പിച്ച് വിതരണം നടത്തിയും പിടിയരിയും പണവും പിരിച്ച് അയച്ചുകൊടുത്തും അയിത്തോച്ചാടന പ്രവർത്തനങ്ങളിൽ ഗണ്യമായ സംഭാവന നൽകി.

1114-ലെ നിയമലംഘന പ്രക്ഷോഭത്തിന്റെ ഭാഗമായി പുതുപ്പ[illegible]യിൽ നടന്ന ഒരു പ്രചാരണ യോഗവും പ്രത്യേക പരാമർശമർഹിക്കുന്നു. യോഗം നടത്താൻ പോലീസ് അനുമതി നിഷേധിച്ചു. കോൺഗ്രസ് പ്രവർത്തകർ പോലീസിനെ കബളിപ്പിച്ച് കായംകുളം കായലിൽ (റ്റി. എം. [illegible] വടക്കുവശം) വള്ളങ്ങൾ നിർത്തി ഒരു പ്ലാറ്റ്ഫോം സൃഷ്ടിച്ചു. സർവ്വശ്രീ. കരിയിൽ ഇ. വി. കൃഷ്ണൻ, വെളളിശേരി ദാമോദരൻ, കാക്കനാട്ട് പുരുഷോത്തമൻ എന്നിവർ നിയമലംഘന പ്രസംഗങ്ങൾ നടത്തി.

1930 ജനുവരി 26 'പൂർണ്ണ സ്വാതന്ത്ര്യദിന'മായി കോൺഗ്രസ് പ്രഖ്യാപിച്ചു. അന്നേ ദിവസം വേമ്പനാട്ടു പുരയിടത്തിലുള്ള ദേശീയ വിദ്യാലയാങ്കണത്തിൽ വിതാനങ്ങൾ നടത്തി, കൊടിമരം നാട്ടുകയും ശ്രീ. ജി. രാമൻമേനോൻ സ്വരാജ്യ പതാക ഉയർത്തുകയും ചെയ്തു. തുടർന്ന് [illegible] ചേർന്ന് സ്വാതന്ത്ര്യ പ്രതിജ്ഞയെടുത്തു.

ജാതിവ്യത്യാസത്തിന് അറുതിവരുത്തുക എന്ന ലക്ഷ്യത്തോടെ ശ്രീ കെ. അയ്യപ്പൻ സ്ഥാപിച്ച 'സഹോദര സംഘ'ത്തിന്റെ പ്രഥമയോഗം 'ചെറായി' എന്ന സ്ഥലത്തു നടന്നതിനെ തുടർന്ന് പുതുപ്പള്ളിയിലും ശ്രീ. ബ്രഹ്മ വിദ്യാഭൂഷൺ പി. കെ. പണിക്കരുടെ നേതൃത്വത്തിൽ ഒരു 'സഹോദരസംഘം' സ്ഥാപിക്കപ്പെട്ടു. സംഘത്തിന്റെ ആഭിമുഖ്യത്തിൽ മഹാകവി കുമാരനാശാൻ, വാഗ്ഭടാനന്ദൻ, രാരിച്ചൻമൂപ്പൻ എന്നിങ്ങനെ പലരേയും ക്ഷണിച്ചുവരുത്തി സമ്മേളനങ്ങൾ നടത്തിയിരുന്നു. വെറു പ്രസംഗത്തിൽ മാത്രം ഒതുങ്ങിനിന്നില്ല ശ്രീ. പി. കെ. പണിക്കർ

രണ്ടു പുലയ ബാലൻമാരെ വീട്ടിൽകൂടെ താമസിപ്പിച്ച് പഠിപ്പിക്കാൻ അദ്ദേഹം തയ്യാറായി. അതിൽ ഒരാളാണ് പിൽക്കാലത്ത് തിരുവിതാംകൂർ ഡെപ്യൂട്ടിസ്പീക്കർ ആയ ശ്രീ ടി. ടി. കേശവ ശാസ്ത്രി

പുതുപ്പള്ളിയിലെ 'സഹോദരസംഘ'ത്തിന്റെ നേതൃത്വത്തിൽ ഒരു മിശ്രഭോജനവും സംഘടിപ്പിക്കുകയുണ്ടായി. അത് നടന്നത് ഇന്നത്തെ പുതുപ്പള്ളി നോർത്ത് ഗവ യു പി സ്കൂളിൽ വെച്ചായിരുന്നു. ശ്രീ. പുതുപ്പള്ളി രാഘവനും ഈ മിശ്രഭോജനത്തിൽ പങ്കെടുത്തിരുന്നു.

പാണർ മഹാജനസഭ രൂപീകരിക്കുന്നതിന് നേതൃത്വം നൽകിയ യശഃശരീരനായ സാധുമന്ദിരത്തിൽ ശ്രീ. നാണു പാണർ സമുദായത്തെ പ്രതിനിധീകരിച്ച് ശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്നു. തിരു-കൊച്ചി ചീഫ്ജസ്റ്റിസായിരുന്ന ശ്രീ പുതുപ്പള്ളി കൃഷ്ണപിള്ള, അനുഗ്രഹീതനടനായിരുന്ന ശ്രീ. കുട്ടീശ്വരൻ ഭാഗവതർ; മിശ്രവിവാഹത്തിലൂടെ യഥാസ്ഥിതികരെ ഞെട്ടിച്ച പണ്ഡിതനും നാടകകൃത്തുമായ സ്വാമി ബ്രഹ്മവ്രതൻ എന്നിവർ നമ്മുടെ പഞ്ചായത്ത് സ്വദേശികളാണ്.

1948-49 കാലത്തു തന്നെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം പുതുപ്പള്ളിയിൽ സംഘടനാ പ്രവർത്തനം ആരംഭിച്ചു. ശ്രീ. രാജശേഖരൻതമ്പി സെക്രട്ടറിയായി പ്രവർത്തിച്ച കായംകുളം ഡിവിഷൻ കമ്മിറ്റി തീരുമാനപ്രകാരം രൂപീകരിച്ച ലോക്കൽ ഓർഗനൈസിംഗ് കമ്മിറ്റി അംഗങ്ങളായിരുന്ന ശ്രീ. എ. വി. ദാമോദരൻ, മാധവപണിക്കർ, സി. എൻ. സോമൻ എന്നിവർ ആയിരുന്നു പുതുപ്പള്ളിയിലെ സംഘാടകർ. തുടർന്ന് 1950-ൽ നടന്ന ലോക്കൽ കോൺഫ്രൻസിൽ എ വി ദാമോദരൻ, 1952-ൽ സി. എൻ. സോമൻ, 1957-ൽ പി. എ. രാഘവൻവൈദ്യർ എന്നിവർ സെക്രട്ടറിമാരായി ലോക്കൽ കമ്മിറ്റികൾ രൂപംകൊണ്ടു.

സ്വാതന്ത്ര്യസമരസേനാനി, തിരുവിതാംകൂറിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ ത്യാഗോജ്ജ്വലമായ പങ്കുവഹിച്ച വിപ്ലവകാരി, പത്രപ്രവർത്തകൻ, എഴുത്തുകാരൻ എന്നിങ്ങനെ പലതുമായ ശ്രീ. പുതുപ്പള്ളി രാഘവൻ ഇന്നും നമ്മോടൊപ്പമുണ്ട്. ശ്രീ. പുതുപ്പള്ളിയുടെ സാന്നിദ്ധ്യം ഈ പ്രദേശത്തിന്റെ സമ്പന്നമായ സാമൂഹിക-സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് നമ്മെ സദാ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ 'വിപ്ലവ സ്മരണകളി'ൽ ആതെല്ലാം രേഖപ്പെടുത്തിയിട്ടുമുണ്ട്.

# ഭൂപ്രകൃതി
# ജനപ്രകൃതി
# ജലപ്രകൃതി

ആലപ്പുഴ ജില്ലയുടെ തെക്കേഅററത്ത് പടിഞ്ഞാറുഭാഗത്തായിട്ടാണ് ദേവികുളങ്ങര ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. കായംകുളം കായലിനുകിഴക്കും, ഓച്ചിറ കായംകുളം പ്രദേശങ്ങളുടെ പടിഞ്ഞാറുമായി തഴച്ചുവളരുന്ന കേരതരുനിരകൾ നിറഞ്ഞ പുരയിടങ്ങളും രണ്ടുമൂന്നു തവണ കൃഷിയിറക്കുന്ന നെൽപാടങ്ങളും. മൊത്തമായി പ്രകൃതിദേവി അനുഗ്രഹിച്ച ഭൂമിയായിരുന്നു നമ്മുടെ പഞ്ചായത്ത് കൂടാതെ കണ്ടല്ലൂർ പഞ്ചായത്തിന്റെ കിഴക്കററം ഒരു നിര വീടുകൾ നമ്മുടെ പഞ്ചായത്തിന്റെ ഭാഗമാണ്. ആയിരംതെങ്ങിനു സമീപം ടി. എം. ചിറ, മഞ്ഞാടിച്ചിറ, കുമ്പോലിച്ചിറ എന്നറിയപ്പെടുന്ന ടി. എം. തുരുത്ത് നമ്മുടെ പഞ്ചായത്തിലെ ഒന്നാം വാർഡിൽ ഉൾപ്പെട്ട സ്ഥലങ്ങളാണ് ഈ പ്രദേശം പണ്ട് മുൻമന്ത്രി ടി. എം. വർഗ്ഗീസിന് പതിച്ചുകിട്ടിയ സ്ഥലമായതിനാലാണ് ഈ പേരു വന്നത് പ്രസ്തുത പ്രദേശത്ത് ഇന്നും വൈദ്യുതിയും കുടിവെള്ളവും അന്യമാണ്. അയൽക്കാർക്ക് കുശലാന്വേഷണം നടത്തണമെങ്കിൽ പോലും വഞ്ചിയെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

വടക്കു കൊച്ചുമുറി, ഗോവിന്ദമുട്ടം പുതുപ്പള്ളി വടക്ക്-തെക്ക്, തെക്കേകൊച്ചുമുറി, പ്രയാർ വടക്ക്, അഴീക്കൽ തുരുത്ത് തുടങ്ങിയവ ഉൾപ്പെട്ടിരുന്നു. പുതുപ്പള്ളി വില്ലേജിൽ അതിൽ തെക്കു കൊച്ചുമുറി കൃഷ്ണപുരം വില്ലേജിലേക്കും, അഴീക്കൽ തുരുത്തുമുറി കൊല്ലം ജില്ലയിലെ പൊരിനാട് വില്ലേജിലേക്കും കൂട്ടിച്ചേർത്തു.

നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറുവശം കായംകുളം കായലും കണ്ടല്ലൂർ പഞ്ചായത്തുമാണ്. വടക്കുവശം കായംകുളം കായലും കായംകുളം മുൻസിപ്പാലിററിയുമാണ്. കിഴക്കുവശം കായംകുളം മുൻസിപ്പാലിററിയുടെ ഭാഗവും തഴത്തോടും, തെക്കുവശം ഓച്ചിറ, ക്ലാപ്പന ആലപ്പാട്, എന്നീ പഞ്ചായത്തുകളുമാണ്. നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ അതിർത്തി പ്രദേശങ്ങൾ ആലപ്പാടു പഞ്ചായത്തുമായി വേർതിരിക്കുന്ന അതിർത്തിക്ക് 600 മീററും ക്ലാപ്പനയുമായി തിരിയുന്ന അതിർത്തിക്കു 2½ കിലോമീററും, ഓച്ചിറ

യുമായി $2\frac{1}{2}$ കിലോമീററും കൃഷ്ണപുരം അതിർത്തിക്ക് 2 കിലോമീററും കായംകുളം മുൻസിപ്പാലിററിക്ക് $4\frac{1}{2}$ കിലോമീററർ നീളവുമുണ്ട് നമ്മുടെ പഞ്ചായത്തിൻെറ വടക്കും പടിഞ്ഞാറും $7\frac{1}{2}$ കിലോമീററർ നീളത്തിൽ കായംകുളം കായൽ സ്ഥിതിചെയ്യുന്നു. അര നൂററാണ്ടിനുമുൻപ് കായംകുളം കായലിൽ മത്സ്യവും കക്കയും സമൃദ്ധിയായി ലഭിച്ചിരുന്നു. എന്നാൽ ഇന്ന് ജലമലിനീകരണത്തിൻെറ ഫലമായി അവയുടെ ഉത്പാദനത്തിൽ സാരമായ കുറവുകൾ വന്നിട്ടുണ്ട്.

സമുദ്രനിരപ്പിൽ നിന്നും 1 മുതൽ 4 മീററർ ഉയര ത്തിൽആണ് പഞ്ചായത്തുസ്ഥിതി ചെയ്യുന്നത്

ഭൂപ്രകൃതി അനുസരിച്ച് നമ്മുടെ പഞ്ചാത്ത് മൂന്ന് വ്യത്യസ്ത സ്വഭാവമുള്ള പ്രദേശങ്ങളായി തിരിക്കാം. പുരയിടം, നെൽപാടം, കായൽപ്രദേശം. പുരയിടപ്രദേശങ്ങളിൽ മുഖ്യമായും തെങ്ങാണ് കൃഷിചെയ്യുന്നത് ഇടവിള കൃഷി നാൾക്കുനാൾ കുറഞ്ഞുവരികയാണ്.

നമുക്കുണ്ടായിരുന്ന പാടങ്ങൾ നികത്തുകയും വീടുകൾ വെയ്ക്കുകയും ചെയ്യുന്നതിൻെറ ഫലമായി നാൾക്കുനാൾ നെൽകൃഷിയും കുറഞ്ഞു വരുന്നു. മാത്രമല്ല നേരത്തേ ഉണ്ടായിരുന്ന നീർചാലുകൾ പലതും തടയപ്പെടുകയും ഭൂമിശാസ്ത്രപരമായ സന്തുലിതാവസ്ഥക്ക് കോട്ടം തട്ടുകയും ചെയ്തിട്ടുണ്ട്. കായൽ പ്രദേശം ഇന്ന് അനധികൃതമായികൈയ്യേറി നികത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ കായലിൻെറ വിസ്തീർണ്ണവും അടിയ്ക്കടി കുറഞ്ഞുകൊണ്ടിരക്കുകയാണ്.

വർഷത്തിൽ രണ്ടുതവണ വെള്ളപ്പൊക്കത്തിൻെറ കെടുതികൾ അനുഭവിക്കുന്ന ഒരു ജനസമൂഹമാണിവിടെ ഉള്ളത് കായംകുളം പൊഴി പ്രകൃതി ദത്തമായി അടയുകയും മഴ ശക്തിയായി ലഭിക്കുന്ന ജലവും കിഴക്കൻ പ്രദേശങ്ങളിൽ നിന്നും ഒഴുകി വരുന്ന ജല വെള്ളവും നമ്മുടെ പ്രദേശത്തെ വെള്ളക്കെടുതിയിലാക്കിമാററുന്നു. ഇതിൻെറ രൂക്ഷത കൂടുതലുള്ളത് തീരപ്രദേശമാണ്. മനുഷ്യാധ്വാനത്തിൻെറ ഫലമായി പലപ്പോഴും പൊഴി വെട്ടിത്തുറന്ന് ജലം ഒഴുകുന്നതോടെ കെടുതിയിൽനിന്നും ചെറിയ മോചനം നേടുന്നു. ഏപ്രിൽ, മെയ് മാസങ്ങളിൽ ഉണ്ടാകുന്ന വരൾച്ച കിണറുകളിലെ ജലം വററിപ്പോകുന്നതിനും ഉള്ളജലം ഓരു ജലമായി ഉപയോഗ്യമല്ലാതായിത്തീരുകയും ചെയ്യുന്നു. കൃഷിക്ക് ജലം ലഭിക്കുന്നതിന് കനാൽപദ്ധതികൾ ഒന്നുംതന്നെ നമ്മുടെ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ കാലാവസ്ഥയെ ആശ്രയിച്ച് മാത്രമേ കൃഷി ചെയ്യുവാൻ കഴിയൂ എന്ന സ്ഥിതിയിലായിരിക്കുകയാണ്.

## ജനപ്രകൃതി

1991 ലെ സെൻസസ് പ്രകാരം ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 20145 ആണ്. ഇതിൽ 9666 പുരുഷൻമാരും 10479 സ്ത്രീകളുമാണുള്ളത്. പുരുഷൻമാരെ അപേക്ഷിച്ച് 813 സ്ത്രീകൾ കൂടുതലാണുള്ളത്. ആകെ വീടുകൾ 4161 ആയിരുന്നു. അതായത് ശരാശരി വീട് ഒന്നിന് 4.84 ആളുകൾ വീതം താമസമുണ്ട്. ജന സാന്ദ്രത ച. കി. 3000 പേരുണ്ട്. 6 വയസിനു താഴെയുള്ള കുട്ടികളുടെ എണ്ണം 2293 ആണ്. 1147 ആൺ കുട്ടികളും 1146 പെൺകുട്ടികളുമുണ്ട് ആകെ പട്ടിക ജാതിക്കാർ 2261. പുരുഷൻമാർ 1133 ഉം 1128 സ്ത്രീകളുമാണ്. ഇതിൽ പട്ടികജാതിയിൽ പെട്ടവർ 10 പേർ മാത്രമാണ്. പുരുഷൻമാർ 4, സ്ത്രീകൾ 6 എന്നിങ്ങനെയാണ്. ആകെ ഇനങ്ങളിൽ 16926 പേർ സാക്ഷരരാണ്. പുരുഷൻമാർ 8290 പേരും സ്ത്രീകൾ 8636 പേരുമാണ്.

കാൽനൂററാണ്ടിനു മുമ്പ് കായംകുളത്ത് എം. എസ്. എം. കോളേജ് സ്ഥാപിച്ചതോടെ നമ്മുടെ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് വളരെ ചിലവുകുറഞ്ഞരീതിയിൽ ഉന്നതവിദ്യാഭ്യാസം ലഭിക്കുന്നതിന് അവസരം ലഭിച്ചു. മേൽപറഞ്ഞ അനുകൂലസാഹചര്യം നിമിത്തം ഒട്ടേറെ പേർക്ക കലാശാലാവിദ്യാഭ്യാസം നേടി അഭ്യസ്ഥവിദ്യരുടെ എണ്ണം വർദ്ധിച്ചെങ്കിലും അതനുസരിച്ച് ഗുണനിലവാരം ഉയർത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഈ സ്ഥിതിവിശേഷം നമ്മുടെ കൂട്ടായ യത്നത്തിലൂടെ മാററിയെടുക്കേണ്ടതായിട്ടുണ്ട്.

അഭ്യസ്ഥവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മയാണ് നമ്മുടെ പഞ്ചായത്തിലെ യുവതീ യുവാക്കൾ അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നം. അയൽസംസ്ഥാനങ്ങളേയും വിദേശരാജ്യങ്ങളേയും ആശ്രയിച്ചാണ് ഒരു പരിധിവരെ ഈ പ്രശ്നത്തിനു പരിഹാരം തേടുന്നത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ വ്യാപനവും ചെറുകിട ഇടത്തരം വ്യവസായങ്ങളും സ്ഥാപിച്ചെടുത്ത് പ്രസ്തുത സാമൂഹ്യ പ്രശ്നത്തിന് തെല്ലൊരു ആശ്വാസം നല്കാം

നമ്മുടെ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ആളുകളും ഇടത്തരം പരിമിത കൃഷിക്കാരും കർഷകതൊഴിലാളി വർഗ്ഗവുമാണ് പ്രധാന കൃഷി തെങ്ങും, നെൽകൃഷിയുമായിരുന്നു. തേങ്ങയുടെ വിലക്കുറവും തെങ്ങിനുണ്ടാകുന്ന മാരകരോഗങ്ങളും കാരണം നാളികേര ഉത്പാദനവും വരുമാനവും ഗണ്യമായി കുറയുവാനിടയായി. നെൽപാടങ്ങൾ നികത്തിയതിന്റെ ഫലമായി അവശേഷിച്ച നിലങ്ങളിലെ നീരൊഴുക്ക് തടയപ്പെടുകയും കൂടുതൽ നിലങ്ങൾ ഓരോ നിലങ്ങളായി മാറാനുമിടയായി. നെൽകൃഷിചെലവ് ക്രമാതീതമായി വർദ്ധിച്ചു നെൽകൃഷിയും തെങ്ങുകൃഷിയും നഷ്ടത്തിലായി. കർഷകർക്ക് കൃഷിരംഗത്തോട് തീരെ താല്പര്യമില്ലാതായി.

മതേതരത്വത്തിനെതിരായി ശക്തമായ ഭീഷണികൾ ദേശീയരംഗത്ത് ഉയർന്നപ്പോഴും നമ്മുടെ പഞ്ചായത്തിലെ വിവിധ മതവിശ്വാസികൾ ഏകോദര സഹോദരൻമാരെപ്പോലെ ജീവിച്ചു വന്നിട്ടുള്ളത്. ഒരു പക്ഷേ രാജ്യത്തിനാകെ മാതൃകയാണ്. പുതുപ്പള്ളി വടക്കേ ആഞ്ഞിലിമൂട്ടിൽ കാണുന്ന ഹിന്ദു-മസ്ളീം-ക്രൈസ്തവ ആരാധനാലയങ്ങളും അവ നടത്തുന്ന വിവിധ പരിപാടികളിലും ജനങ്ങൾ പരസ്പരം സഹകരിക്കുകയും സഹായിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളത് സ്മരണീയമാണ്,

## ജലപ്രകൃതി

'' വെള്ളം വെള്ളം സർവ്വത്ര തുള്ളി കുടിപ്പാനില്ലത്രേ '' എന്ന് പണ്ട് ഒരു ആംഗലേയ കവി പാടിയിട്ടുണ്ട്. അതുപോലെയാണ് നമ്മുടെ നാടിന്റെ സ്ഥിതി. കാരണം മൂന്നു വശവും ഓരുവെള്ളമോ ഉപ്പു വെള്ളമോ കൊണ്ട് വേർതിരിക്കപ്പെട്ട ഭൂമിശാസ്ത്രപരമായ പ്രത്യേകതയാണിവിടെയുള്ളത്. ഉയർന്ന നിരപ്പായ സ്ഥലങ്ങളും ഇടയ്ക്കിടയ്ക്ക് രണ്ടും മൂന്നും കൃഷികൾ ചെയ്യാവുന്ന പാടങ്ങളുമുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ വടക്കും പടിഞ്ഞാറും ഭാഗങ്ങളിലായി ഏഴര കിലോമീററർ നീളത്തിൽ കായൽപരപ്പാണ്.

നമ്മുടെ പഞ്ചായത്തിന്റെ വടക്കുകിഴക്കമൂലയിൽഎത്തിച്ചേരുന്ന കൃഷ്ണപുരം തോട്ടം മുതലക്കുഴി തോട്ടം കായംകുളം കായലുമായി ഒത്തുചേരുന്നു. പ്രയാർ ഭാഗത്തുനിന്നും തഴത്തോടിൽനിന്നും വയൽ മാർഗ്ഗം എത്തിച്ചേരുന്ന ജലം മാരാൻ തോടുവഴി കായംകുളം കായലിൽ പതിക്കുന്നു. മാത്തിൽ മഞ്ചളം വയലുകളിൽ

നിന്നും മാരാൻതോടുവഴി ജലം കായംകുളംകായലിൽ എത്തിച്ചേരുന്നു. മറ്റത്തിൽ ഒച്ചാൽ വയലുകളിലെ ജലം പടിഞ്ഞാറോട്ട് വേമ്പനാട്ടു തോടുവഴി കായംകുളം കായലിലേക്കൊഴുകുന്നു

ഏതാണ്ട് 16 വർഷങ്ങൾക്കുമുൻപ് നമ്മുടെനാട്ടിലുണ്ടായ കൊടും വരൾച്ച നിമിത്തം വയലുകൾ നികത്തി തെങ്ങു വെച്ചതിൻെറ ഫലമായി സ്ഥിരമായ ജലമൊഴുക്ക് തടസപ്പെട്ടു അങ്ങനെ നമ്മുടെ പഞ്ചായത്തിൻെറ ജലപ്രകൃതിയിൽ സാരമായ മാററം ഉണ്ടായി. ഇന്നു നമ്മുടെ പഞ്ചായത്തിൻെറ എഴുപത്തു ശതമാനം ഭൂപ്രദേശങ്ങളിലും കിണറുകളിലേയും കുളങ്ങളിലേയുംജലം ഒരു ജലമായി മാറി. പ്രകൃതി ദത്തമായിനമുക്ക് ലഭിച്ചിരുന്നസന്തുലിതാവസ്ഥ തകിടം മറിഞ്ഞു നമ്മുടെ പഞ്ചായത്തിൻെറ ഒരു സമഗ്രമായ ജലപരിചരണപദ്ധതി ആവിഷ്ക്കരിക്കേണ്ടതിൻെറ അനിവാര്യതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു.

ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട്

1996



# കൃഷിയും ജലസേചനവും

"ദേവികുളങ്ങര" പേരുകൊണ്ടുപോലും അനുഗൃഹീതമായ ഗ്രാമം പ്രകൃതിസമ്പത്തുകൊണ്ടും ഒട്ടും പിന്നിലല്ലായിരുന്നു. ആലപ്പുഴജില്ലയുടെ തെക്കേ അററത്ത് ദക്ഷിണകാശി എന്നറിയപ്പെടുന്ന ഓച്ചിറ ക്ഷേത്രത്തിനു പടിഞ്ഞാറുമാറി പ്രയാർ മുതൽ വടക്ക് കോട്ടക്കടവ് വരെയും കിഴക്ക് കൊച്ചുമുറി മുതൽ പടിഞ്ഞാറ് ടി. എം. ചിറ എന്നറിയപ്പെടുന്ന ഒരു കൊച്ചു ദ്വീപും ഉൾപ്പെടുന്ന ഏകദേശം 1187 ഹെക്ടർ സ്ഥലത്തു മാത്രം ഒതുങ്ങിക്കിടക്കുന്ന ഈ കൊച്ചു ഗ്രാമം. ചരിത്ര സാംസ്ക്കാരിക പശ്ചാത്തലം വെച്ചു നോക്കുമ്പോൾ അല്പം കൂടി ഉയർന്ന ഒരു സ്ഥാനം നമ്മുടെ ഈ ഗ്രാമത്തിനുണ്ട് എന്നത് അഭിമാനാർഹമാണ്. സാക്ഷരതയുടെ കാര്യത്തിൽ ആകട്ടെ 100 ശതമാനം നേട്ടവും കൈവരിക്കുകയുണ്ടായി.

കായലിനോടു ചേർന്നു കിടക്കുന്ന ഒരു തീരസമതല പ്രദേശമാണിത്. മണൽ മണ്ണാണ് പഞ്ചായത്തിൻെറ മിക്ക പ്രദേശത്തും കാണുന്നത് താഴ്ന്ന പ്രദേശത്താവട്ടെ എക്കലും ചെളിയും ചേർന്ന മണൽ മണ്ണ് ആണുള്ളത്. അമ്ളാംശം കൂടിയിട്ടുള്ളതായി ( P H 5 മുതൽ 4.5 വരെ) അടുത്തകാലത്തുള്ള മണ്ണു പരിശോധനാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

7.5 K. M. നീളം വരുന്ന കായൽതീരം ഈ പഞ്ചായത്തിൻെറ മറെറാരു പ്രത്യേകതയാണ്. ഇവിടെ 4.5 സ്ക്വയർ കി. മീ. വരുന്ന മൽസ്യ ബന്ധന മേഖലയുമുണ്ട്. പ്രകൃതിദത്തമായിരുന്ന നീരൊഴുക്കുതോടുകൾ നിരവധി ആണ്. പഞ്ചായത്തിൻെറ കിഴക്കതിർത്തി തന്നെ വർഷം മുഴുവൻ ജലലഭ്യതയുള്ള കൃഷ്ണപുരം തോടാണ്. ഏകദേശം 5 കി. മീ. ഓളം വരും ഇതിൻെറ ഈ പഞ്ചായത്തതൃത്തിയിലുള്ള നീളം. നീരൊഴുക്കുതോടുകളിൽ പ്രധാനമായവ തഴതോട്, മാരാൻതോട് (1.25 കി.മീ) വെളുത്തേരിതോട്, വേമ്പനാട്ടുതോട്, (500മീ) എന്നിവയാണ്. ഇത് കൂടാതെ പാടശേഖരങ്ങളെ ബന്ധിപ്പിക്കുന്ന മററു പല പല തോടുകളും ഉൾപ്പെടും. നീരവധി കുളങ്ങളും ചാലുകളും ഇവയ്ക്കു പുറമേയുണ്ട്. എല്ലാ തോടുകളും നീർചാലുകളും കായലുമായി ബന്ധിക്കുന്നു.

പട്ടിക—1

# ഗ്രാമസഭാ വിവരങ്ങൾ

| വാർഡ് നമ്പർ | ഗ്രാമസഭ കൂടിയസ്ഥലം | തീയതി | സമയം | പങ്കെടുത്തവരുടെ എണ്ണം | | |
|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ |
| 1 | [illegible]ടാശ്ശേരിൽ, പ്രയാർ വടക്ക് | 2—10—96 | | 145 | 75 | 220 |
| 2 | K. N. M. U. P. G. സ്ക്കൂൾ പ്രയാർ വടക്ക് | 29—9—96 | | 88 | 28 | 116 |
| 3 | R. V. S. M. ഹൈസ്ക്കൂൾ പ്രയാർ | 8—10—96 | | 71 | 63 | 134 |
| 4 | C. M. S. L. P. സ്ക്കൂൾ പുതുപ്പള്ളി | 22—9—96 | | 97 | 33 | 130 |
| 5 | ഗവ: L. P. സ്ക്കൂൾ പുതു: തെ: | 22—9—96 | | 112 | 75 | 187 |
| 6 | ആയിരിശ്ശേരിൽ പുതു: വടക്ക് | 2—10—96 | | 127 | 161 | 288 |
| 7 | ഗവ: U P സ്ക്കൂൾ പുതു: വടക്ക് | 22—9—96 | | 45 | 103 | 148 |
| 8 | മണ്ണുപടീററതിൽ ഗോവിന്ദമുട്ടം | 22—9—96 | | 82 | 107 | 189 |
| 9 | 249-ാം നമ്പർ S N D P ശാഖാ മൈതാനം, ഗോവിന്ദമുട്ടം | 26—10—96 | | 126 | 61 | 187 |
| 10 | ചൂളൂർ U P സ്ക്കൂൾ പുതുപ്പള്ളി | 29—9—96 | | 122 | 172 | 294 |
| | | | ആകെ | 1015 | 878 | 1893 |

തികച്ചും ഒരു കാർഷിക ഗ്രാമമാണ് ദേവികുളങ്ങര. തെങ്ങും, നെല്ലുമാണ് മുഖ്യ കാർഷിക വിളകൾ. പാടശേഖരങ്ങളിൽ നെല്ല്, നെല്ല്, എള്ള് (പയർ) എന്നതാണ് കൃഷിരീതി 610 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്തു വരുന്നു. 280 ഹെക്: സ്ഥലത്ത് നെല്ല് കൃഷി ചെയ്തിരുന്നു. എങ്കിലും ഇപ്പോൾ വെറും 80 ഹെക്: സ്ഥലത്തുമാത്രമാണ് സ്ഥിരമായി നെൽകൃഷി നടത്തുന്നത്. 220 ഹെക്: ഓളം തരിശിട്ടിരിക്കുന്നു. ഇടവികളായി മാവ്, പ്ളാവ്, കശുമാവ്, വാഴ, കുരുമുളക് എന്നിവയും കൃഷി ചെയ്യുന്നു. കപ്പ, കാച്ചിൽ, ചേമ്പ്, മുതലായ കിഴങ്ങുവർഗ്ഗങ്ങൾ കൃഷിചെയ്തിരുന്നു എങ്കിലും ഇന്നിത് നാമമാത്രമായിരിക്കുകയാണ്. എലിയാണ് മുഖ്യ ശത്രു.

കയർപിരിച്ച് ഉപജീവനം നടത്തുന്നവർ ഏകദേശം 30 ശതമാനത്തോളം വരും. മൽസ്യബന്ധനവും മറ്റൊരു ഉപജീവന മാർഗ്ഗമായി സ്വീകരിച്ചുവരുന്നവരുമുണ്ട്. ആടുമാടുകളെ വളർത്തി ഉപജീവനം കഴിക്കുന്നവരും തീരെ കുറവല്ല.

വ്യാവസായിക അടിസ്ഥാനത്തിൽ ചെമ്മീൻ കൃഷി ചെയ്യുന്ന പല ആളുകൾ ഇവിടെ ഉണ്ട്.

പ്രകൃതി സമ്പത്തുകൊണ്ട് അനുഗ്രഹീതമായിരുന്നു എങ്കിലും പഞ്ചായത്തിന്റെ ഇപ്പോഴത്തെ സ്ഥിതി അതല്ല. മുൻ കാലങ്ങളിൽ വിത്തു വിതച്ച് പറിച്ചുനട്ടാൽ മാത്രം ഏററവും നല്ല വിളവും ലഭിച്ചിരുന്ന മുണ്ടകൻ ഒരുമുണ്ടകൻ നിലങ്ങളായ മടവനാട്ടുചാൽ, മുതലക്കുഴിച്ചാൽ, പ്രയാർ മുണ്ടകപ്പാടം, മഞ്ചളത്തുവയൽ, എന്നിവയിൽ 75 ശതമാനവും ഇപ്പോൾ തരിശിട്ടിരിക്കുന്നു. ഒരാൾ ഉയരത്തിൽ എള്ള് ഉണ്ടായിക്കൊണ്ടിരുന്ന പാടശേഖരങ്ങളായിരുന്ന മിക്കതും സ്വന്തമായി വീട് വെയ്ക്കുന്നതിനും അല്ലാതെയും നിലങ്ങൾ നികത്താൻ തുടങ്ങിയതോടെ നീർവാർച്ച സൗകര്യം വളരെ കുറഞ്ഞിരിക്കുന്നു നീർവാർച്ച സൗകര്യം കുറഞ്ഞതോടെ നെൽകൃഷി നഷ്ടമാവുകയും കർഷകർ തെങ്ങുകൃഷിയിലേക്ക് തിരിയുകയും ചെയ്തു. ചുരുക്കത്തിൽ നെല്ലും തെങ്ങും ഇല്ലാതായ അവസ്ഥ വിശേഷമാണുള്ളത്. കർഷകതൊഴിലാളികളെ ലഭിക്കാനുള്ള ബുദ്ധിമുട്ട് ഇതിനേക്കാൾ അധികമായി നെൽകൃഷിയെ ബാധിച്ചിട്ടുള്ളമറെറാരു പ്രശ്നമാണ്.

1987-ലെ കണക്കനുസരിച്ച് കൈവശം ഭൂമിയെ സംബന്ധിച്ച വിവരം താഴെ പട്ടികയിൽ കാണുക

**പട്ടിക-1**

| കർഷക കുടുംബങ്ങൾ | എഫക്ടീവ് കർഷകകുടുംബങ്ങൾ | നാമമാത്രകർഷകർ | ചെറുകിട കർഷകർ | വൻകിട കർഷകർ |
|---|---|---|---|---|
| 3812 | 2912 | 2680 | 211 | 21 |
| | | | ആകെ 2912 | |

അവലംബം കൃഷിഭവൻ രേഖ

## 1987 ലേയും 1995 ലേയും ഭൂവിനിയോഗത്തെ സംബന്ധിച്ച് ഒരു പഠനം

### പട്ടിക-2

1987-ാം ആണ്ട് | 1995-ാം ആണ്ട്

| ഇനം | വിസ്തീർണ്ണം | | |
|---|---|---|---|
| 1 ആകെ വിസ്തീർണ്ണം | 1200 ഹെക്ടർ (കായൽ ഉൾപ്പെടെ) | 1 ആകെ | 1200 ഹെക്ടർ (കായൽ ഉൾപ്പെടെ) |
| 2 നിലം കൃഷി | 380 ഹെക്ടർ | 2 നെൽ കൃഷി | |
| 3 തെങ്ങുകൃഷി | 462 ,, | 3 തെങ്ങുകൃഷി | 100 ഹെക്ടർ |
| 4 കൃഷിയോഗം തരിശ് | ഇല്ല | 4 കൃഷിയോഗ്യതരിശ് | 610.12 ഹെക്ടർ |
| 5 ഇടവിള | 250 ഹെക്ടർ | 5 ഇടവിള | 50 ഹെക്ടർ |
| **മററുകൃഷികൾ** | | **മററുകൃഷികൾ** | |

### പട്ടിക-3

മണ്ണിൻെറ സ്വഭാവം | 1995-96 ലെ രേഖയനുസരിച്ച്

| നം. | മണ്ണ് | അംമ്ലാംശം | ലവണാംശം | ജൈവാംശം | ഫോസ്ഫറസ് | ക്ഷാരം |
|---|---|---|---|---|---|---|
| 1 | മണൽ (ചെളികലർന്ന) (1, 4, 6, 8, 9, 10) വാർഡ് (താഴ്ന്ന പ്രദേശം) | 4.2-5.1 കൂടുതൽ | അധികം | 0.32 | 34 | 117 |
| 2 | മണൽ 3.75 മുതലായ പ്രദേശം | 5.1-5.5 ഉണ്ട് | മധ്യമം | 0.3 | 36 | 135 |

ഇതിൽ നിന്നും മണ്ണിൻെറ അംമ്ലാംശം കൂടുതലുളളതായി കാണാവുന്നതാണ്.

പഞ്ചായത്ത് പ്രദേശത്ത് കഴിഞ്ഞ പദ്ധതി കാലത്ത് നടപ്പിലാക്കിക്കൊണ്ടിരുന്ന പദ്ധതികളുടെ ഒരു ഏകദേശ വിവരണം പ്രത്യേക ഒരു ഖണ്ഠികയായി ചേർത്തിരിക്കുന്നു.

(കൃഷിഭവന്റെ പ്രവർത്തനങ്ങൾ)

പട്ടിക-4

നെൽകൃഷി

1990 മുതൽ 95 വരെയുള്ള ശരാശരി വിസ്തീർണ്ണവും ഉൽപ്പാദനക്ഷമതയും

| | വിസ്തീർണ്ണം | ഉല്പാദനക്ഷമത |
|---|---|---|
| 1. നെല്ല് ഒന്നാംവിള | 100 ഹെക്ടർ | 2800 കി. ഹെക്ടർ |
| 1. നെല്ല് രണ്ടാംവിള | 150 ഹെക്ടർ | 1850 കി. ഹെക്ടർ |

മൂന്നാം വിള ഇല്ല

അടുത്ത കാലത്ത് കേരള കാർഷികസർവ്വകലാശാല വികസിപ്പിച്ചെടുത്ത ''സാഗർ'' എന്ന ഇനം വിത്ത് ഓരിനെ ഒരുപരിധിവരെ ചെറുക്കുന്നതായും ഉല്പാദനക്ഷമത വർദ്ധിക്കുന്നതായും പരീക്ഷണങ്ങൾ തെളിയിക്കുന്നുണ്ട്. വിളയ്ക്ക് കർഷകർ ഈ വിത്തിനം ഉപയോഗിക്കുവാൻ തുടങ്ങിയിട്ടുണ്ട്.

നീർവാർച്ചാ സൗകര്യം വർദ്ധിപ്പിക്കുകയും ജലസേചന സൗകര്യം ഉണ്ടാക്കുകയും ചെയ്താൽ ഉല്പാദനക്ഷമത ഇനിയും വളരെ വർദ്ധിപ്പിക്കാവുന്നതാണ്.

ഒന്നാം കൃഷിക്ക് ജ്യോതി, ചുവന്ന ത്രിവേണി, അരുണ എന്നീ വിത്തിനങ്ങളാണ് ഉത്പാദിപ്പിക്കുന്നത്.

**തെങ്ങ്:**

ഈ പ്രദേശത്തെ മുഖ്യ കാർഷികവിള തെങ്ങ് ആണെങ്കിലും താലൂക്കിൽ ഏററവും കൂടുതൽ രോഗകീട ബാധയുള്ള ഒരു പ്രദേശമാണിത്. വാർഷിക ഉൽപ്പാദനക്ഷമത സംസ്ഥാനത്ത് 30.1 ആണെങ്കിൽ ഇവിടെ അത് 25.2 മാത്രമേയുള്ളു. അശാസ്ത്രീയമായ തെങ്ങിൻ തൈ നടീലും നീർവാർച്ചാ സൗകര്യം കുറഞ്ഞതും ഉല്പാദനത്തെ ദോഷമായി ബാധിക്കുകയാണ്. നെൽപ്പാടങ്ങൾ നികത്തിയിട്ടുള്ളതിൽ 98 ശതമാനവും ഈ കാരണത്താൽ ഉല്പാദനം തീരെ ഇല്ല എന്നു തന്നെ പറയാം.

## ഇടവിള

ഇടവിളകളായി കമുക്, കുരുമുളക്, പയർ പച്ചക്കറി, കിഴങ്ങ വർഗ്ഗങ്ങൾ എന്നിവ കൃഷിചെയ്തു വരുന്നു. ഇതിന്റെ കഴിഞ്ഞ വർഷങ്ങളിലെ ശരാശരി വിസ്തീർണ്ണം നോക്കാം

### പട്ടിക-5

| നം: | വിള | വിസ്തീർണ്ണം | ഉല്പാദനക്ഷമത | റിമാർക്ക് |
|---|---|---|---|---|
| 1 | കമുക് | 40 ഹെക്ടർ | 0.938 ല:മീ:ഹെ: | |
| 2 | കുരുമുളക് | 26 ,, | 280 കി.ഹെക്ടർ | |
| 3 | പയർ | 15 ,, | 250 ,, | |
| 4 | വാഴ (നാടൻ) | 38 ,, | 10 T/ഹെക്ടർ | |
| 5 | പച്ചക്കറി | 5 ,, | പലയിനം വിളവ് ലഭിക്കുന്നു | |
| 6 | മരച്ചീനി | 12 ,, | 12.1T/ഹെക്ടർ | |
| | എള്ള് | | | |

N.B: 95, 96 വർഷത്തിൽ എള്ള് 42 ഹെക്ടർ സ്ഥലത്ത് വിതച്ചു എങ്കിലും വരൾച്ചയും ഓമിന്റെ പ്രശ്നവും കാരണം കിളച്ച് രണ്ടാഴ്ചക്കുള്ളിൽ തന്നെ അത് ഉണങ്ങി നഷ്ടപ്പെട്ടു.

## വളം കീടനാശിനി

ശാസ്ത്രീയമായുള്ള വള കീടനാശിനി പ്രയോഗം നടക്കുന്നില്ല എന്നുള്ളതാണ് സത്യം. പഞ്ചായത്തുതലത്തിൽ കൃഷിഭവന്റെ പ്രവർത്തനവും പാടശേഖരങ്ങളും വാർഡുതല കേര സമിതികളും വന്നതോടുകൂടി ഇതിന് കുറെയൊക്കെ മാറ്റം വന്നിട്ടുണ്ട് എന്നുള്ളതാണ് സത്യം. കൂടുതൽ കർഷകരും ജൈവവളം കൂടുതൽ ഉപയോഗിച്ച് കൃഷി ചെയ്യുന്നവരാണ്. പ്രത്യേകിച്ച് തെങ്ങിന്. എന്നാൽ ജൈവവളം വേണ്ട രീതിയിൽ പ്രയോജനപ്പെടുത്താത്തവരും ഉണ്ട്. സ്വകാര്യമേഖലയിൽ ഇവിടെ വളം വില്പനശാലകൾ ഒന്നുണ്ടായിരുന്നത് അത് 4 വർഷമായി പ്രവർത്തിക്കുന്നില്ല. സഹകരണ മേഖലയിൽ രണ്ട് വിപണന കേന്ദ്രങ്ങൾ ഉണ്ടായിരുന്നു എങ്കിലും ഒരു സ്ഥാപനം മാത്രമേ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുള്ളൂ. ആയതിനാൽ പഞ്ചായത്തിന്റെ വടക്കേ അറ്റത്തു വരെയുള്ള കർഷകർക്ക് ഈ ഒരൊറ്റ സ്ഥാപനത്തെ ആശ്രയിക്കേണ്ടിവരുന്നത് ബുദ്ധിമുട്ടുളവാക്കുന്നുണ്ട്.

## 1992 മുതൽ ഉള്ള വളത്തിന്റെയും കീടനാശിനിയുടേയും ഉപയോഗം

പട്ടിക-6

| വർഷം | നൈട്രജൻ വളങ്ങൾ | ഫോസ്ഫറസ് വളങ്ങൾ | പൊട്ടാഷ് വളങ്ങൾ | മഗ്നീഷ്യം |
|---|---|---|---|---|
| 1991 | 7.6 ടൺ | 4 ടൺ | 7.09 ടൺ | 4.5 ടൺ |
| 1992 | 8 ,, | 5.5 ,, | 7.1 ,, | 1.5 ,, |
| 1993 | 98.1 ,, | 82 ,, | 108.1 ,, | 4.9 ,, |
| 1994 | 13 ,, | 16.2 ,, | 18.2 ,, | 5.7 ,, |
| 1995 | 15.5 ,, | 22.95 ,, | 22.1 ,, | 6.42 ,, |
| 1996 | 5.38 | 5.8 ,, | 13.2 ,, | 6.10 ,, |

ജൈവവളങ്ങളുടെ ഉപയോഗം

പട്ടിക-7

| വർഷം | ചാണകം | കമ്പോസ്റ്റ് |
|---|---|---|
| 1992 | 3800 ടൺ | 7.5 ടൺ |
| 1993 | 3000 ,, | 8 ,, |
| 1994 | 2780 ,, | 9 ,, |
| 1995 | 3110 ,, | 18.68 ,, |
| 1996 | 3250 | 16.73 |

കുമിൾ കീടനാശിനി

പട്ടിക-8

| വർഷം | കീടനാശിനി<br>Liqid — Solid | കുമിൾ നാശിനി |
|---|---|---|
| 1993 | 20 liqid — 180 kg | 25 kg |
| 1994 | 7 ,, — 360 ,, | 10.5 ,, |
| 1995 | 10 ,, — 160 ,, | 12.1 ,, |
| 1996 | 10 ,, — 100 ,, | 10 ,, |

**കാർഷികോപകരണങ്ങൾ**

പട്ടിക–9

| ട്രാക്ടർ | ട്രില്ലർ | കലപ്പ | റോക്കർ സ്പ്രേയർ | നാപ്സാക്ക് സ്പ്രേയർ | മെതിയന്ത്രം | തെങ്ങുകയററ യന്ത്രം |
|---|---|---|---|---|---|---|
| ഇല്ല | 2 Nos. | ഉപയോഗം ഇല്ല | 15 Nos. | 5 Nos. | 1 | 2 Nos. |
| പമ്പ് സെററുകൾ | | | | | | |
| 112 Nos. (Individual) | | | | | | |

കൃഷിഭവൻ വഴി മാത്രം നൽകിയ കാർഷിക ഉപകരണങ്ങളുടെ ഒരു പട്ടികയാണ് മേൽ വിവരിച്ചത്. നാട്ടിൽ പരമ്പരാഗതമായി ഉപയോഗിച്ചിരുന്ന കാള, കലപ്പ, പല്ലുചെരുപ്പ്, കട്ടത്തടി, നിരത്തുപലക മുതലായ കാർഷികോപകരണങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഇത് ഉപയോഗിച്ച് കൃഷിപ്പണി ചെയ്തിരുന്നവർ മററുതൊഴിലുകൾ തേടി പോയതു് ഒരു കാരണം മാത്രം.

**കാർഷിക വായ്പ**

ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ കാർഷിക വായ്പകൾ നൽകുന്നത് രണ്ട് സഹകരണ സ്ഥാപനങ്ങളും ഒരു കൊമേഴ്സ്യൽ ബാങ്കുമാണ്. കൂടാതെ കാർത്തികപ്പള്ളി സഹകരണ കാർഷിക വികസന ബാങ്കും കാർഷികലോണുകൾ നൽകുന്നു.

കൃഷിക്ക് ജലസേചനം നടത്തുന്നതിനുള്ള കിണർ നിർമ്മിക്കുന്നതിനും പമ്പ് സെററ് സ്ഥാപിക്കുന്നതിനും മററു പദ്ധതികൾക്കും പണം നൽകിവരുന്നുണ്ട്.

ഈ പഞ്ചായത്ത് പ്രദേശത്ത് ഈ സഹകരണ സ്ഥാപനങ്ങളും കൊമേഴ്സ്യൽ സ്ഥാപനങ്ങളും കൃഷിഭവനിൽ കൂടി മാത്രം കൊടുത്ത വായ്പയുടെ പട്ടിക ചുവടെ ചേർക്കുന്നു.

| Sl. No | ബാങ്കുകളുടെ പേര് | 1995.96 | 1992-93 | 93-94 | 94-95 |
|---|---|---|---|---|---|
| 1 | ഫെഡറൽബാങ്ക് ദേവികുളങ്ങര | 1,28000 | 12500 | 21000 | 43009 |
| 2 | S C B 1900 | 22,500 | 36000 | 42000 | 72,500 |
| 3 | S C S 2730 | Nil | 7050 | Nil | Nil |

**ചാരിററബിൾ സൊസൈററീസ്**

ചാരററബിൾ സൊസൈററീസ് ആക്ട് അനുസരിച്ച് ഈ പഞ്ചായത്തിൽ 1990 കാലഘട്ടത്തിൽ 8 പാടശേഖരങ്ങളും 10 കേരസംരക്ഷണസമിതികളും നിലവിൽ വന്നു. ഇവയിൽ നാമമാത്രമായവ മാത്രമേ പ്രവർത്തനക്ഷമമായി ഇപ്പോൾ തുടരുന്നുള്ളൂ.

(പട്ടിക 10കൃഷിഭവൻ പദ്ധതികളിൽഉൾപ്പെടുത്തിയിരിക്കുന്നു.)

ജലലഭ്യത

4 K m ഓളം വരുന്ന കൃഷ്ണപുരം തോട് 4.5 കി.മീ. വരുന്ന തഴത്തോട്, 500 മീ. ഉള്ള വേമ്പനാട്ടുതോട് എന്നിവ മുഖ്യ തോടുകളാണ്. ഇതു കൂടാതെ നിരവധി ചെറിയ, ചെറിയ ചാലുകളുമുണ്ട്.

പഞ്ചായത്തിന്റെ അധീനതയിലുള്ള——— പൊതു കുളങ്ങളുണ്ട്. ———പൊതു കിണറുകളും കൂടാതെ പഞ്ചായത്തിൽ സ്വകാര്യകുളങ്ങളും നിരവധി ഉണ്ട്.

നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതു മായ പദ്ധതിയുടെ അവലോകനം

നെൽകൃഷി

7-ാം പദ്ധതി കാലത്ത് ആരംഭിച്ചു 8-ാം പദ്ധതിയുടെ ആരംഭം വരെ തുടർന്ന ഒരു പദ്ധതിയാണ് ഗ്രൂപ്പ് ഫാമിങ്. ഇതിൽ വ്യക്തിഗ്രത വികസനത്തേക്കാൾ ഊന്നൽ നൽകിയത് പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയായിരുന്നു. ആയതിന് നീർച്ചാലുകളുടെ സംരക്ഷണം, കൂട്ടായ വളപ്രയോഗം കള കീടനാശിനി പ്രയോഗം, കുററിപമ്പുകൾ വാങ്ങൽ എന്നിവയ്ക്ക് പരമാവധി 50 ശതമാനം വരെ സഹായ ധനമായി കൊടുത്തിരുന്നു. കൂടാതെ മണ്ണിന്റെ പുളിരസം കുറയ്ക്കുന്നതിനു വേണ്ടി 50 ശതമാനം വരെ സബ്സിഡിയിൽ കുമ്മായം വിതരണം ചെയ്തിരുന്നു.

92-93 കാലഘട്ടത്തിൽ നെൽകൃഷിയിൽ യന്ത്രവൽക്കരണം ഏർപ്പെടുത്തുന്നതിന്റെ ആദ്യപടി എന്ന രീതിയിൽ 85 ശതമാനം സബ്സിഡിയിൽ ടില്ലർ, മെതിയന്ത്രം എന്നിവയും പാടശേഖരങ്ങൾക്ക് നൽകിയിട്ടുണ്ട്. ഏകദേശം 280 ഹെക്ടർ വരുന്ന നെൽകൃഷികർഷകർക്കും നാളികേര കർഷകർക്കും മൊത്തമായി പ്രയോജനം ചെയ്യാൻ ഒക്കില്ല എങ്കിൽ കൂടി ഒരു പരിധിവരെ ഇത് പ്രയോജനം ചെയ്യുന്നു. കുറച്ചുകൂടി കാര്യക്ഷമമായി ഇത് പ്രവർത്തിപ്പിക്കാൻ കർഷകരുടെ സഹായസഹകരണങ്ങൾ ഉണ്ടെങ്കിൽ സാധിക്കാവുന്നതേയുള്ളൂ.

ദേവികുളങ്ങര പഞ്ചായത്തിൽ 8 പാടശേഖരങ്ങളാണ് രജിസ്ററർ ചെയ്തിട്ടുള്ളത്. ഇതിൽ ചുരുങ്ങിയവ ഒഴിച്ച് മറെറാന്നുംതന്നെ പ്രവർത്തന ക്ഷമമല്ല. നെൽകൃഷിയുടെ നിലനിൽപ്പുതന്നെ ഭീഷണിയായിരിക്കുന്ന ഈ സമയത്ത് പാടശേഖരങ്ങളുടെ പുനരുജ്ജീവിപ്പിക്കൽ നെൽകൃഷി സംരക്ഷണത്തിന് അത്യന്താപേക്ഷിതമാണ്.

ഗ്രൂപ്പ് മാനേജ്മെൻറ് നാളികേരവികസനം

നാളികേര കർഷകരെ വാർഡ് അടിസ്ഥാനത്തിൽ സംഘടിപ്പിച്ചുകൊണ്ട് വ്യക്തമായ നിയമാവലിയോടുകൂടി 10 വാർഡുകളിലും കേരസംരക്ഷണ സമിതികൾ 89-90 കാലഘട്ടത്തിൽ ആരംഭിച്ച് നാമമാത്രമായി ഇപ്പോഴും പ്രവർത്തിക്കുന്നു. കർഷകരുടെ കൂട്ടായ്മ ഇല്ലായ്മയിൽ പാളിച്ചകൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം മെച്ചപ്പെടുത്താവുന്നതാണ്. (പരിഹാര നിർദ്ദേശങ്ങളിൽ വിവരണം ഉണ്ട്.)

ഈ പദ്ധതിവഴി പോർട്ടബിൾ പമ്പുസെററുകൾ, റോക്കർ സ്പേയറുകൾ, സ്പ്രേയിങ് യൂണിററ്, മരുന്നുതളിക്കുന്നതിനുള്ള കുമിൾ നാശിനികൾ, മഞ്ഞളിപ്പിനെ ചെറുത്തുനിൽക്കുന്നതിനുള്ള മഗ്നീഷ്യം സൾഫേററ് എലിനശീകരണത്തിന് എലിവിഷം എന്നിവ പരമാവധി 50 ശതമാനം വരെ സബ്സിഡിയോടുകൂടി വിതരണം നടത്തിയിട്ടുണ്ട്.

സമഗ്രകേര വികസന പദ്ധതി

ഈ പദ്ധതികൾ കഴിഞ്ഞ പദ്ധതി കാലത്തുതന്നെ ഏകദേശം 100 ലേറെ കർഷകർക്ക് തെങ്ങുകൃഷിക്ക് ജലസേചന സൗകര്യം ഉണ്ടാക്കിക്കൊടുക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിൽ കിണർ, വെൽ, പമ്പുസെററ് എന്നിവയ്ക്കുള്ള സബ്സിഡി ഇനമായിതന്നെ ഏകദേശം 1,50,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് കർഷകർ ഉപയോഗപ്പെടുത്തുന്നു. കൂടുതൽ കർഷകരിലേക്ക് ഇതെത്തിക്കുവാൻ സാധിക്കണം.

പട്ടിക-11കാണുക

നാളീകേര വികസന ബോർഡിൻെറ സഹായത്തോടുകൂടി പഞ്ചായത്തിലെ അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന കാററുവീഴ്ച രോഗത്തെ തടയുന്നതിനുവേണ്ടി ഏകദേശം 4000 ത്തോളം തെങ്ങുകൾ രോഗം ബാധിച്ചതും ഉല്പാദനക്ഷമത 10 ൽ കുറവായ തെങ്ങുകൾ വെട്ടിമാററിക്കഴിഞ്ഞു. ഇടവിള കൃഷിയെ പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഏകദേശം 65 ഹെക്ടർ പ്രദേശത്ത് ഇടവിള കൃഷിചെയ്യുന്നതിനുവേണ്ട വേരുപിടിപ്പിച്ച കുരുമുളക്, മാവ്, വാഴ, എന്നിങ്ങനെയുള്ള ഫലവൃക്ഷതൈകൾ വിതരണം ചെയ്തിട്ടുണ്ട്.

164 4 ടൺ രാസവളം ഈ പദ്ധതിയിലൂടെ സൗജന്യമായും 60 ടൺ രാസവളം സൗജന്യനിരക്കിലും വിതരണം ചെയ്തു. 20 ഹെക്ടർ സ്ഥലത്ത് കമ്മ്യൂണിററി ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

### കശുമാവ് കൃഷി വികസനം

വർദ്ധിച്ചുവരുന്ന ഉപയോഗം കണക്കിലെടുത്തുകൊണ്ട് തരിശുകിടക്കുന്ന പ്രദേശത്ത് കശുമാവ് വെച്ചു പിടിപ്പിക്കുന്നതിലേക്ക് ഗ്രാഫ്ററുകളും വെച്ചു് പിടിപ്പിക്കുന്നതിനുളള പ്ലാനിംഗ് സബ്സിഡിയും നൽകിവരുന്നു. ഏകദേശം 3 5 ഏക്കർ സ്ഥലത്ത് വെച്ചുപിടിപ്പിക്കുന്നതിനുള്ള അത്യുല്പാദനശേഷിയുള്ള തൈകൾ വിതരണം ചെയ്തു കഴിഞ്ഞു.

### പോഷകസസ്യതോട്ടങ്ങൾ

നിർമ്മിക്കുന്നതിന് പഴങ്ങളുടേയും ഫലവൃക്ഷതൈകളുടേയും വിത്തുകളും തൈകളും സൗജന്യനിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്.

### വെററിലകൃഷി

വെററില പടർത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് പഞ്ചായത്തിൽ 1995 വരെ കൃഷിതുടങ്ങിയ എല്ലാ കർഷകർക്കും സഹായധനം വിതരണം ചെയ്തിട്ടുണ്ട്.

കിഴങ്ങുവർഗ്ഗ വികസനത്തെ സൗജന്യ നിരക്കിൽ കിഴങ്ങുവർഗ്ഗ നടീൽ വസ്തുക്കൾ കർഷകർക്ക് വിതരണം ചെയ്യുന്നു.

പയർകൃഷി വികസം രണ്ടാം വിളയ്ക്കുശേഷം നിലങ്ങളിൽ പയർ വർഗ്ഗങ്ങൾകൃഷിചെയ്യുന്നതിനു വേണ്ടി നാമമാത്രമായ ചാർജ്ജ്മാത്രം ഈടാക്കിക്കൊണ്ടും പകുതി വിലയ്ക്ക് പയർ വിത്ത് കീടനാശിനി എന്നിവ കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്.

ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്ന ഒരു സ്റേററു കേന്ദ്രഗവൺമെൻറ് പദ്ധതിയാണിത്.

### പ്രത്യേക തൊഴിൽദാനപദ്ധതി

8-ാം പഞ്ചവത്സര കാലത്ത് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മടവനാട്ടുചാലിൽ ഗോവിന്ദമുട്ടം മുരളീഭവനത്തിനു കിഴക്കുവശം ഉള്ള മുട്ടേൽ ചിപ്പു മുതൽ തെക്കോട്ട് രണ്ടു കിലോമീററർ വരെ പ്രദേശത്തുള്ള തോട് കർഷകരുടെ സഹായത്തോടെയും (ഏകദേശം 3 ലക്ഷം രൂപ ചിലവുരുന്ന) 25 ശതമാനം സബ്സിഡിയിൽ ആഴവും വീതിയും കൂട്ടി കൃഷിയ്ക്ക് ഉപയുക്തമാക്കി.

ഈ പദ്ധതി തുടർന്നുള്ള കർഷകരുടെ നിസ്സഹായതം മൂലം കൂടതൽ പ്രയോജന പ്പെടുത്തുവാൻ കഴിയുന്നില്ല.

പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽ ദാന പദ്ധതി

വാരണപ്പള്ളി പാടശേഖരത്ത് കരുണാലയത്തു് വടക്കുവശവും ഷട്ടറും സ്ലൂയിസും പാടശേഖരത്തിൽ ഒരു ബണ്ട് കം ട്രാക്ടർ റോഡ് ഈ പദ്ധതിയിൽ 85 % സഹായധനത്തോടെ ചെയ്തു. പാടശേഖരത്തിൽ ഉപ്പു വെള്ളം കയറാതിരിക്കുന്നതിന് ഒരു പരിധിവരെ ഇതിനു കഴിഞ്ഞിട്ടുണ്ട്. സമയത്ത് അടയ്ക്കുകയും തുറക്കുകയും ചെയ്താൽ കൂടുതൽ പ്രയോജനം ചെയ്യും

പ്രത്യേക തൊഴിൽ ദാന പദ്ധതിയിൽ ഉൾപ്പെടുത്തിതന്നെ ഭൂ വികസനത്തിനും ജലസേചനത്തിനുമുള്ള കിണർ, കുളം, ഇവ നിർമ്മിക്കുന്നതിനും ചെലവുതുകയുടെ 25 ശതമാനം സബ്സിഡി നൽകിയിട്ടുണ്ട്. ഈ പദ്ധതി ഏകദേശം 800 ഓളം പേർ പ്രയോജനപ്പെടുത്തി.

യുവജനങ്ങൾക്ക് പ്രത്യേക തൊഴിൽദാന പദ്ധതി

യുവജനങ്ങളെ കാർഷിക വൃത്തിയിൽ തത്പരരാക്കുകയും ആ രംഗത്ത് പിടിച്ചുനിർത്തുന്നതിനും വേണ്ടി 100 രൂപ രജിസ്ട്രേഷൻ ഫീസ് 1000 രൂപ പദ്ധതി വിഹിതം എന്നിവ സ്വീകരിച്ചുകൊണ്ട് 102 യുവ ജനങ്ങളെ ഇതിൽ ഉൾപ്പെടുത്തി. ഈ കർഷകർ വെററിലക്കൊടി കൃഷി, കൊപ്രാ സംസ്ക്കരണം, കററിവേപ്പ് കൃഷി, നഴ്സറി, ഇളനീർ പന്തൽ സ്ഥാപിക്കൽ എന്നീ പദ്ധതികൾ ഏറെറടുത്തുനടപ്പിലാക്കിയിട്ടുണ്ട്. ഈ കർഷകർക്ക് ആയതിനുള്ള സബ്സിഡിയും നൽകിവരുന്നു.

ഉദ്യാനകൃഷി വികസനം

ഉദ്യാനകൃഷി വികസിപ്പിക്കുന്നതിൻെറ ഒരു ഭാഗമായി തണൽ ആവശ്യമുള്ള ആന്തൂറിയം ഓർക്കിഡ് മുതലായവ കൃഷിചെയ്യുന്നതിനുള്ള ഗ്രീൻ ഹൗസ് നിർമ്മിക്കുന്നതിന് പരമാവധി 50 ശതമാനം സബ്സിഡി Rs. 6250/50 സ. വരെ സഹായധനം നൽകി വരുന്നു. ഏകദേശം 5 കർഷകർ ഇതിനകം ഈ പദ്ധതി വിപുലമായി നടത്തുവാൻ ഉദ്ദേശിക്കുന്നു.

നെൽകൃഷിയിൽ സംയോജിത സസ്യസംരക്ഷണം

വർദ്ധിച്ചുവരുന്ന കീടനാശിനി പ്രയോഗം മൂലം ഉണ്ടാകുന്ന പ്രകൃതിയുടെ അസന്തുലിതാവസ്ഥ കണക്കിലെടുത്ത് ഈപഞ്ചായത്തിലെ രണ്ട് പാടശേഖരത്ത് ഈ പദ്ധതി നടപ്പിലാക്കിവരുന്നു. നടീൽ കഴിഞ്ഞ് വിളവെടുപ്പു വരെയുള്ള 10 ആഴ്ചകളിൽ തുടർച്ചയായി നിശ്ചിതദിവസം പാടശേഖരം കർഷകരും കൃഷി വിദഗ്ദ്ധരും ഒരുമിച്ച് സന്ദർശിച്ച് പാടശേഖരത്തിൻെറ പൊതുസ്ഥിതിയും കീടരോഗ നിരീക്ഷണവും നടത്തി കർഷകർക്ക് ഒരു ശരിയായ അവബോധം ഈ പദ്ധതിയെക്കുറിച്ചുണ്ടാക്കുകയും തത്ഫലമായി നെല്ലിന് ആവശ്യമുണ്ടെങ്കിൽ മാത്രം നിശ്ചിത അളവിൽ ശാസ്ത്രീയ രീതിയിലുള്ള കീടനാശിനിപ്രയോഗം നടപ്പിലാക്കുക വഴി കർഷകർക്കുള്ള അധികചെലവിനേയും അതിനേക്കാൾ ഉപരി പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുവാനും കഴിയുന്നു.

നെൽകൃഷി ചെയ്ത് വിളവെടുക്കുന്ന കർഷകർക്ക് ഉല്പാദന ബോണസായി 1 ഹെ:നം 750 രൂപ വരെ (3പൂവിന്) കൊടുത്തു വരുന്നു.

കൂടാതെ ഏററവും നല്ല നെൽ കർഷകന് 500 രൂപ പ്രോൽസാഹനം നൽകുന്നു. (ഒരു കൃഷിക്ക്)

പച്ചക്കറി കൃഷി വികസനം

പഞ്ചായത്തിലെ യു പി. ഹൈസ്ക്കൂൾ വിഭാഗത്തിൽ നിന്നും 100 കുട്ടികൾക്കുവീതം ഒരു സെൻറിൽ കൃഷിചെയ്യുവാനുള്ള പച്ചക്കറി വിത്ത് നൽകി കൃഷിചെയ്യിച്ച് ഏററവും നല്ല 3 തോട്ടങ്ങൾക്ക് പ്രോത്സാഹന സമ്മാനം നൽകുന്നു. കൂടാതെ തെരഞ്ഞെടുക്കുന്ന സ്ക്കൂളിലും

പച്ചക്കറി കൃഷി നടപ്പിലാക്കുന്നു. ബ്ലോക്ക് ജില്ലാ സംസ്ഥാന തലത്തിൽ പ്രോൽസാഹനവും നൽകുന്നു.

ഇഞ്ചി കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി 10 സെൻറ് കൃഷി പുതിയതായി ചെയ്യുന്ന കർഷകന് പരമാവധി 250 രൂപ വരെ സഹായധനം നൽകുന്നു.

കുരുമുളക് കൃഷി വികസനത്തിനായി വേരുപിടിപ്പിച്ച കുരുമുളകിൽ തൈകൾ വിതരണം ചെയ്യുന്നു. കഴിഞ്ഞ പദ്ധതി കാലത്ത് 3 വർഷം തിരഞ്ഞെടുക്കപ്പെട്ട 25 കർഷകർക്ക് രാസവളവും കീടനാശിനിയും സൗജന്യനിരക്കിൽ നൽകിയിട്ടുണ്ട്.

പഞ്ചായത്തു പ്രദേശത്തെ ജൈവവളത്തിൻെറ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പയർവിത്ത് ചണമ്പുവിത്ത് എന്നിവ സൗജന്യ നിരക്കിൽ വിതരണം ചെയ്യുകയും 10X3X3 അടി അളവിൽ ഒരു കമ്പോസ്ററുകുഴി നിർമ്മിക്കുന്നതിന് 25 രൂപ വരെ സഹായധനം നൽകുന്നു.

കർഷകരെ ബോധവാൻമാരാക്കുന്നതിനുവേണ്ടി പഞ്ചായത്തു തലത്തിലും വാർഡുകളെ സംയോജിപ്പിച്ച് കാർഷിക സെമിനാറും നടത്തിവരുന്നു.

മണ്ണുപരിശോധന ആവശ്യമുള്ള കർഷകർക്ക് സാമ്പിളുകൾ കൊണ്ട് കൃഷി ഭവനിൽ എത്തിക്കുന്നതനുസരിച്ച് ആലപ്പുഴ സോയിൽ ടെസ്കിൻ ലാബററ്ററിയിൽ കൂടി പരിശോധിപ്പിച്ച് നൽകുന്നു.

ആവശ്യമുള്ളപ്പോഴൊക്കെ സഞ്ചരിക്കുന്ന മണ്ണുപരിശോധനാ ലാബററ്ററിയുടെ സേവനം ഇവിടെയും ലഭ്യമാക്കിയിട്ടുണ്ട്.

വിള ഇൻഷുറൻസ്: എല്ലാ കൃഷികൾക്കും വിള ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.

---

ഡ്രിപ്പ്—സ്പ്രിംക്ളർ—ഗ്രൂപ്പ് കമ്മ്യൂണിററി ഇറിഗേഷൻ

കർഷകർക്ക് കൂട്ടായിട്ടും അല്ലാതെയും നടപ്പിലാക്കാവുന്ന ഈപദ്ധതികൾ നടപ്പിലാക്കിയിരുന്നു

പാടശേഖരങ്ങളുടെ ലിസ്ററ് പട്ടിക-10

| നമ്പർ | പാടശേഖരങ്ങളുടെ പേര് | വിസ്തീർണ്ണം |
|---|---|---|
| 1 | പ്രയാർമുണ്ടകപ്പാടം | 59.5 ഹെക്ടർ |
| 2 | മഞ്ചളം പാടശേഖരം | 15.21 ഹെക്ടർ |
| 3 | തഴവയൽ പാടം | 12 1. ,, |
| 4 | മഠത്തിവയൽ | 12.6 ,, |
| 5 | ഒച്ചാൽ വയൽ | 14.1 ,, |
| 6 | വാരണപ്പള്ളി പാടം | 8.96 ,, |
| 7 | വേമ്പനാട്ടുപാടം | 12 ,, |
| 8 | പുത്തൻ പുരയ്ക്കൽ പാടം | 26.1 ,, |

---

രജിസ്ററർ ചെയ്യാത്ത ചെറിയ പാടശേഖരങ്ങളും ഉൾപ്പെടുന്നു.

## സമഗ്ര കേരവികസന പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികൾ

| നമ്പർ | നടപ്പിലാക്കിയ പദ്ധതി | എണ്ണം | എത്ര സ്ഥലത്ത് പ്രയോജനം ലഭിച്ചു എന്നത് |
|---|---|---|---|
| 1 | ജലസേചനത്തിന് കിണർ/ട്യൂബ്‌വെൽ | 42 നം; | 39.12 ഏക്കർ |
| 2 | ജലസേചനത്തിന് പമ്പ്സെററ് സ്ഥാപിക്കൽ | 56 ,, | 74 8 ഏക്കർ |
| 3 | ഇടവിളകൃഷിയ്ക്ക് നടീൽ വസ്തുക്കൾ | 82ഹെക്ടർ | 82 ഹെക്: സ്ഥലത്തേക്കുള്ള നടീൽ വസ്തുക്കൾ |
| 4 | ലോക്കർ സ്പ്രെയർ | 4 നം. | 4 ഏക്കർ |
| 5 | തെങ്ങിന് വളം | 29250 മരങ്ങൾ | 583 ഹെക്ട: സ്ഥലത്ത് |
| 6 | തെങ്ങ് വെട്ടിമാററൽ | 2000 ,, | 11.76 ,, |
| 7 | കമ്മ്യൂണിററി ഇറിഗേഷൻ | 1 നം. | 15 ഹെക്ട.സ്ഥലത്ത് തൊഴിലാക്കിക്കൊണ്ടിരിക്കുന്നു. |

### പ്രകൃതിക്ഷോഭ ദുരിതാശ്വാസം

1991-92 കാലഘട്ടത്തിൽ 1,28420 രൂപയും 92-93 ഘട്ടത്തിൽ 1,04000 രൂപയും, 95-96 ഘട്ടത്തിൽ 7400 രൂപയും പ്രകൃതി ക്ഷോഭ ദുരിതാശ്വാസമായി കൊടുക്കുകയുണ്ടായി. ഇതിൽ പഞ്ചായത്തിലെ 2881 കർഷകർക്ക് പ്രയോജനം ലഭിക്കുകയുണ്ടായി.

### വികസന പ്രശ്നങ്ങൾ

കഴിഞ്ഞ 10 വർഷത്തിനുള്ളിൽ നെൽകൃഷിക്ക് ദേവികുളങ്ങര പഞ്ചായത്തിൽ ഉണ്ടായിട്ടുള്ള കുറവ് ഒരു നിസാര കാര്യമായി കണക്കാക്കാവുന്നതല്ല. പഞ്ചായത്തിലെ ഉപഭോഗത്തിൻെറ പത്തിൽ ഒന്നുപോലും ഉല്പാദിപ്പിക്കുന്നില്ല.

ഇതിൻെറ പ്രധാന കാരണം നെൽകൃഷി ചെയ്യുവാനുള്ള ഭൗതിക സാഹചര്യം കുറഞ്ഞു എന്നതാണ്. നെല്പാടങ്ങൾ നികത്തുക വഴി പ്രകൃതി ദത്തമായിരുന്ന നീർവാർച്ചാ സൗകര്യം തടസപ്പെട്ടിരിക്കുന്നു. വെള്ളം കെട്ടിനിന്ന് കൃഷി നശിക്കുവാൻ കാരണമാകുന്നു. പരമ്പരാഗത കൃഷിരീതിയായ നെല്ല്-നെല്ല്, എള്ള്, എന്നത് നടപ്പിലാക്കാൻ സാധിക്കാതെ വരുന്നു. എള്ള് കൃഷി അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

180 ഹെക്ടർ പാടശേഖരമാണ് ഇരുപ്പുവായി ഉണ്ടായിരുന്നത്. ഇപ്പോഴത് ഒന്നാം കൃഷിക്ക് 45 ഹെ: ഉം രണ്ടാം കൃഷിക്ക് 60 ഹെ: ആയി കുറഞ്ഞിരിക്കുന്നു. അതായത് 240 ടെൺ നെല്ല് ഒന്നാം കൃഷിക്കും 250 ടെൺ നെല്ല് മുണ്ടകൻ കൃഷിക്കും കുറയുന്നു. ഏകദേശം 19 ലക്ഷം രൂപയുടെ നഷ്ടം വിരിപ്പിനും 25 ലക്ഷം രൂപായുടെ നഷ്ടം മുണ്ടകൻ കൃഷിക്കും ഉണ്ടാവുന്നു. വൈക്കോലിൻെറ നഷ്ടവും ഇത്രയും തന്നെയാണ്.

എള്ള് കൃഷിയ്ക്കുണ്ടാകുന്ന നഷ്ടം കണക്കാക്കിയാൽ 3 ലക്ഷമെങ്കിലും വരും. വൈക്കോൽ ഇല്ലാതാവുന്നതോടെ കന്നുകാലികൃഷി വിഷമകരവും ചെലവേറിയതും ആകുന്നു.

ഈ പഞ്ചായത്തിൽ തെങ്ങുകൃഷി 610 ഹെ: സ്ഥലത്താണുള്ളത്. ഒരു തെങ്ങിൻെറ ശരാശരി വാർഷികാദായം 22 പ്ളാൻ ഇയർ-

ണ്ടന്നും കണക്കാക്കാം. രോഗ കീടബാധകാരണം ഒരു തെങ്ങിൽ നിന്നും പ്രതിവർഷം ഏററവും കുറഞ്ഞത് 8 തേങ്ങാ വരെ കുറഞ്ഞത് ഈ പ്രദേശത്ത് നഷ്ടപ്പെടുന്നു. അതായത് പഞ്ചായത്തിലുള്ള 1,24000 തെങ്ങുകളിൽ നിന്ന് 9.76 ലക്ഷം തേങ്ങകൾ പ്രതിവർഷം നഷ്ടപ്പെട്ടിരിക്കുക വഴി പ്രദേശത്തുണ്ടാവുന്ന നഷ്ടം 48.8 ലക്ഷം രൂപയാണ്. ഉല്പാദനം കൂടുന്നതോടൊപ്പം ഉല്പാദനം ഉള്ളത് നിലനിർത്തുക എന്നത് വളരെ പ്രസക്തിയുള്ള ഒന്നാണ്.

ഇത്രയും തെങ്ങുകളെ രക്ഷിക്കാനുള്ള ചെലവാകട്ടെ 24 4 ലക്ഷം രൂപ മാത്രം. ആയതിനാൽ ഇതിൽ നിന്നു ലഭിക്കാവുന്ന അധികവരുമാനം പരോക്ഷത്തിൽ 24 ലക്ഷം രൂപയാണ്. തീർത്തും രോഗബാധിതവും ഉല്പാദനക്ഷമത വളരെ കുറഞ്ഞതുമായ തെങ്ങുകൾ വെട്ടി നശിപ്പിക്കാത്തതിനാൽ ദിനംപ്രതി രോഗം മററുതെങ്ങുകളിലേക്ക് വ്യാപിക്കുന്നു.

സ്വാദിഷ്ടവും പോഷക സമ്പുഷ്ടവുമായ കരിക്കിൻ വെള്ളം പോലുള്ള ഔഷധപാനീയങ്ങൾ പ്രചരിപ്പിക്കണം.

വിപണന സൗകര്യം ഇല്ലാത്തതുമൂലം കർഷകന് കിട്ടേണ്ടുന്ന ആദായം ഇടത്തട്ടുകാർ തട്ടിയെടുക്കുന്നു. ചുരുക്കത്തിൽ പഞ്ചായത്തിന്റെ അഭിവൃദ്ധി തെങ്ങു കൃഷി വികസനത്തെ ആശ്രയിക്കുന്നു.

തെങ്ങ് കയറാനും മണ്ട വൃത്തിയാക്കാനും പരിചയസമ്പന്നരായ തൊഴിലാളികളുടെ ദൗർലഭ്യം അതിപ്രധാനമായൊരു പ്രശ്നമാണ്.

മറുനാടുകളിൽ നിന്നു വരുന്ന പഴം, പച്ചക്കറി വർഗ്ഗങ്ങൾ മനുഷ്യന്റെ രോഗപ്രതിരോധ ശക്തിക്കുതന്നെ വലിയൊരു ഭീഷണിയാണ്. കൃഷിക്കാവശ്യമായ മേൽത്തരം വിത്തുകളുടെ ദൗർലഭ്യവും പരിഹരിക്കണം.

നീർവാർച്ചാ സൗകര്യം കുറയുന്നത് പച്ചക്കറി കൃഷിക്ക് ദോഷം ചെയ്തിരിക്കുന്നു.

അദ്ധ്വാനത്തിലൂടെ കുടുംബവരുമാനവും സാമൂഹിക സമ്പത്ത് വർദ്ധിപ്പിക്കലാണ് വികസനം. ബുദ്ധിയും, ആരോഗ്യവും, കഴിവും തന്റേടവുമുള്ള മനുഷ്യ വിഭവശേഷി ഇതിനുവേണ്ടി വിനിയോഗിക്കണം. അതിന് ജനങ്ങളെ ബോധവാൻമാരാക്കണം.

സാങ്കേതിക ജ്ഞാനമുള്ള തൊഴിലാളികളുടെ ലഭ്യതക്കുറവ് എല്ലാ കൃഷികളേയും ബാധിക്കുന്നു.

വ്യാപകമായി കൃഷിചെയ്തു വന്നിരുന്ന മരച്ചീനി, മററു കിഴങ്ങു വർഗ്ഗങ്ങൾ ഇവ തീരെ ഇല്ലാതായി എന്നു തന്നെ പറയാം. എലിയാണ് മറെറാരു മുഖ്യ ശത്രു.

ഉപ്പുവെള്ളം കയറുന്നത് പഞ്ചായത്തിലെ 90 ഹെക്ടർ വരുന്ന പാടശേഖരങ്ങൾക്ക് ഭീഷണിയാണ്. നെല്ലുല്പാദനം കുറയാൻ ഇത് കാരണമാകുന്നു.

മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായിട്ടുള്ള വളപ്രയോഗമില്ലായ്മ ജൈവവളങ്ങളുടെ ഉപയോഗക്കുറവ് എന്നിവ ഉല്പാദന ക്ഷമതയേയും കാര്യമായി ബാധിക്കുന്നു.

കൃഷിചെലവ് ആണ് മറെറാരു പ്രധാന പ്രശ്നം. ചെലവു കുറയ്ക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കായ്ക കർഷകരുടെ കൂട്ടായ്മ ഇല്ലായ്മ എന്നിവ ഇതിന്റെ കാരണമായി കാണാം. ആധുനിക കാർഷികോപകരണങ്ങൾ ദേവികുളങ്ങര പഞ്ചായത്തിൽ പാടശേഖരാടിസ്ഥാനത്തിലും വാർഡ് അടിസ്ഥാനത്തിലും പ്രവർത്തിക്കുന്ന 21 സമിതികളിൽ മിക്കതും പ്രവർത്തന ക്ഷമമല്ല.

കേര കൃഷി വികസനത്തിനും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും കർഷകർ ഇത് വേണ്ടരീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല.

**പരിഹാര നിർദേശങ്ങൾ**

നെൽകൃഷിയുടെ സമഗ്രമായ വികസനത്തിന് പരമ്പരാഗതമായ നീരൊഴുക്കുതോടുകൾ പുനസ്ഥാപിച്ച് സൈഡ്വാൾകെട്ടി ബലപ്പെടുത്തി സ്ക്കയിസ് ഷട്ടർ ഇടണം.

എ) 3-ാം വാർഡിന്റെ അതിർത്തിയിൽ തുടങ്ങി (തഴത്തോട്) 5-ാം വാർഡ് 4-ാം വാർഡ് 1-ാം വാർഡുകളിൽ കൂടി ഒഴുകി കായലിൽ പതിക്കുന്ന മാരാൻ തോട് തഴത്തോട് മുതൽ തന്നെ ആഴവും വീതിയും കൂട്ടി സൈഡ് വാൾ കെട്ടി ബലപ്പെടുത്തേണ്ടതും പൊളിഞ്ഞുപോയി ഇപ്പോൾ ഉപ്പുവെള്ളം കയറിക്കൊണ്ടിരിക്കുന്ന സ്സൂയിസ് പുനസ്ഥാപിക്കേണ്ടതും പുതയ ഷട്ടറുകൾ ആവശ്യാനുസരണം ഉപയോഗിക്കേണ്ടതും ആണ്.

ബി) പ്രയാർ മുട്ടേപ്പാടത്തെ ഓരു കയറുന്നതിൽ നിന്നും രക്ഷിക്കുന്നതിനുവേണ്ടി പാടശേഖരത്തിനു പടിഞ്ഞാറ് കായലോരത്ത് ആവശ്യമുള്ള സ്ഥാനത്ത് ബണ്ട് കെട്ടി സംരക്ഷിക്കണം.

സി) വേമ്പനാട്ടുതോട്ടിൽ ചിപ്പ് ഇടണം. തെക്ക് വെളുത്തേരി തോടുവരെ ജല നിർഗ്ഗമനതോട് സ്ഥാപിക്കണം.

ഡി) ഇടമരത്തേരി പടിഞ്ഞാറുമുതൽ തുമ്പിളിശേരിൽ വരെയുള്ള വയലുകളെ ബന്ധിപ്പിക്കുന്നതോട് ജലനിർഗ്ഗമന യോഗ്യമാക്കണം.

ഇ) ഓച്ചാലു വയലുമുതൽ കാരാളികിഴക്കുവശംവരെ ഉള്ള നീരൊഴുക്കുതോട് പുത്തൻ വീട്ടിൽ ചാലുവഴി കായംകുളം കായലിൽ എത്തിക്കുകയും ആവശ്യമായ സ്സൂയിസുകൾ നിർമ്മിക്കുകയും ചെയ്യുക.

എഫ്) പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് പൊളിഞ്ഞു കിടക്കുന്ന എല്ലാ ഷട്ടറുകളും സ്സൂയിസുകളും പുനർ നിർമ്മിച്ച് ഉപയോഗയോഗ്യമാക്കണം സാധ്യതയുള്ള പാടശേഖരങ്ങളിൽ കൂട്ടുകൃഷി പ്രോൽസാഹിപ്പിക്കണം.

തരിശിട്ടിരിക്കുന്ന പ്രദേശങ്ങളിൽ മുഴുവൻ പാടശേഖരസമിതികൾ സന്നദ്ധ സംഘടകൾ ഭൂ വികസന സേന രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകർ എന്നിവരെ സംഘടിപ്പിച്ച് ഓരിനെ അതിജിവിക്കുന്ന വിത്തുകൾ ഉപയോഗിച്ച് കൃഷിയിറക്കണം.

മടയനാട്ടുചാലിന്റെ വടക്കേ അററത്ത് ഷട്ടറും പ്രവർത്തന ക്ഷമമാക്കണം. മുലക്കുഴി ചാലിന്റെ പൊളിഞ്ഞുകിടക്കുന്ന ഷട്ടറുകൾ അററകുററപ്പണി നടത്തി സ്സൂയിസ് നിർമ്മിക്കണം.

2 **കേരസംരക്ഷണ വികസനം**

കേര സംരക്ഷണത്തിന് രോഗ ബാധിതമായതും ഉൽപാദന ക്ഷമ മല്ലാത്തതും ആയ മുഴുവൻ തെങ്ങുകളും വെട്ടി മാററി അത്യുൽപാദന ശേഷിയുള്ളതും പ്രതിരോധശേഷിയുള്ളതുമായ തെങ്ങിൻ തൈകൽ വെച്ച് പിടിപ്പിക്കുന്നതിന് ബൃഹത്തായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണം.

സമഗ്രമായ ഒരു സ്പ്രേയിങ്ങ് പദ്ധതി നടപ്പിലാക്കണം. തൊഴിലാളികളെ പരിശീലിപ്പിച്ചെടുക്കുവാൻ സത്വരനടപടി ഉണ്ടാകണം.

തെങ്ങു കൃഷി വികസനത്തിന് ജലസേചനസൗകര്യം അത്യാവശ്യ ഘടകമാണ്. പഞ്ചായത്തുപ്രദേശത്ത് മുഴുവൻ ജലസേചന സൗകര്യം ഏർപ്പെടുത്തുവാൻ കൃഷ്ണപുരം കനാലിൽ നിന്നും ലിഫ്ററ് ഇറിഗേഷൻ പദ്ധതി സ്ഥാപിക്കുവാൻ പദ്ധതി തയ്യാറാക്കണം. ആവശ്യമായ ജലം കൃഷ്ണപുരം തോട്ടിൽ ലഭ്യമാണ്. മേൽപറഞ്ഞ പദ്ധതി നടപ്പിലായാൽ പഞ്ചായത്തിലെ മുഴുവൻ തെങ്ങ കൃഷിയും നെല്ല്, എള്ള് എന്നി വിളകൾക്കും (350 ഹെക്ടറോളം) പ്രയോജനം ചെയ്യും.

ചെറുകിട നാമമാത്ര കർഷർക്ക് നിലവിലുള്ള ഗ്രൂപ്പ് ഇറിഗേഷൻ പദ്ധതി, കമ്മ്യൂണി ഇറിഗേഷൽ പദ്ധതി എന്നിവ നടപ്പിലാക്കുന്നതിന് വേണ്ട ബോധവൽക്കരണം ഉണ്ടാകണം. ജലസേചനം സാർവത്രികമാക്കണം.

3 പഞ്ചായത്തു തലത്തിൽ തന്നെ ഒരു സഞ്ചരക്കുന്ന അഗ്രേ ക്ളിനിക്ക് സംവിധാനം.

4 പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു അഗ്രോസർവ്വീസ് സെൻറർ ഉണ്ടാകണം.

5 സഞ്ചാരിക്കുന്ന മണ്ണ് പരിശോധനാ ലാബ റട്ടറികൾ ഏററവും കുറഞ്ഞത് ബ്ളോക്ക് അടി സ്ഥാനത്തിലെങ്കിലും ഉണ്ടാകണം.

6 ഭൂവികസന സേന

തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കു ന്നതിനു വേണ്ടി താല്പര്യമുള്ള യുവജനങ്ങളെ പരിശീലിപ്പിക്കുന്നതിന് ഒരു കോഴ്സ് തന്നെ തുടങ്ങണം.

7 പച്ചക്കറി കൃഷി സഹകരണാടിസ്ഥാന ത്തിൽ കൃഷിക്കാർ സഹകരിച്ച് പഞ്ചായത്തിലെ തെരഞ്ഞെടുത്ത കർഷകർക്ക് വിത്ത് നൽകി അവരിൽ നിന്നു തന്നെ പച്ചക്കറികളും വിത്തു കളും ശേഖരിച്ച് വ്യാപകമായ പച്ചക്കറി വിക സന പദ്ധതി ഉണ്ടാക്കണം.

8 പഞ്ചായത്തിൽ യുവാക്കളേയും സ്ത്രീക ളേയും സംഘടിപ്പിച്ച് ഒരു ഫുഡ് പ്രിസർവേ ഷൻ യൂണിററ് ആരംഭിക്കണം.

9 കാർഷികോല്പന്നങ്ങൾക്ക് വിപണന കേന്ദ്രം പഞ്ചായത്തുതലത്തിൽ തന്നെ ഉണ്ടാകണം

10 വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും എലിനശീകരണ ക്യാം പെയിൻ സംഘടിപ്പി ക്കണം

11 കൂൺ, പഴം, ഔഷധ സസ്യങ്ങൾ, പു ഷ്പ കൃഷി, മുതലായ കൃഷികൾ പ്രോൽസാ ഹിപ്പിക്കുവാൻ പദ്ധതികൾ ഉണ്ടാകണം ഉല്പാ ദനോപാധികൾ ലഭ്യമാക്കുകയും ഇവരെ ഇതി ന്റെ വിപണ കേന്ദ്രവുമായി ബന്ധപ്പെടുത്തി വിപണം സാധ്യമാക്കേണ്ടതുമാണ്.

ഗ്രാമസഭയിൽ വന്ന നിർദ്ദേശങ്ങൾ

5-ാം വാർഡിന്റെ ഭാഗമായ കണ്ടല്ലൂർ കിഴ ക്കേ അററം വടക്കമാറി മണിലാൽ ഭവനത്തിനു വടക്കുവശമുള്ള കനാൽ ഓടകെട്ടി വെള്ളം നിയ ന്ത്രിക്കുകയും കൃഷിക്ക് സൗകര്യപ്പെടുത്തുകയും ചെയ്യണം. അഞ്ചുതെങ്ങിൽ പടിഞ്ഞാറുവശം ശർമ്മയുടെ സ്ഥലത്തുള്ള കലുങ്ക് കെട്ടി വെള്ളം നിയന്ത്രിക്കണം. 24-ാം നമ്പർ എസ്. എൻ. ഡി. പി. ശാഖാ മന്ദിരത്തിന് തെക്കുവശം ചെറി യമ്പിൽ തോട്ടിൽ നിന്നു പോച്ചയിൽ തോടുവഴി പാട്ടാളശേരി കടവ് വരെയുള്ള റോഡിന്റെ വശത്ത് ഓട കെട്ടി സംരക്ഷിക്കണം. 1, 4, 5, 3 വാർഡുകളിൽ ഉൾക്കൊള്ളുന്ന മാരാൻ തോടി ന്റെ പടിഞ്ഞാറെ അററത്തുള്ള ചീപ്പ് പുതുക്കണം.

3-ാം വാർഡിലെ കൊയ്പ്പള്ളി തെക്കുവശം കൂടിയുള്ള ഓട അവശേഷിക്കുന്ന ഭാഗവും കൂടി കെട്ടി തഴത്തോടിനോട് യോജിപ്പിക്കണം. അതിനൊപ്പം ഗുരുമന്ദിരത്തിന്റെ കിഴക്കുവശ മുള്ള നാലുകണ്ടത്തിൽ തുടങ്ങി ഇട്ടിച്ചിറ കോള. നിവരെ കലുങ്കും ഓടയും പുതുക്കിപ്പണിയണം. കൈതവന തെക്കുവശമുള്ള തോട് ഓടകെട്ടി സംരക്ഷിക്കണം. ഈരിക്കൽ കോളനിയിലുള്ള ഓട പുതുക്കി തഴത്തോടുവരെ നിർമ്മിക്കണം.

8-ാം വാർഡിൽ വാരണപ്പിള്ളി പാടശേഖ രത്തിന് പടിഞ്ഞാറുവശം കായൽ തീരത്തു ബ ണ്ട് കെട്ടി ശക്തിപ്പെടുത്തുകയും 4 സ്ഥലങ്ങളിൽ ചീപ്പ് നിർമ്മിച്ച് പ്രവർത്തിക്കേണ്ടതുമാണ്. ഓച്ചാൽ വയൻ തോടിന്റെ ആഴവും വീതിയും വർദ്ധിപ്പിച്ച് 350 മീററോളം സൈഡ് വാൾ കെട്ടുകയും ചീപ്പുകൾ പലകയിട്ട് പ്രവർത്തന യോഗ്യമാക്കുകയും ചെയ്യേണ്ടത് അത്യാവശ്യ മാണ്. ശാസ്താനട ക്ഷേത്രത്തിന് തെക്കു വശം ഉദ്ദേശം 400 മീററർ നീളത്തിൽ ഉള്ള സൈഡ്വാൾ 200 മീററർ കൂടി തുടർന്നു കെട്ടി ച്ചാൽ വളരെ പ്രയോജനമാണ്.

1-ാം വാർഡിന്റെ തെക്ക് കിഴക്കുഭാഗമായ ചോന്നാട്ടു തെക്കുഭാഗത്ത് കൂടി പടിഞ്ഞാറോട്ട് ഒഴുകി മുട്ടേപാടത്ത് ചേരുന്ന മററത്തുചാൽ അതി ന്റെ യഥാർത്ഥ വീതിയിലും ആഴത്തിലും വെട്ടിച്ച് സൈഡ് ഭിത്തി കെട്ടേണ്ടതാണ്. കൊപ്പാറ കിഴക്കുവശം മുതൽ മററത്തുചാൽ വരെ ഗോവിന്ദമുട്ടം ആലുംപീടിക റോഡിന്റെ പടി ഞ്ഞാറെ സൈഡിൽ കൂടി ഒരു ഓട കെട്ടേണ്ട താണ്. തോപ്പിമണ്ണേൽ വടക്കുവശത്തും മാവി ലശേരി കന്നേൽ തെക്കുവശത്തുമുള്ള ഒഴുക്കുചാലു കൾ രണ്ടുവശത്തും ഭിത്തികൾ കെട്ടി ഷട്ടറുകൾ സ്ഥാപിക്കേണ്ടതാണ്. തോപ്പിമണ്ണേൽ വടക്കു

വശത്തു മൂന്നു ഷട്ടറും മാവിലശേരിക്കുന്നേൽ തെക്കുവശത്തു രണ്ടു ഷട്ടറും സ്ഥാപിക്കേണ്ടതാണ്. കൊന്നക്കോട്ടു വടക്കുവശമുള്ള വയലിൽനിന്നും പടിഞ്ഞാറോട്ടു പുളിയനാമുറി തെക്കുഭാഗത്തു കൂടി വെള്ളം ഒഴുകി മുണ്ടകപ്പാടത്തു പതിച്ചുകൊണ്ടിരിക്കുന്ന നീരൊഴുക്കുചാൽ പല ഭാഗത്തും നികത്തിയതിനാൽ വീണ്ടും അതു തെളിച്ച് ഓട കെട്ടി മുണ്ടകപ്പാടത്തു വിടാനുള്ള നടപടിയെടുക്കണം. മാരായിത്തോടത്ത് വയലിൽ നിന്നും പടിഞ്ഞാറോട്ട് വെള്ളം ഒഴുകിക്കൊണ്ടിരുന്ന കൃഷ്ണാലയത്തു വടക്കുഭാഗത്തുകൂടി പോകുന്ന ചാൽ വെട്ടി മാരാൻതോട്ടിലേക്ക് യോജിപ്പിക്കണം. അതിൽ ആവശ്യമായ കലുങ്കും ഷട്ടറും നിർമ്മിക്കണം.

വയലിത്തറയിൽ പടിഞ്ഞാറുഭാഗത്ത് കെട്ടിക്കിടക്കുന്ന വെള്ളം മററത്തു ചാലിലേക്ക് ഒഴുക്കിവിടുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളണം. ക്ടാശേരിൽ പടിഞ്ഞാറുഭാഗത്തു കെട്ടിക്കിടക്കുന്ന വെള്ളം തെക്കേ വരമ്പേൽ തെക്കേപുറത്തു സ്ഥാപിച്ചിട്ടുള്ള ഓടയിലേക്ക് ഒഴുക്കുന്നതിന് നടപടി സ്വീകരിക്കണം.

VII-ാം വാർഡിലെ തലശേരിക്കുന്നേൽ പടിഞ്ഞാറുവശം മുതൽ ഓടകെട്ടി തോട്ടത്തിൽ കിഴക്കുവശത്തുകൂടി കുരിവേലി വയൽ മുതൽ ചേറത്തു കാവിന്റെ വടക്കുവശംവരെ എത്തിക്കണം. പുത്തൻകുളങ്ങര വടക്കുവശം നീരൊഴുക്കുചാൽ ഓട കെട്ടി വെള്ളം മടത്തുവയലിൽ ഒഴുക്കുക.

IX-ാം വാർഡിലെ മണ്ണൂർ കടവിനു സമീപമുള്ള ഓടയുടെ അററകുററപ്പണി നടത്തണം.

VIII-ാം വാർഡിലെ പുതുവേൻ മുതൽ കണിയാമുറി തെക്കുവശം കലുങ്കുവരെ സൈഡ്‌വാരം കെട്ടുക. ഒച്ചാലുവയലിൽ കുന്നേൽ കലുങ്ക് മുതൽ വടക്കോട്ട് മണ്ണമ്പിള്ളി കിഴക്കുവശത്തു കലുങ്കുവരെയുള്ള ഒഴുക്കുതോടിന്റെ ഇരുവശവും സൈഡ്‌വാരം കെട്ടണം.

പള്ളമ്പികിഴക്കുവശം ഓമന മന്ദിരത്തിന്റെ പടിഞ്ഞാറുവശത്തുള്ള കുളത്തിന്റെ തെക്കുവശം സൈഡ്‌വാരം കെട്ടണം.

II-ാം വാർഡിൽ പറയണത്തുമുക്കിനു പടിഞ്ഞാറുവശം തോട്ടത്തിൽ തെക്കുവശത്തുകൂടിയുള്ള തോട് കരിങ്ങാട്ടിൽ വയൽവഴി പൊരുണ്ടപ്പിള്ളി മുക്കിലെ കലുങ്കിൽകൂടി വടക്കോട്ട് ഒഴുകി മാരാൻ തോട്ടിൽ ചേരുന്ന ഒരു തോടുണ്ട്. കൈതാൽവയൽ, കരിങ്ങാട്ടിൽവയൽ, തുടങ്ങിയ വയലുകളിലെ വെള്ളവും പറയണത്തു മുക്കിൽ നിന്നും വരുന്ന വെള്ളവും ഇതുവഴിയാണ് ഒഴുകുന്നത്. നിലവിലുള്ള തോട് സുഗമമായി വെള്ളം ഒഴുകുന്നതിനു പര്യാപ്തമല്ല. ഈ തോടിന്റെ ഇരുവശത്തും ഓട കെട്ടിയാൽ കൃഷിക്കും ഉപയുക്തവും ആ പ്രദേശത്ത് നടപ്പാതയില്ലാത്ത 25 ഓളം വീട്ടുകാർക്കും നടപ്പാതയും ആകും.

VII-ാം വാർഡിൽ കുളത്തൂർ വയലിൽ നിന്നും മടത്തു വയലിലേക്ക് ഓട കെട്ടി വെള്ളം ഒഴുക്കണം.

I-ാം വാർഡിൽ കോതേരിൽ വടക്കുവശത്തു നിന്നും വടക്കോട്ടു മാരാൻ തോടുവരെ ഒരു റോഡും അതിന്റെ കിഴക്കുഭാഗത്തെ തോടും വെട്ടിച്ച് ഒരു ഷട്ടറും നിർമ്മിക്കണം. വാണിയത്തു തെക്ക് ഭാഗത്തുകൂടി നികന്നതിനാലും റേഷൻകട വെള്ളം ഒഴുകുന്നതിനു റോഡിലും അതിനു പടിഞ്ഞാറുള്ള ചിറയിൽകലുങ്കുകൾ സ്ഥാപിക്കണം.

ഇടശേരിൽ തെക്കുവശത്തു കെട്ടികിടക്കുന്ന വെള്ളം ഒഴുകിപ്പോകാൻ ഓട നന്നാക്കണം. ഉപ്പുകുളങ്ങര നെടുമണ്ണേൽ റോഡിൽ ആകെ രണ്ടു കലുങ്കുളാണുള്ളത്. അതിൽ പടിഞ്ഞാറുള്ള കലുങ്കിലൂടെയുള്ള വെള്ളമൊഴിക്കിന്റെ തടസ്സം നീക്കം ചെയ്യണം.

IV-ാം വാർഡിൽ കാവുകുളം മുതൽ പടിഞ്ഞാറോട്ട് ഓടകെട്ടി വെളുത്തേരി തോട്ടിലേക്ക് വെള്ളം ഒഴുകുവാൻ സംവിധാനം ഉണ്ടാക്കണം. പൂവണ്ണാൽ മുതൽ വെളുത്തേരി കടവു വരെയും വേണാട്ടുശേരിൽ കടവു മുതൽ വെളുത്തേരി കടവുവരെയും പുതിയ നീർച്ചാലുകൾ ചെയ്യണം

VI-ാം വാർഡിൽ മടത്തുവയലിൽ നിന്നും ചേപ്പിണ്ണൂർ തോടുവഴി മാരാൻ തോട്ടിൽ എത്തുന്ന ജലനിർഗമനമാർഗം ഉണ്ടാക്കുക.

12 കൃഷിഭവന് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. **കാർഷിക – വികസനത്തിന്റെ അടിസ്ഥാനം 'വിജ്ഞാന വ്യാപനം'** ആണ്. കൃഷിഭവന് വാഹനം ഉണ്ടാവണം. കൃഷിഭവന സ്വന്തമായി കെട്ടിടം – വികസനകമ്മററികൾ കൂടുവാൻ ഉപയോഗപ്പെടുന്ന തരത്തിൽ, ഉണ്ടാവണം. തെക്ക് ആഞ്ഞിലുമൂട്ടിൽ ലഭ്യമായ സ്ഥലം ഉപയോഗിക്കാവുന്നതാണ്. വട 6000/– രൂപയോളം വാടകയിനത്തിൽ ഇപ്പോൾ നഷ്ടമാവുന്നു.

13 **കർഷക സമ്പർക്ക പരിപാടികൾ** നടത്തി കർഷകരെ ബോധവാൻമാരാക്കണം.

14 **ഇടവിള കൃഷിക്ക് പ്രോത്സാഹനം നൽകണം.** തെക്ക് ദീർഘകാല വിളയായതിനാൽ കടുംകൃഷി കൂടുതൽ വ്യാപിപ്പിക്കാവുന്നതാണ്.

15 പഞ്ചായത്ത് പ്രദേശത്ത് ലഭ്യമായ അസംസ്കൃത സാധനങ്ങൾ പ്രയോജനപ്പെടുത്തി **ഒരു ജൈവ വളഫാക്ടറി സ്ഥാപിക്കാവുന്നതും.** പച്ചക്കറി, വഴം മററു കൃഷികൾ എന്നിവയ്ക്ക് കൂടുതൽ പ്രയോജനം ഉളവാക്കാവുന്നതും ആണ്.

16 **കുത്തരിയൂണിററ്.** നെല്ലുകുത്തി അരിയാക്കികൊടുക്കുന്ന ഒരു ചെറുകിട വ്യവസായ യൂണിററ് ആരംഭിക്കാവുന്നതാണ്.

17 വെട്ടിമാററുന്ന തെങ്ങ് തടികൾ ഉപയോഗിച്ച **ഫർണിച്ചർ ഉണ്ടാക്കുന്ന ഒരു യൂണിററ്** സ്ഥാപിക്കാവുന്നതാണ്.

18 പാടശേഖരങ്ങളിൽ നികത്ത് പുരവെക്കൽ എന്നിവയ്ക്ക് പഞ്ചായത്തിന്റെ അനുവാദം അതിവാര്യമാക്കണം.

19 കായലുകളിൽ ചകിരിച്ചോററ് തള്ളുന്നത് നിരോധിക്കണം. ചകിരിച്ചോററിൽ നിന്നും ജൈവ വള നിർമ്മാണത്തെ സംബന്ധിച്ച് ജനങ്ങളെ ബോധവത്ക്കരിക്കണം.

20 ഒരു വിളമത്സരവും പ്രോത്സാഹന സമ്മാ മികച്ച കർഷകർക്ക് നല്കുന്ന രീതി കൂടുതൽ ഫലപ്രദമാക്കണം.

****



# മൃഗ സംരക്ഷണം

നമ്മുടെ സമ്പദ്ഘടനയുടെ വളർച്ചയിൽ ഒരു സുപ്രധാന പങ്കു വഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണം. കേരളത്തിലെ കന്നുകാലി സമ്പത്തിന്റെ ഏകദേശം 94 ശതമാനം ഗ്രാമപ്രദേശങ്ങളിലാണ്. കന്നുകാലി ഉടമകളിൽ ഭൂരിഭാഗവും ചെറുകിട കർഷകരും കർഷക തൊഴിലാളികളും ആയതുകൊണ്ട് ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താൻ ഉതകുന്ന വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ ടി രംഗത്തിന് അർഹിക്കുന്ന പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു മൃഗസംരക്ഷണ മേഖല തെല്ലും സ്വയം പര്യാപ്തമല്ല എന്ന ന്യൂനത നിലനിൽക്കുന്നു നമ്മുടെ കന്നുകാലി സമ്പത്ത് ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. നാടൻ പശുക്കളിൽനിന്നും മേൽത്തരം ജനസുകളിലേക്കുണ്ടായ പരിവർത്തനവും അവയെ ഉപയോഗിച്ചുള്ള പാൽ ഉൽപ്പാദനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചതും പശുക്കളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുവാനും എരുമകൾ, ആടുകൾ എന്നിവയുടെ എണ്ണം കുറയുവാനും ഇടയാക്കി. സമഗ്രമായ ആസൂത്രണത്തിന്റെ പിൻബലമുണ്ടെങ്കിൽ മുട്ട–മാംസ ഉത്പാദന മേഖലയിലും വിപ്ലവകരമായ മുന്നേററമുണ്ടാക്കുവാൻ നമുക്ക് കഴിയും.

ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങളും ഒപ്പം കന്നുകാലികൾക്കും കോഴികൾക്കും വേണ്ട തീററ ഉത്പാദിപ്പിക്കുവാനുള്ള പുതിയ സംരംഭങ്ങളും ഉണ്ടാവണം. അറവുശാലയിൽനിന്നുള്ള ഉപ ഉത്പന്നങ്ങളുടെ (ജലാററിൻ, ഓസീൻ തുടങ്ങിയ) ഉത്പാദനവും പ്രാധാന്യം അർഹിക്കുന്നു. ശുദ്ധമായ മാംസോത്പാദനം പോതുജനാരോഗ്യ കാരണങ്ങളാൽ ശ്രദ്ധപതിയേണ്ട മേഖലയാണ്. ജനങ്ങളുടെ ആരോഗ്യം, ശരീരവളർച്ച, ബുദ്ധിവികാസം, രോഗപ്രതിരോധം തുടങ്ങിയവയ്ക്ക് അത്യന്താപേക്ഷിതമായ അമിനോഅമ്ലങ്ങൾ, മാംസ്യം, കൊഴുപ്പ്, ധാന്യകം, വിററമിനുകൾ, ധാതുലവണങ്ങൾ എന്നിവ പ്രദാനം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനം മൃഗസംരക്ഷണ മേഖലയിൽ നിന്നും നിറവേററുന്നു, പലവിധമായ ഔഷധ നിർമ്മാണത്തിനുള്ള വസ്തു വകകൾ ഉൾപ്പെടെ വ്യാവസായിക പ്രാധാന്യം അർഹിക്കുന്ന പല ഘടകങ്ങളും ഈ മേഖലയിൽ നിന്നും നിർലോഭം ലഭിക്കുന്നു. അതുകൂടാതെ മൃഗശക്തി ഉപയോഗം, ഊർജ്ജസ്രോതസ്സ് (ബയോഗ്യാസ്പ്ലാന്റ്), ഈ മേഖലയിലുള്ള തൊഴിലവസരങ്ങൾ തുടങ്ങി

സാമാന്യ ജനങ്ങളുടെ പ്രതിശീർഷ വരുമാനം ഉയർത്തുന്നതും അതുമുഖേന ശക്തമായ ഒരു സമ്പത്ത് ഘടന രൂപപ്പെടുത്തുകയും ചെയ്യുന്ന ഒരു മേഖല ആയതിനാൽ ഈ മേഖല വളരെ പ്രാധാന്യം അർഹിക്കുന്നു.

പശു, ആട് എന്നിവയാണ് ദേവികുളങ്ങര പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. ഉഴവുകാളകളും, എരുമകളും എണ്ണത്തിൽ കുറവാണെങ്കിലും വളർത്തപ്പെടുന്നുണ്ട്. ഈ പഞ്ചായത്തിൽ 75 ശതമാനം കുടുംബങ്ങളും കോഴിവളർത്തലുമായി ബന്ധപ്പെട്ടവരാണ്. ചുരുങ്ങിയ തോതിൽ താറാവും വളർത്തപ്പെടുന്നു.

## കന്നുകാലികളുടെ എണ്ണം

### സങ്കരയിനം

ആൺ: 66, പെൺ: 985

കറവയുള്ളത്: 426 ഇല്ലാത്തത് 559

### നാടൻ

ആൺ: 02 പെൺ: 13

കാവുള്ളത് 04 ഇല്ലാത്തത് 09

## കന്നുകൾ

എരുമ: 43 പോത്ത് 10

കറവയുള്ളത് 19 ഇല്ലാത്തത് 24

## ആട്: 1208

## നായ്ക്കൾ: 747

## കോഴികൾ:

**സങ്കരം 3860 നാടൻ 5000**

## താറാവ് 1750

## മൃഗാശുപത്രി

ദേവികുളങ്ങര മൃഗാശുപത്രി 1985 ആഗസ്റ്റ് 19-ാം തീയതി പ്രവർത്തനം തുടങ്ങി. ആശുപത്രി കെട്ടിടം പഞ്ചായത്തിന്റെ ഏറ്റവും തെക്കെ അറ്റത്ത് മൂന്നാം വാർഡിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു ഈ ആശുപത്രിയുടെ അയൽ സ്ഥാപനമായ പ്രയാർ സൗത്ത് മൃഗാശുപത്രി ഏതാണ്ട് $1\frac{1}{2}$ കി മി. ദൂരത്തിൽ കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ വടക്കേ അറ്റത്തുള്ള 6, 7, 8, 9, 10 വാർഡുകളിലെ കർഷകർക്ക് ഈ ആശുപത്രിയുടെ പ്രയോജനം പൂർണ്ണമായി ലഭിക്കുന്നില്ല.

## അനുവദിച്ചിട്ടുള്ള തസ്തികകൾ

വെറററിനറി സർജൻ—1

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ—1

അറ്റൻഡൻറ്—1

പാർട്ടൈം സ്വീപ്പർ—1

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറുടെ തസ്തിക ദീർഘനാളുകളായി ഒഴിഞ്ഞുകിടക്കുന്നതിനാൽ മൃഗാശുപത്രിയുടെ ദൈനംദിന പ്രവർത്തനത്തിനുള്ള ജീവനക്കാരുടെ അപര്യാപ്തത അനുഭവപ്പെടുന്നുണ്ട്.

## കെട്ടിടം

മൃഗാശുപത്രി പ്രവർത്തിക്കുന്ന വാടകകെട്ടിടത്തിൽ വാടകയ്ക്ക് അനുസൃതമായ സൗകര്യങ്ങൾ ഇല്ല ഒരു ഹാൾ പല ഭാഗങ്ങളായി തിരിച്ച് സൗകര്യങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്ഥല പരിമിതിയുണ്ട്. മൃഗങ്ങളെ കെട്ടുവാനുള്ള സൗകര്യം കോമ്പൗണ്ടിനില്ല.

ആശുപത്രിയിൽ ലബോറട്ടറി, ഓപ്പറേഷൻ തിയേറ്റർ, സ്റ്റെറിലൈസർ, മൈക്രോസ്ക്കോപ്പ്, ഫോൺ, വാഹനം തുടങ്ങിയ സൗകര്യ ഇല്ല മററു മൃഗസംരക്ഷണ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല.

## നടപ്പു പദ്ധതികൾ

ദേവികുളങ്ങര പഞ്ചായത്തിൽ, കഴിഞ്ഞ പഞ്ചവത്സരപദ്ധതി കാലത്ത് പേവിഷ നിയന്ത്രണ പരിപാടി, ഗോരക്ഷാക്യാമ്പ്, പശുക്കളുടെ വന്ധ്യത നിവാരണ ക്യാമ്പ് കുളമ്പുരോഗത്തിനെതിരെയുള്ള പ്രതിരോധ കുത്തിവപ്പ്, ജില്ലാ പഞ്ചായത്തിൽനിന്നും സബ്സിഡി നൽകിക്കൊണ്ട് മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന പദ്ധതി, കോഴിവസന്തയ്ക്കെതിരായ പ്രതിരോധ കുത്തിവയ്പ്, എന്നിവ നടത്തുകയുണ്ടായി. അതു കൂടാതെ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, കാലിവസന്ത നിർമ്മാർജ്ജന പദ്ധതി കാലിരോഗ നിയന്ത്രണ പദ്ധതി, പന്നിവളർത്തൽ വികസന പദ്ധതി, ആടുവളർത്തൽ പദ്ധതി, മുയൽ ഉത്പാദന പദ്ധതി, ഇറച്ചിക്കോഴി വളർത്തൽ വ്യാപകമാക്കുന്ന പരിപാടി, വികസനവും, പരിശീലനവും വിജ്ഞാനവ്യാപനവും, താറാവു കൃഷി വികസനം, കന്നുകാലി വികസനത്തിനുള്ള മൃഗസംരക്ഷണ സേവനങ്ങൾ, കാടയുൽപ്പാദനം, ബീജസങ്കലന സൗകര്യങ്ങൾ വികസിപ്പിക്കൽ, വാക്സിൻ നിർമ്മാണം, രോഗ ഗവേഷണം, സ്വകാര്യ മേഖലയിൽ ഹാച്ചറിയും കന്നുകാലി വളർത്തലും തുടങ്ങിയ പദ്ധതികൾ മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തന മേഖലയിൽ ഉൾപ്പെടുന്നു.

നടപ്പു പദ്ധതികളിൽ ഏററവും പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി. ജനിതക ഗുണമുള്ള പശുക്കുട്ടികൾക്ക് പരിചരണം നൽകി പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക ആദ്യ പ്രസവം 30–ാം മാസത്തിനുള്ളിൽ സാധ്യമാക്കുക, ഇൻഷുറൻസ് പരിരക്ഷ നൽകുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

ഘട്ടംഘട്ടമായി പേവിഷ നിർമ്മാർജ്ജനം ചെയ്യുകയാണ് പേവിഷ നിർമ്മാർജ്ജന പദ്ധതിയുടെ ലക്ഷ്യം. പേവിഷത്തിനുള്ള വാക്സിൻ പകുതി വിലയ്ക്ക് കർഷകന് ലഭ്യമാക്കേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വളർത്തുനായ്ക്കളെ പ്രതിരോധ കുത്തിവയ്പിനു വിധേയമാക്കുകയും ചെയ്യണം. നായ്ക്കളെ വളർത്തുന്നവർ ലൈസൻസ് നിർബന്ധമായും എടുത്തിരിക്കണം.

കുളമ്പുരോഗ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ മുഴുവൻ കന്നുകാലികളെയും 6 മാസത്തെ ഇടവേളയിൽ തുടർച്ചയായി കുളമ്പുരോഗത്തിനെതിരെയുള്ള കുത്തിവയ്പിനു വിധേയമാക്കുകയും അവയെ തിരിച്ചറിയുന്നതിന് ഇയർടാഗ് നൽകുകയും ചെയ്യുന്നു. കുത്തിവയ്പിന് വിധേയമാക്കാത്ത മൃഗങ്ങളെ പററി സർവ്വേ നടത്തി അവയേയും പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കുന്നു.

## നടപ്പു പദ്ധതിയുടെ പോരായ്മകൾ

ഓരോ വർഷവും പ്രതിരോധ കുത്തിവയ്പിനാവശ്യമായ വാക്സീൻ വാങ്ങാനുള്ള പദ്ധതി വിഹിതം ലഭിക്കുന്നില്ല. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര ശുഷ്ക്കാന്തി കാണിക്കുന്നില്ല. പകർച്ചവ്യാധിയായ കാലിവസന്ത കുളമ്പുരോഗം എന്നിവയെ നിയന്ത്രിക്കുവാനുള്ള പദ്ധതിയുടെ പ്രയോജനം നടപ്പിലാക്കാൻ വേണ്ട സൗകര്യങ്ങളുടെ അഭാവം, പന്നിയിറച്ചിയുടെ ഉൽപ്പാദനത്തിന് ആവശ്യമായ പന്നി കുഞ്ഞുങ്ങളെ ലഭിക്കുവാൻ കഴിയുന്നില്ല. നല്ലയിനം മലബാറി ആടുകളുടെ പ്രജനനത്തിനാവശ്യമായ ആടുവളർത്തൽ യൂണിററിന്റെ അഭാവം, ആടുകളുടെ തീററയിനമായ പ്ലാവ്, സുബാബുൾ തുടങ്ങിയ വൃക്ഷങ്ങൾ കൂടുതൽ പ്രചരിപ്പിക്കപ്പെടുന്നില്ല. നല്ലയിനം കോഴികുഞ്ഞുങ്ങളുടെ ദൗലഭ്യം പ്രശ്നമാണ്. ഇറച്ചിക്കോഴി വളർത്തൽ മേഖലയിലെ കർഷകർ അസംഘടിതരാണ്. പ്രാദേശിക സഹകരണ സംഘങ്ങൾ രൂപീകരിച്ച് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി മുന്നോട്ട് പോകേണ്ടതാണ് മുയൽ കുഞ്ഞുങ്ങളുടെ ദൗർലഭ്യവും, വിപണി കണ്ടെത്താനാവാത്തതും മുയൽ വളർത്തൽ പദ്ധതികളുടെ പോരായ്മയാണ് വിജ്ഞാനവ്യാപനവും, കർഷക പരിശീലനവും നടക്കുക്കുണ്ടെ

കിലും അത് അപര്യാപ്തമാണ്. ബ്ലോക്ക് തലത്തിലോ ജില്ലാതലത്തിലോ കർഷക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചാൽ മാത്രമേ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കാനാവൂ. നിലവിലുള്ള സാഹചര്യത്തിൽ മൃഗചികിൽസയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകപ്പെട്ടിട്ടില്ല. മൃഗാശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ഉറപ്പു വരുത്തേണ്ടതാണ്. മൃഗസംരക്ഷണ രംഗവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന അനുബന്ധ സ്ഥാപനങ്ങളുടെ (മിൽമാ ക്ഷീര വികസനവകുപ്പ്, കെ. എൽ. ഡി. ബോർഡ്, വെററിനറി കോളേജ് തുടങ്ങിയവ) പ്രവർത്തനങ്ങളെ സംഘടിതവും പരസ്പരപൂരകവും ആക്കേണ്ടതാണ്.

## പാൽ ഉത്പാദനം

ദേവികുളങ്ങര പഞ്ചായത്തിൽ മൂന്ന് പാൽ വിപണന സഹകരണ സംഘങ്ങൾ (APCOS) ഉണ്ട്. രണ്ടാം വാർഡിൽ പ്രവർത്തിക്കുന്ന പ്രയാർ നോർത്ത് ക്ഷീരോൽപ്പാദക സഹകരണ സംഘം 5-ാം വാർഡിൽ പ്രവർത്തിക്കുന്ന ദേവികുളങ്ങര സഹകരണസംഘം, 9-ാം വാർഡിൽ പ്രവർത്തിക്കുന്ന ഗോവിന്ദമുട്ടം ക്ഷീരോൽപ്പാദക സഹകരണസംഘം എന്നിവയാണ് ഇത്. ഇവയിൽ പ്രയാർ നോർത്തിൽ പ്രവർത്തിക്കുന്ന സംഘത്തിൽ ശരാശരി 360 ലിററർ പാൽ ദിവസേന ലഭിക്കുന്നു. ദേവികുളങ്ങര സംഘത്തിൽ 170 ലിററർ പാലും ഗോവിന്ദമുട്ടം സംഘത്തിൽ 175 ലിററർ പാലും ദിവസേന ലഭിക്കുന്നു. ഉത്പാദകർ അടുത്ത വീടുകളിലും സമീപ ഹോട്ടലുകളിലും വിൽക്കുന്ന പാൽ മൊത്തം ഉത്പാദനത്തിന്റെ ഏതാണ്ടു 65 ശതമാനം ഉത്പാദകഭവനങ്ങളുടെ വീടുകളിൽ മൊത്തം ഉത്പാദനത്തിന്റെ 10 20 ശതമാനംവരെ ഉപയോഗിക്കുന്നു. ഈ പഞ്ചായത്തിൽ ഒരു ദിവസം ഏകദേശം 2215 ലിററോളം പാൽ ഉത്പാദിപ്പിക്കപ്പെടുന്നതായി കണക്കാക്കുന്നു. ഉത്പാദിപ്പിക്കപ്പെടുന്ന പാലിന് ന്യായമായ വില ലഭിക്കുന്നില്ല എന്നത് കർഷകൻ നേരിടുന്ന ഏററവും വലിയ പ്രശ്നമാണ്. ചെറുകിട നാമമാത്ര കർഷകരെലും കർഷക തൊഴിലാളികളെയും ഈ മേഖലയിലേക്ക് ആകർഷിക്കുക ഉപതൊഴിൽ എന്ന രീതിയിലോ, മുഖ്യ തൊഴിലെന്ന രീതിയിലോ പ്രോത്സാഹനം നൽകുക, വീട്ടമ്മമാരുടേയും വിദ്യാർത്ഥികളുടേയും ഒഴിവു സമയം ഫലപ്രദമായി വിനിയോഗിക്കുക, പാലിന്റെ ഉത്പാദനവും, ഉപയോഗവും വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ഓരോ വാർഡിലും ഡയറി യൂണിററുകൾ സ്ഥാപിക്കേണ്ടതാണ്. 3 പശുക്കൾ അടങ്ങുന്ന മിനി ഡയറി യൂണിററുകൾ സ്ഥാപിക്കുന്നതിലേക്ക് പദ്ധതിയുടെ പകുതി ബാങ്കുവായ്പ നാലിലൊന്ന് ധനസഹായം ബാക്കി ഗുണഭോക്താവിന്റെ വിഹിതം എന്ന രീതിയിൽ ധനസഹായം നൽകികൊണ്ട് പഞ്ചായത്തിലെ 15 വനിതകളുടെ ഒരു സംഘത്തിൽ ഒരാൾ കൺവീനറായ മിനി ഡയറി യൂണിററുകൾ സ്ഥാപിക്കണം. കൺവീനറായി സംഘത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിൽ നേതൃത്വം കൊടുക്കണം.

## മാംസോൽപ്പാദനം

ദേവികുളങ്ങര പഞ്ചായത്തിൽ അറവുശാലയില്ല. പഞ്ചായത്തിന് പുറത്തുനിന്നും അശാസ്ത്രീയമായി അറക്കുന്ന മൃഗങ്ങളുടെ മാംസമാണ് പഞ്ചായത്തിന്റെ ഇതരഭാഗങ്ങളിൽ വിററഴിക്കപ്പെടുന്നത്. മാംസ പരിശോധനയ്ക്കുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ പഞ്ചായത്തിൽ ഒരു മാംസോത്പാദക സഹകരണസംഘം രൂപീകരിച്ച് ശാസ്ത്രീയമായ അറവുശാലയും സംസ്ക്കരണ ശാലയും സ്ഥാപിക്കുകയാണെങ്കിൽ മാംസോത്പാദന രംഗത്ത് വിപ്ലവകരമായ നേട്ടമുണ്ടാക്കാൻ സാധിക്കും. ഇതിനായി ആരോഗ്യമുള്ള മൂരിക്കുട്ടികളെയും പോത്തിൻകുട്ടികളെയും തിരഞ്ഞെടുത്ത് വളർത്തുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം തൊഴിൽരഹിതരും തൽപ്പരരുമായവർക്ക് നൽകി പ്രോത്സാഹിപ്പിക്കണം. അഭ്യസ്തവിദ്യരായ 5 പേർ ചേർന്നു തുടങ്ങുന്ന ആധുനിക അറവുശാലയും മാംസോത്പാദന, സംസ്ക്കരണ വിപണനശാലയും രൂപീകരിച്ച് ഇവർക്ക് പരിശീലനം നൽകുകയും ചെയ്യണം.

# ആടുവളർത്തൽ

പഞ്ചായത്തിലെ കർഷകർ ആടുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവരുണ്ട്. എന്നാൽ ശാസ്ത്രീയമായ കൂടുകൾ നിർമ്മിക്കുവാൻ വേണ്ട താൽപര്യം കർഷകർ കാണിക്കുന്നില്ല. അഴിച്ചുവിട്ടു തീററുകയോ കൂട്ടിൽ നിർത്തി തീററുകയോ ആണ് സാധാരണ ചെയ്യുന്നത്. ആടുവളർത്തലിൽ താൽപ്പര്യമുള്ളവരുണ്ടെങ്കിലും ഈ രംഗത്തെ പരിശീലനക്കുറവ് തീററയുടെ ദൗർലഭ്യം ആട്ടിൻകുഞ്ഞുങ്ങളുടെ ദൗർലഭ്യം എന്നിവ അനുഭവപ്പെടുന്നു. തീററ കുറഞ്ഞ ചിലവിൽ ലഭിക്കുന്നതിനായി പ്ലാവ്, സുബാബുൾ മുരിക്ക്, ശീമക്കൊന്ന മുതലായവ നട്ടുവളർത്താൻ സാധിക്കുകയും സഹകരണവിപണന ശൃംഖല, ശാസ്ത്രീയമായ അറവുശാല എന്നിവ സ്ഥാപിക്കുകയും ചെയ്താൽ ഈ രംഗം പുഷ്ടിപ്പെടുത്താവുന്നതാണ്.

# മുരിക്കുട്ടികളെ / പോത്തിൻകുട്ടികളെ വളർത്തൽ

പഞ്ചായത്തിലുണ്ടാകുന്ന മൂരിക്കുട്ടികളും പോത്തിൻ കുട്ടികളും വേണ്ടത്ര സംരക്ഷണം ലഭിക്കാതെ ചത്തുപോകുകയോ 4–6 മാസം പ്രായമാകുമ്പോൾ അറക്കുന്നതിനായി വിൽക്കുകയും ചെയ്യുന്നു. എന്നാൽ ശാസ്ത്രീയമായി വളർത്തപ്പെടാതെ വളരെ തുച്ഛമായ ഭാരംമാത്രമുള്ള കിടാക്കൾക്ക് വിലയും വളരെ കുറവാണ് ലഭിക്കുന്നത്. തൊഴിൽരഹിതരും തൽപ്പരരുമായവരെ തിരഞ്ഞെടുത്ത് ഉൽസാഹിപ്പിക്കുകയും അവർക്ക് ധനസഹായം ഏർപ്പെടുത്തി മാംസോൽപാദനത്തിനു വേണ്ടി നമ്മുടെ പഞ്ചായത്തിലുണ്ടാകുന്ന മൂരിക്കുട്ടികളേയും പോത്തിൻകുട്ടികളേയും ശാസ്ത്രീയമായി വളർത്തുകയും കാലിത്തീററ, പുല്ല് എന്നിവയുടെ ലഭ്യത ഉറപ്പാക്കുകയും ചെയ്യാവുന്നതാണ്.

# ബ്രോയിലർ കോഴിയിറച്ചി ഉൽപ്പാദനം

പഞ്ചായത്തിൽ മുട്ടയുത്പാദനത്തിനുള്ള കോഴികളിൽ 20 ശതമാനവും പൂവൻകോഴികളിൽ ഏകദേശം മുഴുവനും മാംസ്യാവശ്യത്തിനായി ഉപയോഗിക്കുന്നു. 5-ാം വാർഡിലും, 8-ാം വാർഡിലും ഓരോ ബ്രോയിലർ ഫാമുകൾ ഉണ്ട്. പഞ്ചായത്തിനുപുറത്തുനിന്നും പഞ്ചായത്തുനിവാസികൾ വാങ്ങുന്ന കോഴികളുടെ എണ്ണം തുലോം കുറവാണ്. ബ്രോയിലർ കോഴിവളർത്തലിൽ താൽപ്പര്യമുള്ളവരെ പ്രോത്സാഹിപ്പിച്ച് ഈ രംഗത്തേക്ക് കൊണ്ടുവരുകയും ബ്രോയിലർ കുഞ്ഞുങ്ങളെ ലഭ്യമാക്കുകയും വേണം. കോഴിവളർത്തലിൽ പരിശീലനം നൽകുന്നതോടൊപ്പം തീററ ലാഭകരമായി ലഭിക്കത്തക്കരീതിയിൽ ഒരു ഫീഡ്മിക്സിംഗ് യൂണററ് സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനായി ധനസഹായം ലഭ്യമാക്കാവുന്നതാണ്.

# മുട്ടയുത്പാദനം

പഞ്ചായത്തിൽ മുട്ടകോഴിവളർത്തൽ കേന്ദ്രങ്ങളില്ല വീടുകളിൽ വളർത്തപ്പെടുന്ന കോഴിയുടെ മുട്ടകൾ 50–65 ശതമാനം മാത്രമെ വിപണിയിൽ എത്താറുള്ളു. മുട്ടയുത്പാദനത്തിൽ ദേവികുളങ്ങര പഞ്ചായത്തു സ്വയം പര്യാപ്തമല്ല, കോഴിവളർത്തലിൽ താൽപര്യമുള്ളവർ ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ അധിക കുടുംബങ്ങൾക്കും സ്ഥലപരിമിതിയുള്ളതിനാൽ കോഴികളെ അഴിച്ചുവിട്ടു വളർത്തുന്ന രീതി (Backard system) മററുള്ളവർക്കും വിളകൾക്കും ശല്യമനുഭവപ്പെടുന്നതിനാൽ പ്രായോഗികമല്ല. വേണ്ട പരിശീലനം കൊടുത്ത് ഒരു കുടുംബത്തിന് 10 കോഴിക്കുഞ്ഞുങ്ങളും ഒരു കൂടും നൽകിയാൽ (Cage layer Management system) ശാസ്ത്രീയമായി കൂട്ടിൽ ഇട്ടു വളർത്തുന്നരീതിയിൽ ചുരുങ്ങിയ സ്ഥലത്ത് കൂടുതൽ കോഴികളെ വളർത്താവുന്നതാണ്. നിലവിലുള്ള എഗ്ഗർ നേഴ്സറികൾ വ്യാപിപ്പിക്കുകയോ ഒരു ഹാച്ചറി തുടങ്ങുവാനുള്ള പദ്ധതി രൂപീകരിക്കുകയോ ചെയ്താൽ മുട്ടക്കോഴി കുഞ്ഞുങ്ങളുടെ വിതരണം സാദ്ധ്യമാക്കാവുന്നതാണ്. താറാവ് നഴ്സറികൾ സ്ഥാപിക്കാൻ വേണ്ട ധനസഹായം ഏർപ്പെടുത്തി ആവശ്യമുള്ള കർഷകർക്ക് താറാവിൻ കുഞ്ഞുങ്ങളെ ലഭ്യമാക്കാവുന്നതാണ്. കാട ടർക്കി, ഗിനിക്കോഴി എന്നിവയേയും വളർത്തുവാൻ താൽ

പര്യമുള്ള കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഉത്പ്പന്നങ്ങൾ വിററഴിക്കുവാൻ ഒരു സഹകരണ വിപണനശൃംഖല ആവശ്യമാണ്.

## കാലിത്തീററ / കോഴിത്തീററ ഉത്പാദനം

ഒഴിഞ്ഞുകിടക്കുന്ന ഭൂമികളിലും, തെങ്ങിൻ തോപ്പുകളിലും, ഓഫീസ്, സ്ക്കൂൾവളപ്പിലെ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ അനുയോജ്യമായ സ്ഥലത്ത് മരച്ചീനികൃഷിയും ബാക്കിയുള്ള സ്ഥലങ്ങളിൽ തീററപുൽ കൃഷിയും വ്യാപിപ്പിക്കണം. ജോലിക്കാരുടെ ദൗർലഭ്യം, ഉയർന്ന കൂലി തുടങ്ങിയ കാരണങ്ങളാൽ നെൽകൃഷി നടത്താൻ സാധിക്കുന്നവരെ ആവശ്യമായ സഹായം നൽകി നെൽകൃഷിചെയ്യുവാൻ പ്രോത്സാഹിപ്പിച്ചാൽ നമ്മുടെ കന്നുകാലികൾക്ക് ആവശ്യമുള്ള വൈക്കോൽ ഉത്പാദിപ്പിക്കുവാൻ സാധിക്കും. ഇങ്ങനെ ഉത്പാദിപ്പിക്കപ്പെടുന്ന മരച്ചീനി, തവിട്, ദേവികുളങ്ങര പഞ്ചായത്തിൽ നിർലോഭമായി ലഭിക്കുന്ന കൊഞ്ചിന്റെ ഉണങ്ങിയ തോട്, തേങ്ങാപിണ്ണാക്ക് മുതലായവ ഉപയോഗിച്ച് ഒരു ഫീഡ് മിക്സിംഗ് യൂണിററ് സഹകരണ അടിസ്ഥാനത്തിൽ സ്ഥാപിക്കാവുന്നതാണ്. ഇത്തരം യൂണിററിൽനിന്നും ഉത്പാദിപ്പിക്കുന്ന തീററ ഓരോ വാർഡിലേയും ആവശ്യമായ കർഷകർക്ക് വിപണനം ചെയ്യാവുന്നതാണ്. സുബാബുൾ, പ്ലാവ് എന്നീ വൃക്ഷങ്ങൾ നട്ടു പിടിപ്പിക്കുന്നത് വഴിയും പശു, ആട് എന്നിവയ്ക്ക് വേണ്ട തീററ ലഭ്യമാക്കാം.

## കാട-മുയൽ-താറാവുവളർത്തൽ

സഹകരണവിപണനശൃംഖല സാദ്ധ്യമാകുകയാണെങ്കിൽ ഈ രംഗം പുഷ്ടിപ്പെടുത്താൻ സാധിക്കും. തീരപ്രദേശമായ ദേവികുളങ്ങര പഞ്ചായത്തിൽ താറാവുകൃഷിക്ക് അനന്തമായ സാധ്യതകൾ ഉണ്ട്. താറാവ് നഴ്സറി സ്ഥാപിച്ച് നല്ലയിനം താറാവിൻകുഞ്ഞുങ്ങളെ കൂടുതൽ ലഭ്യമാക്കിയാൽ കർഷകർ ഈ രംഗത്തേക്ക് ആകർഷിക്കപ്പെടും.

## തുകൽ ഉത്പാദനം / അറവുശാല ഉപോത്പന്നങ്ങൾ

പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കാവുന്ന ശാസ്ത്രീയമായ അറവുശാലതുകൽ ഉത്പാദനംവഴി സാമ്പത്തികനേട്ടം കൈവരുത്തുവാൻ സാധിക്കുന്ന ഒന്നാണ്. അറവുശാല ഉപോത്പന്നങ്ങളായ എല്ല്, കൊഴുപ്പ്, ഗ്രന്ഥി, രക്തം, കരൾ എന്നിവ ഫാർമസ്യൂട്ടിക്കൽ കമ്പനികൾക്കും തീററനിർമ്മാണ കമ്പനികൾക്കും അത്യാവശ്യമാണ്.

## ജൈവവളം

ഇപ്പോൾ പഞ്ചായത്തിലുള്ള മൃഗസമ്പത്ത് നമുക്ക് ആവശ്യമായ ജൈവവളം നൽകത്തക്ക പര്യാപ്തമല്ല. പലവിധ രാസവളങ്ങൾ തുടർച്ചയായി ഉപയോഗിക്കുന്നതുമൂലം മണ്ണിന്റെ രാസഘടനയ്ക്ക് വ്യത്യാസമുണ്ടാകുന്നതോടൊപ്പം വയലിൽ ഉപയോഗിക്കുന്ന രാസപദാർത്ഥങ്ങൾ മൽസ്യസമ്പത്തിന് ഭീഷണിയാവുകയും ചെയ്യുന്നു. നമ്മുടെ മൃഗസംരക്ഷണ മേഖല പുഷ്ടിപ്പെടുത്തുന്നതുവഴി കൃഷിക്ക് ആവശ്യമായ ജൈവവളം ഉത്പാദിപ്പിക്കാൻ കഴിയും.

## മൃഗശക്തി

ചിലവുകുറഞ്ഞ രീതിയിൽ നിലം ഉഴുന്നതിന് കാളകളെയും പോത്തിനെയും ഉപയോഗിക്കുന്നതുവഴി നമ്മുടെ കൃഷി ചെലവ് കുറക്കുവാൻ സാധിക്കും. ഇതിനായി നല്ലയിനം കാളക്കുട്ടികളെയും പോത്തിൻകുട്ടികളെയും വളർത്തുവാനുതകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കണം.

## ഊർജ്ജം

ബയോഗ്യാസ്പ്ലാന്റ് നിർമ്മാണത്തിനുള്ള ചിലവ്, സാങ്കേതികപരിജ്ഞാനത്തിന്റെ കുറവ്, സ്ഥലസൗകര്യത്തിന്റെ അപര്യാപ്തത, പലപ്പോഴും രണ്ടിലധികം പശുക്കളെ സംരക്ഷിക്കുവാൻ കർഷകർ കാണിക്കുന്ന വൈമുഖ്യം മുത

പ്രായ കാരണങ്ങളാലും, ആധുനിക യുഗത്തിൽ ന്യൂക്ലിയസ് കുടുംബങ്ങളെന്നറിയപ്പെടുന്ന ചെറിയകുടുംബങ്ങളിൽ ഒരു ബയോഗ്യാസ്പ്ലാന്റ് നോക്കി നടത്തുവാൻ വേണ്ട മനുഷ്യശേഷി ഇല്ലാത്തതിനാലും ബയോഗ്യാസ്പ്ലാന്റുകളുടെ നിർമ്മാണവും ഉപയോഗവും കുറഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ ജനങ്ങളുടെ കൂട്ടായ സഹകരണം മൂലം മേൽ ഉദ്ധരിച്ച പരിമിതികളും അപാകതകളും പരിഹരിക്കാവുന്നതാണ്. ഇതിലേക്കായി ഓരോ വാർഡുതലത്തിലും ഒരു ഊർജ്ജോൽപ്പാദന യൂണിറ്റു (Power generation unit) സ്ഥാപിക്കണം. ഇതിനു വേണ്ട പ്രവർത്തന മൂലധനവും സ്ഥലസൗകര്യങ്ങളും ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ കണ്ടെത്താവുന്നതാണ്. ഉത്പാദിപ്പിക്കുന്ന ഊർജ്ജം ഓരോ യൂണിറ്റിന്റേയും പരിധിയിൽ വരുന്ന ഉപഭോക്താക്കൾക്ക് നിശ്ചിതമായ ഒരു തുക ഈടാക്കിക്കൊണ്ട് വിപണനം ചെയ്യാവുന്നതാണ്. ഇതിന്റെ ഉപോൽപ്പന്നമായി ലഭിക്കുന്ന ജൈവവളം കൃഷി ആവശ്യത്തിന് കർഷകർക്ക് വിഭജിച്ചു നൽകാം.

## കർഷക പരിശീലനം

മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട കർഷകർക്ക് ആലപ്പുഴ ജില്ല അടിസ്ഥാനമാക്കി ഒരു കർഷക പരിശീലന കേന്ദ്രം സ്ഥാപിക്കാവുന്നതാണ്. മൃഗസംരക്ഷണവും അനുബന്ധ വിഷയങ്ങളുമായി ബന്ധപ്പെട്ട കർഷകർക്ക് ഇപ്രകാരം സൗജന്യ പരിശീലനം നൽകിയാൽ ഈ മേഖലയിലേക്ക് കടന്നുവരാൻ അനേകർ തയ്യാറാകും.

## കന്നുകാലികളുടെ ആകസ്മിക മരണംമൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ

കൃത്രിമ ബീജസങ്കലനംവഴി നാടൻ പശുക്കളിൽനിന്നും മേൽത്തരം ജനുസ്സുകളിലേക്കുണ്ടായ പരിവർത്തനംമൂലം പാൽ ഉത്പാദനത്തിൽ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. ഉത്പാദന ചിലവും വളരെ വലുതാണ്. ആകസ്മികമായി ഒരു പശു നഷ്ടമായാൽ അതിന്റെ നഷ്ടം കർഷകൻതന്നെ വഹിക്കേണ്ടിവരുന്നു. ഒരു സാധാരണക്കാരന്റെ ഉപജീവനമാർഗ്ഗംതന്നെ നിന്നുപോകുന്ന അവസ്ഥയാണിത്. തന്മൂലം ധനസഹായം നൽകിയിട്ടുള്ള സ്ഥാപനങ്ങൾക്ക് അവർ കടക്കാരായി തീരുകയും ചെയ്യുന്നു. ഈ പ്രശ്നത്തിന് പരിഹാരമായി ഇൻഷുറൻസ് പ്രീമിയം കുറച്ചുകൊണ്ടുള്ള ഒരു സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി–മാസ്റ്റർപോളിസി ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

## വന്ധ്യത നിവരണം

പശുക്കളിൽ കണ്ടുവരുന്ന വന്ധ്യതമൂലം പ്രത്യുൽപ്പാദനശേഷി നഷ്ടപ്പെട്ട മൃഗങ്ങൾക്ക് അർഹിക്കുന്ന വില ലഭിക്കാതെ അറവുശാലയിലേക്ക് പോകുന്നുണ്ട്. ബ്ലോക്കുതലത്തിൽ ഒരു കർമ്മസമിതി രൂപീകരിച്ച് അവയുടെ സേവനം അതാതു പഞ്ചായത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ലഭ്യമാക്കുകയും ചെയ്താൽ ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കും.

## പേവിഷ നിർമ്മാർജ്ജനം

പേപ്പട്ടിശല്യം പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ പലപ്പോഴും ഉണ്ടാകാറുണ്ടെങ്കിലും ദേവികുളങ്ങര പഞ്ചായത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ പേവിഷബാധയേറ്റു മരിച്ചത് ഒരാൾ മാത്രമാണ്. എന്നാൽ കടിയേറ്റ പലരും ചികിത്സയ്ക്ക് വിധേയമായിട്ടുണ്ട്. വിലകൂടിയ നല്ലയിനം പശുക്കളും എരുമകളും പേവിഷബാധയേറ്റ് സമീപകാലങ്ങളിൽ നഷ്ടപ്പെട്ടിട്ടുണ്ട്. നായ്ക്കളുടെ വാക്സിനേഷൻ, ലൈസൻസ് എന്നിവ കർശനമായി നടപ്പാക്കാൻ ഒരു നടപടിയും ഇപ്പോൾ സ്വീകരിച്ചിട്ടില്ല. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം വളരെയേറെയുണ്ട്. ഇത്തരുണത്തിൽ പേവിഷബാധ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ഒരു സമഗ്ര പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടത് അത്യാവശ്യമാണ്. കുറഞ്ഞവിലയ്ക്ക് വാക്സീൻ ലഭ്യമാക്കാനും വാർഡുതലത്തിൽ വളർത്തു നായ്ക്കളെ

പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കുവാനും നടപടികൾ സ്വീകരിക്കണം. അതിനോടൊപ്പംതന്നെ അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കാൻ വേണ്ട പദ്ധതികൾ കർശനമായി നടപ്പാക്കണം. നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് ഏർപ്പെടുത്തണം.

## കർഷകർക്ക് അവാർഡ്

മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി മികച്ച കർഷകർക്ക് അവാർഡുകൾ നൽകി അവരെ പ്രോത്സാഹിപ്പിക്കുവാൻ പഞ്ചായത്തിൽനിന്നും നടപടികൾ സ്വീകരിക്കാവുന്നതാണ്.

## മൃഗസംരക്ഷണ മേഖലയിൽ സാധാരണയായി കാണുന്ന പ്രശ്നങ്ങൾ

1. മൃഗസംരക്ഷണ മേഖലയിലേക്ക് കടന്നുവരുവാനുള്ള അഭ്യസ്തവിദ്യരുടെ വിമുഖത.
2. ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യവും, അനിയന്ത്രിത വിലയും.
3. ഉൽപ്പാദകന് കിട്ടുന്ന പാൽവില, ഉൽപ്പാദന ചിലവിന് അനുസൃതമല്ല.
4. ഉപഭോക്താവിന് മിതമായ വിലയ്ക്ക് പാൽ ലഭ്യമാകുന്നില്ല.
5. വിപണനരംഗത്തെ അപര്യാപ്തത.
6. ഭാരിച്ച ചികിത്സാ ചിലവ്.
7. വായ്പ നൽകുന്നതിന് ധനകാര്യ സ്ഥാപനങ്ങളുടെ വിമുഖത.
8. ഇൻഷുറൻസ് പരിരക്ഷയുടെ അപര്യാപ്തത.
9. ചുരുങ്ങുന്ന മേച്ചിൽ സ്ഥലങ്ങൾ.
10. പെരുകുന്ന ഉൽപ്പാദന ചെലവ്.
11. തീറ്റപ്പുൽ കൃഷിയുടെ അഭാവം.
12. കർഷകരുടെ ആവശ്യാനുസരണം ഗുണമേന്മയുള്ള പക്ഷിമൃഗാദികളുടെ ദൗർലഭ്യം.
13. അശാസ്ത്രീയമായ മാംസോൽപ്പാദന വിപണന രീതികൾ.
14. വിവിധ ഏജൻസികളിലൂടെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രിതമല്ലാതെ ഒരേ കാര്യം ചെയ്യുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ.
15. സാങ്കേതിക പരിജ്ഞാനമില്ലാത്തവരുടെ മൃഗചികിത്സ.
16. ഈ മേഖലയിലുള്ള കുറഞ്ഞ വനിതാപങ്കാളിത്തം.
17. കാലാനുസൃതമായ അടിസ്ഥാന സൗകര്യങ്ങൾപോലുമില്ലാത്ത മൃഗാശുപത്രികളും ഉപകേന്ദ്രങ്ങളും (സ്വന്തമായ കെട്ടിടം, ഉപകരണങ്ങൾ, പരിശോധനാസ്ഥലം, ലബോറട്ടറി, മരുന്നുകൾ, ടെലിഫോൺ, വാഹന സൗകര്യങ്ങൾ മുതലായവ)
18. സമഗ്ര പേവിഷ നിയന്ത്രണ നയത്തിന്റെ ആസൂത്രിത തുടർപരിപാടിയുടെ അഭാവം.

## പ്രശ്ന പരിഹാര സാധ്യതകൾ

1. പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കണം.
2. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായവരെ ഈ മേഖലയിലേക്ക് ആകർഷിക്കുവാനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക.
3. പഞ്ചായത്ത് പുറമ്പോക്ക് സ്ഥലങ്ങൾ തീറ്റപ്പുൽ കൃഷിക്കുവേണ്ടി ലേലവ്യവസ്ഥയിൽ ഉപയോഗിക്കുക.
4. പാൽ വിപണന സ്ഥാപനങ്ങൾ കർഷകന് പ്രാപ്യമായ രീതിയിൽ പുനരാസൂത്രണം ചെയ്യുകയും പാലിന് അർഹമായ വില ഉറപ്പുവരുത്തുകയും വേണം.
5. പാൽ സൊസൈറ്റിയും ധനകാര്യസ്ഥാപനങ്ങളും കർഷകനും ചേർന്ന് കൂട്ടുത്തരവാദിത്വത്തോടെയുള്ള വായ്പാസംവിധാനം ഉണ്ടാക്കുക.
6. മൃഗാശുപത്രി വികസനസമിതി രൂപീകരിക്കുകയും ആധുനിക സൗകര്യങ്ങൾ മൃഗാശുപത്രികളിൽ ലഭ്യമാക്കുകയും വേണം.
7. മൃഗാശുപത്രികളിൽ ആവശ്യം മരുന്നുകൾ ലഭ്യമാക്കുക.

8. പഞ്ചായത്ത് തലത്തിൽ വളർത്തുപക്ഷിമൃഗാദികൾക്ക് മാസ്റ്റർ പോളിസിവഴി ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുക.

9. വർഗോദ്ധാരണത്തിനുവേണ്ടി 500 പശുക്കൾക്ക് ഒന്ന് എന്ന തോതിൽ കൃത്രിമ ബീജ സങ്കലന സ്ഥാപനങ്ങൾ ആരംഭിക്കണം.

10. ആധുനിക രീതിയിലുള്ള ശാസ്ത്രീയമായ അറവുശാലകൾ പ്രാദേശികമായി സ്ഥാപിക്കുകയും ശുദ്ധമായ മാംസവിപണന സൗകര്യങ്ങൾ ഉറപ്പാക്കുകയും വേണം.

11. മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ ശാസ്ത്രീയമായി നടപ്പാക്കാൻ സൗകര്യം ഉണ്ടാക്കുക.

12. ചികിത്സാരംഗം രജിസ്ട്രേഷനുള്ളവർക്ക് മാത്രമായി നിജപ്പെടുത്തുക.

13. വനിതാസംഘടനകളുടെ രൂപീകരണംവഴി മൃഗസംരക്ഷണ മേഖലയിലെ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുക.

14. സമഗ്ര പേവിഷ നിയന്ത്രണ നയം ഉണ്ടാക്കുകയും പഞ്ചായത്തിലെ എല്ലാ വളർത്തുനായ്ക്കൾക്കും പ്രതിരോധ കുത്തിവയ്പ് നൽകുകയും ലൈസൻസിംഗ് നിർബന്ധമാക്കുകയും അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വേണം.

## ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന ആവശ്യങ്ങൾ

1. ഒന്നാം വാർഡിൽ ക്ഷീര സഹകരണസംഘം സ്ഥാപിക്കുക.
2. സൗജന്യനിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുക
3. കുളമ്പുരോഗ നിർമ്മാർജ്ജനം പേയ്‌വിഷബാധ നിർമ്മാർജ്ജനം എന്നിവ നടപ്പിലാക്കുക.
4. കന്നുകാലികളെ വാങ്ങുന്നതിനും തൊഴുത്തു നിർമ്മിക്കുന്നതിനും സബ്സിഡി അനുവദിക്കുക.
5. തീറ്റപ്പുൽകൃഷി വർദ്ധിപ്പിക്കുവാനും കാലിത്തീറ്റ നിർമ്മാണത്തിനും ലോൺ അനുവദിക്കുകയും സഹകരണസംഘം രൂപീകരിച്ച് ധനസഹായം നൽകുകയും ചെയ്യുക.
6. സർക്കാർ മൃഗാശുപത്രി ദേവികുളങ്ങര പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തേയ്ക്ക് മാറ്റി സ്ഥാപിക്കുക.
7. മൃഗസംരക്ഷണവകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങൾക്ക് ബോധവൽക്കരണ ശിൽപ്പശാലകൾ നടത്തുക
8. കോഴി, താറാവ് തുടങ്ങിയവയെ മറ്റുള്ളവർക്കും കൃഷിക്കും ശല്യമുണ്ടാകാത്തവിധത്തിൽ വളർത്തുവാൻ ആവശ്യമായ സാങ്കേതിക പരിജ്ഞാനവും സംവിധാനവും പ്രദാനം ചെയ്യുക.
9. കാലിത്തീറ്റവില കുറച്ച് അതാത് വാർഡിൽ ലഭിക്കുവാൻ വേണ്ട ഡിപ്പോകൾ സ്ഥാപിക്കുക.
10. ഉൽപ്പാദന ചിലവനുസരിച്ച് പാലിന് അർഹമായ വില ലഭിക്കുവാൻ നടപടി സ്വീകരിക്കുക.
11. പഞ്ചായത്തിലെ ഓരോ കർഷകനും അത്യുൽപ്പാദനശേഷിയുള്ള പശുകിടാക്കളെ വിതരണം ചെയ്യുക.
12. പശുക്കൾക്ക് കൃത്രിമ ബീജ സങ്കലന പരിപാടി പൂർണ്ണമായും സൗജന്യമാക്കുക.
13. ഭ്രൂണമാറ്റംവഴിയുള്ള വംശവർദ്ധന പരിപാടിയും പ്രീമിയം ബുൾസെമൻ ഉപയോഗിച്ചുള്ള ബീജസങ്കലന പരിപാടിയും നടപ്പിലാക്കുക.
14. ഓരോ വാർഡിലും ഓരോ ഇറച്ചിക്കോഴി, മുട്ടക്കോഴി ഫാമുകൾ തുടങ്ങുവാൻ ധനസഹായം ഏർപ്പെടുത്തുക.
15. ദേവികുളങ്ങര പഞ്ചായത്തിൽ ഒരു ഹാച്ചറി സ്ഥാപിക്കുക.
16. വൈക്കോലിന്റെ ദൗർലഭ്യത്തിന് പരിഹാരം കാണുക.
17. മുയൽ വളർത്തൽ പദ്ധതി നടപ്പിലാക്കുക.
18. ശുദ്ധമായ മാംസോൽപ്പാദനവും വിപണനവും നടപ്പിലാക്കുക.
19. നമ്മുടെ പഞ്ചായത്തിൽ ശാസ്ത്രീയമായ ഒരു അറവുശാല സ്ഥാപിക്കുക.
20. കന്നുകാലികളുടെ ഇൻഷുറൻസ് പദ്ധതി മാസ്റ്റർ പോളിസി നടപ്പിലാക്കുകയും

അവ കാലാകാലങ്ങളിൽ പുതുക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുക.

21. രോഗചികിൽസാ സംബന്ധമായ കാര്യങ്ങളിൽ ജനങ്ങളെ ബോധവൽക്കരിക്കുക.

22. ആകസ്മികമായി മരണപ്പെടുന്ന കന്നുകാലികളുടെ രോഗ നിർണ്ണയത്തിനുള്ള നടപടി സ്വീകരിക്കുക.

23. ഓരോ വാർഡിലും സഹകരണാടിസ്ഥാനത്തിൽ ഡയറിഫാമുകൾ സ്ഥാപിക്കുകയും അനുബന്ധ ഗോബർഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുകയും ചെയ്യുക.

24. 6–ാം വാർഡിലും 7–ാം വാർഡിലും ഓരോ മിൽമാ സ്റ്റാളുകൾ സ്ഥാപിക്കുക.

25. പാൽ സൊസൈറ്റികളിൽ ശരിയായ രീതിയിൽ പാൽ പരിശോധനയും വിപണനവും നടത്തുവാൻ വേണ്ട കർശന നടപടികൾ സ്വീകരിക്കുക.

26. 7–ാം വാർഡിൽ ഒരു ഐ സി ഡി. പി സബ്സെന്റർ സ്ഥാപിക്കുക

27. 6–ാം വാർഡിൽ ഒരു പാൽ സംസ്കരണ ശാല സ്ഥാപിക്കുക.

***



# മത്സ്യബന്ധനം

അറബ്യൻ സമുദ്രവും കായംകുളം കായലുമായി സമ്മേളിക്കുന്ന കായംകുളം പൊഴിയിൽ നിന്നും കായലിലൂടെ 800 മീററർ കിഴക്കോട്ടു വരുമ്പോൾ ദേവികുളങ്ങര പഞ്ചായത്തിൻെറ പടിഞ്ഞാറതൃത്തിയിലെത്തുന്നു. തുടർന്ന് കിഴക്കോട്ട് 1200 മീററർ കായലിലൂടെ സഞ്ചരിച്ചാൽ പൊഴിയുടെ നേർ കിഴക്കായി സ്ഥിതിചെയ്യുന്ന മങ്ങാട്ടുശ്ശേരി കടവിലെത്താം. നമ്മുടെ പഞ്ചായത്തിൽ കായലിലും പടിഞ്ഞാറ് T. M. ചിറ, കണ്ടപ്പുറം, വഴി കായംകുളം ബോട്ടുജെട്ടിവരെയുള്ള കായൽ തീര അതൃത്തിക്ക് 7 കി. മീ. നീളമുണ്ട് പ്രയാർ, പുതുപ്പള്ളിതെക്ക്, പുതുപ്പള്ളിവടക്ക്, ഗോവിന്ദമുട്ടം ഭാഗത്ത് കായലിൻെറ കിഴക്കുകരയിൽ 5 കി. മീ. നീളത്തിലും, കായൽ തീരമുണ്ട്. അപ്രകാരം 12 കി. മീ. കായൽതീരം നമ്മുക്കുണ്ട്. കായംകുളം കായലിൻെറ 3 ച: കി. മീ. വിസ്തീർണ്ണമുള്ള ഭാഗം നമ്മുടെ പഞ്ചായത്തിലാണ്. ഈ പ്രദേശത്തെ കണ്ടൽ ജന്തുസസ്യമേഖലയായി കണക്കാക്കാം ഭാഗികലവണ ജലമത്സ്യങ്ങൾ, ചെമ്മീനുകൾ, കക്കാകൾ, കണ്ടൽ മരങ്ങൾ എന്നിവയുടെ ആവസ പ്രദേശമാണിത്.

ഗോവിന്ദമുട്ടം മുതൽ തെക്ക് ഓച്ചിറ പഞ്ചായത്ത് അതൃത്തിവരെ 3.5 കി. മീററർ നീളമുള്ള തഴത്തോട് ഉദ്ദേശം 800 ഹെക്ടർ വിസ്തീർണ്ണമുള്ള ശുദ്ധജലമത്സ്യ ആവാസ സ്ഥലമാണ്. പഞ്ചായത്തിൻെറ വടക്കുകിഴക്ക് കൃഷ്ണപുരം തോടിൻെറ പടിഞ്ഞാറുകര 1500 മീററർ നീളമുള്ള പ്രദേശത്ത് തോട്ടിലും ചാലുകളിലും മുണ്ടകപ്പാടത്തും ശുദ്ധജല മത്സ്യ ആവാസമുണ്ട്. പുതുപ്പള്ളിതെക്കു കരയുടെ തെക്കേതൃത്തിയിലെ 1100 മീററർ നീളമുള്ള മാരാൻതോടും, വടക്കതൃത്തിയിൽ സ്ഥിതിചെയ്യുന്ന വേമ്പനാട്ടുതോട് 500 മീററർ നീളത്തിലും ഒരുജല മത്സ്യ ആവാസ പ്രദേശമാണ്. 1, 4, 6, 8, 9 വാർഡുകളിൽ തെക്കുവടക്ക് 3½ കി മീ, കണ്ടപ്പുറത്ത് 2 കി. മീ. നീളമുള്ള പ്രദേശത്തും മുണ്ടകപ്പാടങ്ങൾ ഇന്ന് ഒരുജല മത്സ്യ ആവാസ പ്രദേശമാണ.

പ്രയാർ വാർഡുകളിൽ കാര്യാടി, താനാകുളം, പ്രയാർ H. S. കുളം, പതുപ്പള്ളിതെക്ക്, കാവുകുളം, തെക്കേആഞ്ഞിലിമൂട്കുളം വടക്ക് കൊച്ചുമുറിയിൽ, കോയ്കുളം, ചൂളൂർകുളം, തുടങ്ങി നിരവധി പഞ്ചായത്ത് കുളങ്ങളും അമ്പലക്കുളങ്ങളും കൂടാതെ നമ്മുടെ പഞ്ചായത്തിൽ സ്വകാര്യ വ്യക്തികൾക്കുണ്ടായിരുന്ന രണ്ടായിരത്തിലേറെ കുളങ്ങളിൽ 80 ശതമാനവും കഴിഞ്ഞ കാൽ നൂററാണ്ടിനിടയിൽ നികത്തിയതുകഴിച്ച് ബാക്കി കുളങ്ങളും ശുദ്ധജല മത്സ്യ ആവാസ സ്ഥല

ങ്ങളാണ്. മേൽപറഞ്ഞ മത്സ്യ ആവാസ സ്ഥലങ്ങളെ ആകെ കണക്കാക്കിയാൽ ലവണജല, ഓരുജല, ശുദ്ധജല മത്സ്യങ്ങൾക്ക് വളരാനും വളർത്താനുമുള്ള വമ്പിച്ച സൗകര്യമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്.

കുളങ്ങൾ നികത്തിക്കൊണ്ടിരിക്കുന്നതും സംരക്ഷണമില്ലാതെ വിസ്തീർണ്ണവും ആഴവും കുറഞ്ഞുവരുന്നതും തോടുകളും ചാലുകളും സംരക്ഷണക്കുറവുമൂലവും കായലിൽ ചകിരിച്ചോർതള്ളിയും തൊണ്ടുതല്ലിയും മലിനമായതും സ്വകാര്യ നികത്തുമൂലം വിസ്തൃതി കുറഞ്ഞുകൊണ്ടിരിക്കുന്നതും ഈ മേഖലയെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്.

കായലിൽ 24 മണിക്കൂറും മത്സ്യബന്ധനം നടക്കുന്നു. എണ്ണൂറിലേറെ തൊഴിലാളികൾ നമ്മുടെ പഞ്ചായത്ത് നിവാസികളാണ് മത്സ്യബന്ധനം ഉപജീവനമാർഗമായി സ്വീകരിച്ചിട്ടുള്ളത്. പൊച്ചിൽചത്താടം, കോരുവല, വീശുവല, നീട്ടുവല, തുടങ്ങിയ പരമ്പരാഗത മത്സ്യബന്ധന രീതികൾ അവലംബിച്ചുപൊരുന്നു. ചൂണ്ടയിട്ടും, തപ്പിയും ഓറാൽവച്ചും മത്സ്യബന്ധനം നടത്തുന്നുണ്ട്.

350 ലേറെ സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന ചെമ്മീൻ സംസ്ക്കരണ മേഖല ഈ പഞ്ചായത്തിലുണ്ട്. തലച്ചുമടായും, സൈക്കിളിലും മത്സ്യ കച്ചവടം നടത്തുന്ന അൻപതോളം പേര് ഉണ്ട്.

250 വർഷം മുമ്പ് അതായത് 1737-49 കാലത്ത് മാർത്താണ്ഡവർമ്മ രാജാവും കായംകുളം രാജാവുമായിരുന്ന കേരളവർമ്മയും തങ്ങളുടെ സേനകളെ വിന്യസിപ്പിച്ച് നടത്തിയ യുദ്ധത്തിൽ പരാജയം ഉറപ്പായ കായംകുളം രാജാവ് 1 ലക്ഷത്തിൽപരം ഹെക്ടർ വിസ്തീർണ്ണമുണ്ടായിരുന്ന കായംകുളം പുഞ്ചയിലേക്ക് കടൽജലം മുറിച്ചുകയററിയെന്നും അന്ന് രൂപാന്തരപ്പെട്ടതാണ് കായംകുളം കായലെന്നും നാട്ടുകാർ പറയുന്നു.

കായംകുളം കായൽ അടിത്തട്ട് സമനിരപ്പായിരിക്കുന്നതും ഖനനവകുപ്പുകാർ കായൽ അടിത്തട്ട് ഖനനം ചെയ്തപ്പോൾ കരയുടെ പഴയ അവശിഷ്ടങ്ങൾ കിട്ടിയില്ല എന്നതും ഈ നിഗമനത്തെ സാധൂകരിക്കുന്നു. കായലിൽനിന്നും, നാരൻ, പിട, കാര ചൂടൻ, മുട്ടി, ടൈഗർ തുടങ്ങിയ ഇനം ചെമ്മീനുകൾ ലഭിക്കുന്നു. കണമ്പ, കരിഞ്ചി (തിരുത), കരിമീൻ, പൂമീൻ, പള്ളത്തി, കളിമീൻ പ്രാച്ചി, കൂരി, കോരയിനങ്ങൾ, ചൂട, നന്തൻ, തിലാപ്പിയ, ചാകണ്ണി, മരപ്പില, വററ, ഒറത്ത, മൊരൽ, വ്ളാങ്ക് മത്സ്യങ്ങൾ ഞണ്ട്, കക്കാകൾ തുടങ്ങിയവ കിട്ടുന്നു.

ശുദ്ധജല, ഓരുജല മേഖലയിൽ, വരാൽ, മുശി, കരട്ടി, വാള, മുട്ടിക്കാഞ്ഞ്, ആരകൻ, വാക, വായമ്പ്, കുറുവാപരൽ, മുതുപില, കാരി, കൂരി, പള്ളത്തി, കരിമീൻ തുടങ്ങിയ ഇനം മത്സ്യ ഇനങ്ങൾ കാണുന്നു.

മേൽ പറഞ്ഞ മത്സ്യ ആവാസ സങ്കേതങ്ങൾ ആകെ കൂട്ടിയോചിപ്പിച്ചും മത്സ്യ തൊഴിലാളികളെയും ചെറുകിട കർഷകരെയും സംഘടിപ്പിച്ചും, സഹകരണസംഘങ്ങൾ രൂപീകരിച്ചും മത്സ്യബന്ധനവകുപ്പും ആയി ചേർന്നും പഞ്ചായത്തിന് ഈ മേഖലയിൽ ഇടപെട്ട് ഒട്ടേറെ വികസന പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ കഴിയും.

കായലിലെ അമിത മത്സ്യബന്ധനം നിയന്ത്രിച്ച് മത്സ്യങ്ങൾക്ക് വളരുവാനുള്ള സാവകാശം നൽകുക.

കായലിലെ ചകിരിച്ചോർ നീക്കം ചെയ്യുകയും, തൊണ്ടുകറ നിയന്ത്രണസംവിധാനങ്ങൾ നടപ്പാക്കുകയും, തുടർന്ന് ചകിരിച്ചോർ കായലിൽ തള്ളുന്നത് കർശനമായി നിരോധിക്കുകയും ചെയ്യുക.

ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് മത്സ്യകുഞ്ഞുങ്ങളെ സാമൂഹ്യമായി ഉൽപാദിപ്പിച്ച് കായലിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുവാൻ വേണ്ടതായ ഒരു കായൽ പരിരക്ഷണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുക.

കായലിലെ കല്ലടുക്കുകൾ നിയന്ത്രിച്ച് തീരത്ത് കണ്ടൽ മരങ്ങൾ വച്ചുപിടിപ്പിച്ചും സംര

ക്കിച്ചും കായലിന് പ്രകൃതിദത്തമായ സംരക്ഷണം പുനരാവിഷ്ക്കരിക്കണം. കായൽ തീരത്തെ ജനങ്ങൾക്കാകെ സാനിട്ടേഷൻ സൗകര്യങ്ങൾ ലഭ്യമാക്കി കായൽ മാലിന്യ വിമുക്തമാക്കണം. കായലിന്റെ പത്തിലൊന്ന് വിസ്തീർണ്ണം വരുന്ന ഭാഗം തെരഞ്ഞെടുത്ത് മത്സബന്ധന വിമുക്ത മേഖലയായി മാററണം.

കൂട്ടുംവാതുക്കൽ, മുട്ടത്തുമണ്ണേൽ എന്നീ സ്ഥലങ്ങളിൽ ഫിഷ്ലാന്ഡിംഗ് സെൻററുകൾ പണിയുകയും മത്സ്യമാർക്കററുകൾ, മത്സ്യ സംസ്ക്കരണശാലകൾ എന്നിവ നവീകരിക്കുവാനും ഈ മേഖലയിൽ പഞ്ചായത്ത് സജീവമായി ഇടപെടാനും വേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കണം.

നിർദ്ദിഷ്ട കായംകുളം ഫിഷിംഗ് ഹാർബറിന്റെ ഓരത്തുള്ള പഞ്ചായത്ത് എന്ന നിലയിൽ മത്സ്യവിപണന മേഖലയുടെ വികസനത്തിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കണം.

കടൽകായൽ സംമ്മേളന സ്ഥലമായ പഞ്ചായത്തിന്റെ പടിഞ്ഞാറൻ കായൽ ഭാഗങ്ങളിൽ മൽസ്യ തൊഴിലാളികളുടെ പങ്കാളിത്തത്തോടെ മത്സ്യ കൃഷിയും ചിപ്പികൃഷിയും, മത്സ്യഹാച്ചറിയും മററും ആവിഷ്കരിച്ച് നടപ്പാക്കണം. ഓരുജല മുണ്ടകൻപാടത്ത് പോക്കാളി നെൽകൃഷിയുടെ ആവിഷ്ക്കാരത്തോടൊപ്പം ഞണ്ടുകൃഷിയും, ആററ് കൊഞ്ച് കൃഷിയും, ആവിഷ്കരിക്കണം ശുദ്ധജല, തോടുകളും, കുളങ്ങളും, ചാലുകളും ഉപയോഗപ്പെടുത്തി ശുദ്ധജല മത്സ്യകൃഷി വിജയകരമായി നടത്തുവാൻ പദ്ധതികൾ തയ്യാറാക്കണം.

കുളവും ജലാശയവും മററും കൃഷിസ്ഥലമാക്കുവാനുള്ള നിർമ്മാണപ്രവർത്തനങ്ങൾക്ക് മൂലധനം സ്വരൂപിക്കുവാൻ പഞ്ചായത്ത് ഇടപെട്ട് സൗകര്യങ്ങൾ ഒരുക്കണം. മത്സ്യകൃഷി പ്രോജക്ടുകൾ കർമ്മസമിതികളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കണം മത്സ്യകുഞ്ഞുങ്ങളെ ലഭിക്കുന്നതിനും മത്സ്യത്തീററ നിർമ്മാണവും ആവിഷ്ക്കരിച്ച് നടപ്പാക്കണം.

കായംകുളം കായലിലെ കരിമീൻ, കണമ്പ്, ഒറത്ത മത്സ്യങ്ങളും നാരൻ ചെമ്മീൻ, കാരചെമ്മീൻ, എന്നിവ വംശനാശം നേരിടുന്നു. കണ്ടൽ വനങ്ങൾ പുനരാവിഷ്ക്കരിച്ച് വിന്യസിപ്പിക്കുന്നതിനോടൊപ്പം, ശാസ്ത്രീയമായി ഈ ഇനങ്ങളെ കൾച്ചർ ചെയ്ത് വളർത്തി കായലിലേക്ക് കുഞ്ഞുങ്ങളെ വിടുന്ന ഒരുപദ്ധതി നടപ്പാക്കണം. 1, 4 വാർഡുകളിൽ അതിനായിഹാച്ചറി–നഴ്സറി സടകര്യങ്ങൾ ആവിഷ്ക്കരിക്കണം. ചകിരിച്ചോർ പൊടിയടിഞ്ഞ് കുഞ്ഞുങ്ങൾ നശിക്കുന്ന പ്രശ്നത്തിന് അങ്ങിനെ പരിഹാരം കാണണം. മത്സ്യബന്ധനമേഖലയാകെ മാനേജ് ചെയ്യുന്നതിന് സഹകരണാടിസ്ഥാനത്തിൽ മുഴുവൻ മത്സ്യതൊഴിലാളികളെയും സംഘടിപ്പിക്കാം.

ഈ നിർദ്ദേശങ്ങൾ നടപ്പാകുന്നതോടെ മത്സ്യ സംസ്കരണ വ്യപസായവും വിപണന സാദ്ധ്യതകളും വളരുന്നതാണ്.

**താഴെ പറയുന്ന തൊഴിലാളി ക്ഷേമ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുവാൻ പഞ്ചായത്തിന് കഴിയണം**

1 പാർപ്പിടസൗകര്യം (ഹൗസിംഗ് കോളനി അടക്കം) മെച്ചപ്പെടുത്തി
2 പഞ്ഞമാസങ്ങളിൽ സാമ്പത്തിക ആനുകൂല്യ പദ്ധതി നടപ്പിലാക്കുക.
3 പാഠപുസ്തകം സൗജന്യമായി വിതരണം നടത്തുക.
4 ശുദ്ധജലം എത്തിക്കുക.
5 വിടുകൾ വൈദ്യുതീകരിക്കുക.
6 മത്സ്യമവേലിസ്റേറർ (ന്യായവിലഷോപ്പ്) സ്ഥാപിച്ച ഭക്ഷണസാധങ്ങളും തുണിത്തരങ്ങളും ന്യായവിലക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക.
7 മത്സ്യബന്ധനോപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുക.
8 ശാസ്ത്രീയമായ രീതിയിലുള്ള ഫൈബർ വള്ളങ്ങളും വലകളും ഉയർന്ന സബ്സിഡിയോടുകൂടി നൽകുക.

9 N C D C പദ്ധതിപ്രകാരമുള്ള അനുകൂല്യങ്ങൾ പഞ്ചായത്തിലെ മത്സ്യതൊഴിലാളികൾക്കും, കർഷകനും കൂടി ലഭ്യമാക്കുക.

10 കൂടുതൽ കരുതലോടെയുള്ള മത്സ്യവിഭവ പരിപാലന നടപടികൾ നടപ്പിലാക്കുക.

11 മത്സ്യവിഭവ പരിപാലന സംരക്ഷണത്തെ സംബന്ധിച്ച് മത്സ്യതൊഴിലാളികളിലും മററും ബോധവൽകരണം നടത്തുക.

12 മത്സ്യരോഗം നിർബാജനത്തിനുള്ള പദ്ധതി തയ്യാറാക്കുക

13 മത്സ്യരോഗം വരുമ്പോൾ തൊഴിലാളികളെ സഹായിക്കുക.

14 മത്സ്യബന്ധനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കവേ മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന [illegible] [illegible] സഹായമെത്തിക്കാനുള്ള പദ്ധതി ആവിഷ്കരിക്കുക.

15 മത്സ്യസംരക്ഷണത്തിലൂടെ മത്സ്യവികസനവും മത്സ്യവികസനത്തിലൂടെ മത്സ്യതൊഴിലാളിക്ഷേമവും എന്ന തത്വത്തിൽ പദ്ധതികൾ ആവിഷ്കരിക്കുക.

16 മത്സ്യബന്ധനത്തിൽ നിന്നും ആദായം കുറയുന്ന മത്സ്യതൊഴിലാളികളുടെ ഉപജീവനത്തിനുതകുമാറുള്ള കൈതൊഴിലുകൾ മത്സ്യതൊഴിലാളികളെയും അവരുടെ കുടുംബത്തിന്റെ സ്ത്രീകളെയും കുട്ടികളെയും അഭ്യസിപ്പിക്കുക.

17 മത്സ്യത്തിന്റെ വംശനാശം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.



# വ്യവസായം

നമ്മുടെ പഞ്ചായത്തിൽ വൻകിട വ്യവസായ സ്ഥാപനങ്ങളൊന്നുമില്ല. ജനങ്ങൾ ഏററവും അധികം തൊഴിലിനായി ആശ്രയിക്കുന്നത് പാരമ്പര്യ വ്യവസായങ്ങളായ കയറിനേയും, മത്സ്യബന്ധനത്തേയുമാണ്. രണ്ടുവശവും കായലിനാൽചുററപ്പെട്ട നമ്മുടെ പഞ്ചായത്തിൽ തൊണ്ട് അഴുക്കാനുള്ള സൗകര്യം കൂടുതലായുള്ളതാണ്. ഈ വ്യവസായം ഇവിടെ നിലനിൽക്കാൻ മുഖ്യ കാരണം. നൂറിൽ താഴെ ആളുകൾ കായംകുളത്തെ കരുവണ്ടി ഫാക്ടറിയേ ആശ്രയിച്ച് ജീവിക്കുന്നുണ്ട്. വ്യവസായം എന്നാൽ പരമ്പരാഗത വ്യവസായം എന്ന സങ്കല്പത്തിന് ഇനിയും കാര്യമായ മാററം വന്നിട്ടില്ല.

## കയർ വ്യവസായമേഖലയിലെ പ്രശ്നങ്ങൾ

1. ചീക്കതൊണ്ടിൻെറ ഉയർന്ന വില
2. കയറിൻെറ അസ്ഥിരമായ വില
3. കുറഞ്ഞ കൂലി ആയതുകൊണ്ട് തൊഴിലാളികളെ ആകർഷിക്കാൻ കഴിയുന്നില്ല.
4. ചീക്കതൊണ്ടിൻെറയും, കയറിൻെറയും വിപണിയിൽ ഇടത്തട്ടുകാരൻെറ ചൂഷണം നിലനിൽക്കുന്നു.
5. കയറുല്പാദനരംഗത്ത് മുഖ്യമായുള്ളത് ചെറുകിട കയർ ഉല്പാദകരാണ് ഇവർ സ്വന്തമായി തൊണ്ട് മൂടിയിട്ടില്ല. ചീക്കതൊണ്ടിനുവേണ്ടി ഇടത്തട്ടുകാരെയാണ് ആശ്രയിക്കുന്നത്. സ്വയം നിലനില്പില്ലാത്ത ചെറുകിട ഉല്പാദകർ ഉയർന്ന വിലകൊടുത്ത് അഴുക്കൽ തൊണ്ട് വാങ്ങാൻ പ്രേരിതമാകുന്നു. തൊണ്ടഴുക്കൽ രംഗത്ത് ചെറുകിട ഉല്പാദകരുടെ സഹകരണസംഘം രൂപീകരിച്ച് ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം നേടാവുന്നതാണ്.

കയറിന് സർക്കാർ തറവില നിശ്ചയിക്കണം, പച്ചതൊണ്ടിൻെറയും, ചീക്കതൊണ്ടിൻെറയും വില നിശ്ചയിച്ച് ഇടത്തട്ടുകാരുടെ ചൂഷണം നടത്താൻ ഇന്നുള്ള കയർ തൊഴിലാളികളുടെ കൂലിക്ക് വർദ്ധനയുണ്ടാക്കുവാൻ കഴിയും.

കയറിൻേറയും കയർ ഉത്പന്നങ്ങളുടെയും ഗുണമേൻമ വർദ്ധിപ്പിക്കാൻ ഒരു പരിധിവരെ യന്ത്രവൽക്കരണം ഏർപ്പെടുത്താവുന്നതാണ്. 8 കയർ സംഘം നമ്മുടെ പഞ്ചായത്തിൽ പ്രവർത്തി

ക്കുന്നു. ഇവയെല്ലാം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. വസ്തുനിഷ്ടമായി ഈ പ്രശ്നം പരിശോധിച്ച് പരിഹാരം തേടേണ്ടതാണ്.

## മത്സ്യ വ്യവസായരംഗത്ത് പ്രശ്നങ്ങൾ

ചാട്ടവലകളും ഉപയോഗിച്ചുള്ള ചെമ്മീൻ പിടിക്കൽ ഇന്ന് കുറഞ്ഞതുകൊണ്ടിരിക്കുകയാണ്. ജല മലിനീകരണത്തിൻെറ ഫലമായി മത്സ്യസമ്പത്തിന് കാര്യമായ ഇടിവ് തട്ടിയിട്ടുണ്ട് ഓരുജല ചെമ്മീൻ വ്യവസായവും പ്രതിസന്ധിയിലാണ്.

## വ്യവസായം

നമ്മുടെ കായലിൻെറ പടിഞ്ഞാറുഭാഗത്ത് നിരവധി വളവുകളിൽ ചെമ്മീൻ കൃഷിനടത്തിയെങ്കിലും അവ ലാഭകരമായി മുന്നോട്ട് കൊണ്ടുപോകുവാൻ കഴിഞ്ഞിട്ടില്ല. ശാസ്ത്രീയമായി പഠനം നടത്തി ചെമ്മീൻ കൃഷിയുടെ ഇന്നത്തെ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണണം. ചെറു ചെമ്മീനും, മീനും ഉണക്കി പോളിത്തീൻ കവറുകളിലാക്കി വ്യാപാരം നടത്തുവാൻ വളരെ നല്ല സാദ്ധ്യതകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾ

| ഇനം | എണ്ണം |
|---|---|
| ഫ്ളവർ മില്ല് | 17 |
| തടി മില്ല് | 3 |
| ഓയിൽ മില്ല് | 1 |
| തൊണ്ട്തല്ല് യന്ത്രം | 11 |
| ഫർണിച്ചർ | 1 |
| മെററൽ ക്രഷർ | 2 |
| ഇഷ്ടിക നിർമ്മാണം | 1 |
| അച്ചടിശാല | 2 |

## വ്യവസായരംഗത്തെ പ്രശ്നങ്ങൾ

1) വ്യവസായം തുടങ്ങുന്നതിന് ബാങ്കുകാർ ആവശ്യപ്പെടുന്ന കർക്കശ ജാമ്യ വ്യവസ്ഥ.
2) സാങ്കേതിക വിദ്യയുടെയും സാങ്കേതിക വിദഗ്ധരുടെയും അപര്യാപ്തത.
3) വൈദ്യുതി ലഭിക്കാനുള്ള കാലതാമസം
4) വ്യവസായം തുടങ്ങുന്നതിന് വിവിധ ഡിപ്പാർട്ട്മെൻറുകളിൽ നിന്നും കിട്ടേണ്ട അനുമതിയുടെ കാലതാമസം.
5) ഉല്പന്നങ്ങളുടെ വിപണന പ്രശ്നം
6) അസംസ്കൃത സാധനങ്ങളുടെ ലഭ്യത

## പരിഹാര മാർഗങ്ങൾ

1) ചെറുകിട വ്യവസായം തുടങ്ങുന്നതിന ആവശ്യമായ മൂലധനത്തിൻെറ കാര്യത്തിൽ ബാങ്കുകൾ ജാമ്യ വ്യവസ്ഥ ഉദാരമാക്കണം.

2) അഭ്യസ്ഥ വിദ്യർ ഏറെ നമുക്കുണ്ടെങ്കിലും സാങ്കേതിക പരിജ്ഞാനത്തിൻെറയും, പ്രായോഗിക പരിജ്ഞാനത്തിൻെറയും കുറവ് നമുക്കുണ്ട് പുതിയ വ്യവസായം തുടങ്ങുന്നതിനെ കുറിച്ചും, അതിനുവേണ്ട സാങ്കേതിക വിദ്യയെകുറിച്ചും ജനങ്ങൾക്ക് അപബോധം ഉണ്ടാക്കാൻ വിദഗ്ധരെ ഉൾപ്പെടുത്തി സെമിനാറുകളും ക്ലാസുകളും സംഘടിപ്പിക്കണം.

3) വ്യവസായം ആരംഭിക്കുന്നതിന് ഇന്നുള്ള വിവിധ ഡിപ്പാർട്ടുമെൻറുകളുടെ അംഗീകാരത്തിനും വൈദ്യുതി ലഭിക്കുന്നതിലുള്ള കാലതാമസത്തിനും പരിഹാരം കാണാൻ ഇന്നുള്ള ചട്ടങ്ങൾ ലഘൂകരിക്കണം.

4) ചെറുകിട വ്യവസായ ഉല്പന്നങ്ങൾക്ക് വിപണന സാദ്ധ്യതകൾ പഞ്ചായത്ത് തലത്തിൽ തന്നെയുണ്ടാകണം. വൻകിട വ്യവസായവുമായി ചെറുകിട വ്യവസായത്തിന് മത്സരിക്കാൻ കഴികയില്ല. ഒന്നിലധികം

വ്യവസായ യൂണിററുകൾ ഒരേ നാമധേയത്തിലുള്ള വസ്തുക്കൾ ഉല്പാദിപ്പിച്ച് ഇവക്കെല്ലാം കൂടി പൊതുവായ വിതരണ സംവിധാനം ഏർപ്പെടുത്തണം.

പുതിയ വ്യവസായം തുടങ്ങുന്നതിന് അസംസ്കൃത വസ്തുക്കൾ അന്യ പ്രദേശത്ത് നിന്നും കൊണ്ടുവരേണ്ടിവരും. നമ്മുടെ പഞ്ചായത്തിലെ ഇപ്പോൾ പ്രവർത്തിക്കുന്ന മെററൽ ക്രഷർ, കട്ടച്ചൂള എന്നിവയ്ക്ക് അസംസ്കൃത സാധനങ്ങൾ വളരെ ദൂരെനിന്ന് കൊണ്ടുവന്നാണ് വ്യവസായം നടത്തുന്നത്. വ്യവസായമെന്നാൽ പരമ്പരാഗത വ്യവസായമെന്ന നമ്മുടെ മനോഭാവത്തിന് മാററമുണ്ടാകണം.

**പുതിയതായി നമ്മുടെ പഞ്ചായത്തിൽ ആരംഭിക്കാൻ സാദ്ധ്യതയുള്ള വ്യവസായങ്ങൾ.**

1) കയറുല്പന്നങ്ങളുടെ നിർമ്മാണം
2) ചകിരിച്ചോറുപയോഗിച്ചുള്ള ജൈവവളങ്ങളുടെ നിർമ്മാണം
3) കൊപ്രാ സംസ്ക്കരണം
4) കറി പൗഡർ
5) സോപ്പ് നിർമ്മാണം/സോപ്പ് പൗഡർ നിർമ്മാണം
6) മെഴുകുതിരി നിർമ്മാണം
7) പ്ലാസ്ററിക്ക് വ്യവസായം
8) റബ്ബർ അധിഷ്ടിത വ്യവസായങ്ങൾ/ചെരിപ്പ് നിർമ്മാണം
9) തടിയിലുള്ള കൊത്തുപണികൾ
10) സൊളാർ കുക്കർ നിർമ്മാണം
11) ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ അസംബ്ലിംഗ്
(ഉദാ: ചോക്ക്, എമർജൻസിലാമ്പ്, ടേപ്പ് റിക്കോർഡർ, റേഡിയോ T.V. സെററുകൾ)
12) റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം
13) പാഴായി പോകുന്ന തേങ്ങാവെള്ളത്തെ ശീതളപാനീയമായി മാററുന്ന വ്യവസായം
14) നോട്ട്ബുക്ക് നിർമ്മാണം
15) സിമൻറ് കൊണ്ടുള്ള ജനാല, കട്ടിള, മതിൽ
16) കൂൺ കൃഷി
17) കുററിമുല്ല കൃഷി
18) ഹോളോ ബ്രിക്സ്
19) നഴ്സറി, അക്വേറിയം
20) ശാസ്ത്രീയമായ കോഴിവളർത്തൽ
21) മിനി ഡയറി യൂണിററ്
22) കാലിത്തീററ, കോഴിത്തീററ നിർമ്മാണം

ചുരുങ്ങിയ മുതൽമുടക്കിൽ കമ്പോളം ലഭിക്കാൻ സാദ്ധ്യതയുള്ള വ്യവസായങ്ങളെ കണ്ടെത്താനും, നടത്താനും യുവജനങ്ങളെ പ്രോത്സാഹിപ്പിക്കണം.

# വിദ്യാഭ്യാസം സംസ്ക്കാരം കായികം

ലോകാരാദ്ധ്യനായ ശ്രീനാരായണ ഗുരുസ്വാമികളെ ചെറുപ്പത്തിൽ സംസ്കൃതാധ്യാപനം നടത്തിയ ശ്രീമാൻ കുമ്മമ്പള്ളിൽ രാമൻപിള്ള ആശാൻ അദ്ധ്യാപനം നടത്തിയിരുന്നത് ഈ പഞ്ചായത്തിലാണ്. കഴിഞ്ഞ തലമുറയിലെ സുപ്രസിദ്ധ നാടക കലാകാരനായിരുന്ന ശ്രീമാൻ കുട്ടീശ്വരൻ ആശാൻ ഈ പഞ്ചായത്തിലെ രണ്ടാം വാർഡിലെ കോട്ടാം കാട്ടിൽ വീട്ടിലാണ് ജീവിച്ചിരുന്നത്. സ്വാതന്ത്ര്യ സമര സേനാനിയും സുപ്രസിദ്ധ എഴുത്തുകാരനുമായ ശ്രീ പുതുപ്പള്ളി രാഘവൻ അവർകർ ഈ പഞ്ചായത്തിലെ എട്ടാം വാർഡിലാണ് ഇപ്പോഴും താമസിക്കുന്നത്. പ്രശസ്ത സാഹിത്യകാരനായിരുന്ന ശ്രീ. പി. കേശവദേവിന്റെ ഭാര്യാ ഗൃഹം ഈ പഞ്ചായത്തിലാണ്. അവിടെ താമസിച്ചു കൊണ്ടായിരുന്നു അദ്ദേഹത്തിന്റെ പ്രശസ്ത ഗ്രന്ഥങ്ങളായ ''റൗഡി'' ''ഓടയിൽ നിന്ന്'' തുടങ്ങിയവ രചിച്ചത്.

പഴയകാലത്ത് ആദ്യം സംസ്കൃതം പള്ളിക്കൂടങ്ങളും പിന്നെ മലയാളം പള്ളിക്കൂടങ്ങളും ബ്രിട്ടീഷുകാരുടെ വരവോടു കൂടി ഇംഗ്ലീഷ് പള്ളിക്കൂടങ്ങളും ഉണ്ടായി. സംസ്കൃതം പള്ളിക്കൂടങ്ങളിൽ ശാസ്ത്രി ക്ലാസ്സുവരെയും മലയാളം പള്ളിക്കൂടങ്ങളിൽ ''ഹയർ'' (ഒൻപതാം ക്ലാസ്സ് അഥവാ വി. എസ്സ്. എൽ. സി.) വരെയും പിന്നീടുണ്ടായ ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ ഇ. എസ്സ്. എൽ. സി. (ഇന്നത്തെ എസ്സ്. എസ്സ്. എൽ. സി.) വരെയുമാണ് ഉണ്ടായിരുന്നത്. ശാസ്ത്രീയും വി.എസ്സ്.എൽ.സി.യും പാസ്സാകുന്നവർക്ക് ഹൈസ്കൂളിൽ മലയാളം അദ്ധ്യാപകനാകാൻ യോഗ്യതയുണ്ടായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ വരവോടെ സംസ്കൃത വിദ്യാഭ്യാസത്തിന്റെ പ്രചാരം പൊടുന്നനെ കുറഞ്ഞു. ഈ കാലത്ത് സർക്കാർ സർവ്വീസിൽ ജോലി വേണമെങ്കിൽ ഇംഗ്ലീഷ് അറിഞ്ഞിരിക്കണമെന്ന് നിർബന്ധം വന്നപ്പോൾ സ്വഭാവികമായി ജനങ്ങൾ പാരമ്പര്യ വിദ്യാഭ്യാസ ചട്ടക്കൂട്ടിൽ നിന്ന് വിട്ടുപോയി.

ചേവണ്ണൂർ വടക്കുവശത്തെ ശ്രീ ഗുരുഗുലത്തിൽ കുമ്മമ്പള്ളിൽ രാമൻപിള്ള ആശാന്റെ കീഴിൽ സംസ്കൃത പഠനം നടത്തിയവരിൽ മുഖ്യനായിരുന്നു ശ്രീനാരായണ ഗുരുസ്വാമികൾ. വാരണപ്പള്ളിയിൽ താമസിച്ചുകൊണ്ടാണ് അദ്ദേഹം ഇവിടെ സംസ്കൃതപഠനത്തിന് വന്നിരുന്നത്. ബ്രഹ്മവിദ്യാ ഭൂഷണൻ പി. കെ. പണിക്കർ വിജ്ഞാനസന്ദായിനി എന്നപേരിൽ ഒരു സംസ്കൃത പാഠശാല സ്ഥാപിച്ചു. അത് കിഴക്കേ പുത്തേഴുത്ത് ഇന്നു കാണുന്ന ചാവടിയിൽ വച്ചായിരുന്നു. മലയിൽ കെ. കെ. ആശാൻ ''ശാന്തി ആശ്രമം'' എന്നപേരിൽ ഒരു സംസ്കൃത സ്കൂൾ സ്വന്തമായി നടത്തിയിരുന്നു.കൂടാതെ പരിശേരിൽ കുഞ്ഞുപിള്ള ഇടമരത്തുശ്ശേരിൽ ക്ഷേത്രത്തിനു തോട്ട് കിഴക്കുവശം ഒരു സംസ്കൃത സ്കൂൾ നടത്തിയിരുന്നു. സ്വാതന്ത്ര്യ സമരത്തോടനുബന്ധിച്ച് ശ്രീ. വി. ആർ. നാണു ജി. രാമൻ മേനോൻ തുടങ്ങിയവരുടെ ശ്രമഫലമായി വേമ്പാട്ടു പുരയിടത്തിൽ ഒരു ദേശീയ വിദ്യാലയം സ്ഥാപിച്ചു. അന്തരിച്ച വിദ്വാൻ എം. കെ. അച്ചുതൻ സാറായിരുന്നു അതിന്റെ ഹെഡ് മാസ്റ്റർ. ഈ വിദ്യാലയമാണ് ക്രമേണ കരിയിൽപുരയിടത്തിലേക്കും പിൽക്കാലത്ത് ഓച്ചിറ ഹൈസ്കൂളായും പരിണമിച്ചത്.

ഇരുപത്തിഒരായിരത്തിൽപരം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ ചെറുതും വലുതുമായ എട്ട് വിദ്യാലയങ്ങളുണ്ട്. മൊത്തം അദ്ധ്യാപകരുടെ എണ്ണം 144. ഇടയ്ക്ക് വച്ച് പഠിത്തം നിറുത്തുന്ന വിദ്യാർത്ഥികളുടെ എണ്ണം വളരെ കുറവാണ്. രണ്ട് യു. പി. സ്കൂളുകളും രണ്ട് ഹൈസ് സ്കൂളുകളുമാണ് സർക്കാർ മേഖലയിൽ ഇവിടെ ഉള്ളത്. അദ്ധ്യാപകരിൽ 32 ശതമാനവും വിദ്യാർത്ഥികളിൽ 31 ശതമാനം മാത്രമാണ് ഇവയിലുള്ളത്.

മേൽപറഞ്ഞ വിദ്യാലയ സ്ഥാപനങ്ങളിലെല്ലാം കൂടി 400 ഓളം

പട്ടിക 1 A

**വിദ്യാർത്ഥികൾ, അദ്ധ്യാപകർ**

| നമ്പർ | സ്കൂൾ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ ആൺ | പെൺ | ആകെ | അദ്ധ്യാപകർ ആകെ |
|---|---|---|---|---|---|---|
| 1 | ആർ.വി.എസ്.എം.എച്ച്.എസ് | എയ്ഡഡ് | 891 | 798 | 1689 | 67 |
| 2 | സി.എം.എസ്.എച്ച്. എസ് | ,, | 256 | 200 | 456 | 20 |
| 3 | ചൂളൂർ. യു.പി.എസ് | ,, | 83 | 64 | 147 | 8 |
| 4 | ഗവൺമെന്റ് യു.പി.എസ് പുതുപ്പള്ളി നോർത്ത് | ഗവ: | 189 | 211 | 400 | 15 |
| 5 | കെ.എൻ.എം. യു.പി.എസ്. | ,, | 243 | 261 | 504 | 17 |
| 6 | ഗവൺമെന്റ് എൽ.പി.എസ്. പുതുപ്പള്ളി | ,, | 66 | 68 | 134 | 5 |
| 7 | ഗവൺമെന്റ് എസ്.ആർ.വി. എൽ.പി.എസ്. പുതുപ്പള്ളി നോർത്ത് | ,, | 69 | 82 | 151 | 5 |
| 8 | സി.എം.എസ്. എൽ.പി.എസ്. പുതുപ്പള്ളി | എയ്ഡഡ് | 150 | 110 | 219 | 7 |
| | | 1906 | 1794 | 3700 | 144 | |

പട്ടിക 1 B

**എൽ.പി, യു.പി, എച്ച്.എസ് വിഭാഗത്തിലെ പെൺകുട്ടികളുടെ വിവരം**

| ആകെ വിദ്യാർത്ഥികൾ | എൽ.പി, | | | യു.പി, | | | എച്ച്.എസ് | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 3700 | 244 | 260 | 51.6 | 515 | 536 | 51 | 1147 | 998 | 46.5 |
| | | | | | | | | ആകെ | 48.5 |

പട്ടിക 1 C

**പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്**

| എൽ.പി | | | യു.പി. | | | എച്ച്.എസ് | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 504 | 67 | 13.3 | 1051 | 55 | 8.1 | 2145 | 298 | 13.9 |

പട്ടിക 1 D

**പഠനം നിറുത്തിയവരുടെ കണക്ക്**

| SC/ST | | | മറ്റുള്ളവർ | | | ആകെ |
|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 5 | 5 | 10 | 19 | 14 | 33 | 43 |

പട്ടിക 2

**ഗവൺമെന്റ് സ്കൂളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്**

| ആകെ അദ്ധ്യാപകർ പഞ്ചായത്തിൽ | ഗവ: വിദ്യാലയങ്ങളെ എണ്ണം | ഗവ: അദ്ധ്യാപകരുടെ % | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ: സ്കൂകളിലെ വിദ്യാർത്ഥികൾ | % |
|---|---|---|---|---|---|
| 135 | 42 | 31.1 | 3700 | 1189 | 32.1 |

പട്ടിക IV

**അക്കാഡമിക്ക് സൗകര്യങ്ങളുടെ ലഭ്യത**

| | ഉള്ളത് | ഇല്ലാത്തത് |
|---|---|---|
| ലൈബ്രറി | 4 | 4 |
| പ്രവർത്തിക്കാത്തത് | 2 | |
| ലാബ് | 4 | 4 |
| പ്രവർത്തിക്കാത്തത് | 2 | |
| പഠനോപകരണങ്ങൾ | പരിമിതം | 4 |
| റേഡിയോ | 1 | 7 |
| ടേപ്പ് റിക്കാർഡർ | 1 | 7 |

| | ഉള്ളത് | ഇല്ലാത്തത് |
|---|---|---|
| ടെലിവിഷൻ | ഇല്ല | 8 |
| സിനിമാ പ്രൊജക്ടർ | ഇല്ല | 8 |
| സ്ലൈഡ് പ്രൊജക്ടർ | 1 | 7 |
| ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ | 119 | 20 കുറവ് |
| മാതൃസംഘം സജീവം | 6 | 2 |
| ക്ലാസ് പി.ടി.എ പ്രവർത്തിക്കുന്നുണ്ടോ | 4 | 4 |

## പട്ടിക V

### ഭൗതിക സാഹചര്യങ്ങൾ

| സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മുത്രപ്പുര കക്കൂസ് | | കുടി വെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|
| 1 ആർ.വി.എസ്.എം.എച്ച്.എസ് | 1689 | 67 | 3 – 50 | 1 | ഉണ്ട് | ഉണ്ട് |
| 2 സി.എം.എസ്.എച്ച്. എസ് | 456 | 20 | 2 – 20 | ഇല്ല | കിണർ | ഉണ്ട് |
| 3 ചൂളൂർ യു.പി.എസ് | 147 | 8 | 1 – 1 | ഇല്ല | കിണർ | ഉണ്ട് |
| 4 ഗവൺമെന്റ് യു.പി.എസ് പുതുപ്പള്ളി നോർത്ത് | 400 | 15 | 1 – 20 | 2 | കിണർ | ഉണ്ട് |
| 5 കെ.എൻ.എം. യു.പി.എസ്. | 504 | 17 | 2 | 1 | കിണർ | ഉണ്ട് |
| 6 ഗവൺമെന്റ് എൽ.പി.എസ്. പുതുപ്പള്ളി | 134 | 5 | 2 | 2 | ഇല്ല | ഇല്ല |
| 7 ഗവൺമെന്റ് എസ്.ആർ.വി. എൽ.പി.എസ്. പുതുപ്പള്ളി നോർത്ത് | 151 | 5 | 2 | 2 | കിണർ | ഇല്ല് |
| 8 സി.എം.എസ്. എൽ.പി.എസ്. പുതുപ്പള്ളി | 219 | 7 | ഇല്ല | ഇല്ല | കിണർ | ഇല്ല |

## പട്ടിക 6 A

| സ്ക്കൂൾ | 91–92 | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|---|
| R.V.S.K.S. | 62% | 54% | 58% | 54.5% | 55% |
| C.M.S.H.S. | 53% | 47% | 48% | 53% | 51% |

വിദ്യാർത്ഥികൾ ദിവസേന പോയും അവിടെ താമസിച്ചും മറ്റുമായി പഠിക്കുന്നുണ്ട്. ഈ പഞ്ചായത്തിലെ രണ്ടു ഹൈസ് സ്കൂളുകളിടെയും വിജയശതമാനം തൃപ്തികരമല്ല. റാങ്കും തുലോം കുറവാണ്. ആയതിനാൽ ഉന്നത വിദ്യാഭ്യാസത്തിനു പോകന്നവരുടെ എണ്ണം പ്രതീക്ഷപോലെ വരുന്നില്ല.

ഇവിടെ ടൈപ്പ് റൈറ്റിംഗ് സ്ഥാപനങ്ങൾ 4 എണ്ണം മാത്രമാണുള്ളത്. രണ്ട് പ്രീ പ്രൈമറി സ്കൂളുകളും 7 നഴ്സറി സ്ഥാപനങ്ങളും ഉണ്ട്. മൂന്നു വയസ്സിനും അഞ്ചു വയസ്സിനും ഇടയിലുള്ള കുട്ടികൾ കൂടുതലും അംഗൻ വാടികളിലാണ് പോകാറുള്ളത്. പ്രീ പ്രൈമറി വിദ്യാലയങ്ങൾ കുറവായതിനാൽ അംഗൻ വാടികളെയാണ് ആശ്രയിക്കുക 21000 ജനസംഖ്യ ഉള്ളടിത്ത് 17 അംഗൻ വാടികൾ മാത്രമാണുള്ളത്. നിരക്ഷരത ഇല്ല. പൊതുവേ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ ഗ്രാമസഭകളിൽ ഏകാഭിപ്രായമാണുള്ളത്.

പഞ്ചായത്ത്തലത്തിലുള്ള മുഴുവൻ അദ്ധ്യാപകരുരെയും രക്ഷകർത്താകളെയും ഉൾകൊള്ളിച്ചുകൊണ്ട് ഒരു സ്കൂൾ കോംപ്ലക്സ് ഉണ്ടാക്കണം. ഈ വഴി അക്കാഡമിയിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ; വിദ്യാഭ്യാസ പ്രവർത്തനം ഏകീകരിച്ച് ചിട്ടപ്പെടുത്തൽ. എസ്. എസ്. എൽ. സി വിജയശതമാനവും പൊതുപഠനനിലവാരവും ഉയർത്തൽ എന്നിവ കോംപ്ലക്സിന്റെ പ്രധാന ലക്ഷ്യങ്ങളായിരിക്കണം.

പ്രാഥമിക വിദ്യാഭ്യാസ മേഖലയ്ക്ക് ഊന്നൽ നൽകണം. പ്രീ പ്രൈമറി വിദ്യാഭ്യാസം മുതൽ ശ്രദ്ധപതിപ്പിച്ചു തുടങ്ങിയാൽ മാത്രമേ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ സാധിക്കുകയുള്ളു.

താഴ്ന്ന ക്ലാസ്സുകളിൽ നിലവിലുള്ള (മഹഹ പ്രൂീീശേീ) കൂട്ടക്ലാസ്സുകയറ്റം നിറുത്തലാക്കണം. ശതമാന കണക്കിന് ക്ലാസ്സുകയറ്റം കൊടുക്കുന്നതും മോഡറേഷനും മറ്റും എടുത്തുകളയണം. ആവശ്യത്തിന് കളിസ്ഥലം ഉണ്ടാകണം. ബഞ്ച്. ഡസ്ക് മുതലായ പഠനോപകരണങ്ങളുടെ അപര്യാപ്തത പരിഹരിക്കണം നഴ്സറി സ്കൂളുടെ കുറവ് നികത്തണം.

എല്ലാ വിദ്യാലയങ്ങളിലും ഗ്രന്ഥശാല (ബാല സാഹിത്യം) വായനമുറി എന്നിവ ഉണ്ടാക്കി ബാല സാഹത്യം വായിപ്പിക്കുന്നതിനു വേണ്ടിയും വായിപ്പിച്ചതിനുശേഷം നോട്ടു കുറിപ്പിക്കുന്നതിനുവേണ്ടിയും വായന മുറി ഉപയോഗപ്പെടുത്തണം. പച്ചക്കറി കൃഷി വിദ്യാർത്ഥികളെ പരിശീലിപ്പിക്കണം.

രക്ഷകർത്താക്കളും അദ്ധ്യാപകരും തമ്മിൽ പരസ്പര ബന്ധം അത്യന്തപേക്ഷിതമാണ്. പി, റ്റി. എ. യും മദേഴ്സ് ഫാറവും കൂട്ടായി അദ്ധ്യാപകരുമൊത്ത് പ്രവർത്തിക്കുവാൻ വേദികൾ ഉണ്ടാക്കണം. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. അച്ചടക്ക ബോധം വളർത്തേണ്ടത് അത്യന്താപേക്ഷതമായതിനാൽ അതിനുള്ള നടപടിയെടുക്കണം. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കണം ടെക്സ്റ്റ് ബുക്കുകൾ ന്യായവിലക്കും യഥാ സമയത്തും കിട്ടുവാൻ വേണ്ട നടപടികളോടൊപ്പം കൺസ്യൂമർ സ്റ്റോറുകൾ (പുസ്തകങ്ങൾക്ക് വേണ്ടി)

ഉണ്ടാക്കണം.

ഈ പഞ്ചായത്തിൽ ഒരു വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ അനുവദിക്കണം. പഞ്ചായത്തു കമ്മറ്റി ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ള പാരലൽ കോളേജ് അനുവദിച്ചു തരണം. വൊക്കേഷണൽ സ്കൂളിൽ, പ്രാദേശിക സാദ്ധ്യതകൾ കൂടുതലുള്ള മത്സ്യ ബന്ധനം, സംസ്കരണം, വിപണനം തുടങ്ങിയവയുമായി ബന്ധപ്പെട്ടതും കയർ ഉല്പാദനം, സംസ്കരണം, വിപണനം, കയർ ഉപയോഗിച്ച് ഉണ്ടാക്കാവുന്ന വസ്തുക്കളുടെ നിർമ്മാണവുമായി ബന്ധപ്പെട്ടതുമായ കോഴ്സുകൾക്ക് ഊന്നൽ നൽകണം. ഈ പഞ്ചായത്തിലെ ഒരു ഹൈസ്കൂൾ "പ്ലസ് ടു" ആക്കുക. സ്കൂളുകളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങേണ്ടതാണ്. ആരോഗ്യപരമായ കാര്യങ്ങളിൽ പകർച്ച വ്യാധികൾ തടയുന്നതിനും മറ്റുമുള്ള കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളിലും ബോധവത്ക്കരണം നടത്തണം.

ആരോഗ്യ വിദ്യാഭ്യാസ സെമിനാറുകൾ പഞ്ചായത്തു മേൽ നോട്ടത്തിൽ പ്രയോജനപ്രദമായി നടത്തുവാൻ പദ്ധതികൾ തയ്യാറാക്കണം. കുട്ടിക്കാലത്ത് സാഹിത്യപരമായ കഴിവുകൾ കണ്ടെത്തി വളർത്തി വലുതാക്കുന്നതിനായി സ്കൂളുകളിൽ കൈയെഴുത്ത് മാസികകൾ തയ്യാറാക്കൽ പ്രോത്സാഹനവും സഹായവും നൽകുക

## സംസ്കാരം

കായംകുളം രാജാവിന്റെ കാലത്തുണ്ടായിരുന്ന നാടുവാഴി സംസ്കാരത്തിൽ നിന്നും ഇന്നത്തെ സംസ്കാത്തിലേക്ക് എത്തിചേരുവാൻ പ്രവർത്തിച്ചിട്ടുള്ള പാതകളെപ്പറ്റി ഒന്നു തിരിഞ്ഞു നോക്കിയാൽ പല വൈതരണികളും കടന്നുവന്നതായ ചരിത്രം കാണാം. അതിൽ മുൻപന്തിയൽ നിൽക്കുന്നത്. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട മേഖലകളാണ്. സവർണ്ണർക്കുമാത്രം വിദ്യാഭ്യാസ സ്വാതന്ത്ര്യം ഉണ്ടായിരുന്ന കാലഘട്ടത്തിൽ നിന്നുമാണ് ഇപ്പോഴത്തെ സ്വതന്ത്രമായതും ഉച്ചനീചത്വം ഇല്ലാത്തതുമായ ഒരു സംസ്കാര മണ്ഡലത്തിലേക്ക് നാം കടന്നു കൊണ്ടിരിക്കുന്നത്. ഇതുനുവേണ്ടി മഹാന്മാരായ പല വ്യക്തികളും അനുഭവിച്ചിട്ടുള്ള ത്യാഗങ്ങൾ ദുരിതപൂർണ്ണമാണ്.

കൊല്ലവർഷം 1088 ൽ സ്ഥാപിതമായ (രജിസ്റ്റർ നമ്പർ 274 ഗ്രേഡ് അ) ഈ സ്ഥാപനം സമീപപ്രദേശത്തെ ആദ്യത്തതും തിരു കൊച്ചിയിലെ രണ്ടാമതും കേരളത്തിലെ ആറാമത്തതുമായ ഒരു ഗ്രന്ഥശാലയാണ്. പ്രയാർ കേന്ദ്രമാക്കി സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ഗ്രന്ഥശാല വർഷങ്ങൾക്കു മുൻപ് വയോജനവിദ്യാഭ്യാസം നടത്തി ഗ്രാമീണരെ സാക്ഷരതാക്കിയ പ്രസ്ഥാനമെന്നുള്ളത് അഭിമാനിക്കാവുന്നതാണ്. ഇന്നും ഈ പ്രദേശത്തെ എല്ലാ സംസ്കാരിക സാമൂഹ്യമായ പരിപാടികൾക്ക് നേതൃത്വം നൽകി വരുന്നു. മലയാള ഗ്രന്ഥങ്ങൾക്കും, റഫറൻസ് ഗ്രന്ഥങ്ങൾക്കും പുറമേ ഇംഗ്ലീഷിന്റെയും ഹിന്ദിയുടെയും ഒരു നല്ല പുസ്തക ശേഖരം തന്നെ ഈ ഗ്രന്ഥശാലയിൽ ഉണ്ട്. ഏതാണ്ട് 12000 ത്തോളം പുസ്തകങ്ങൾ ഇവിടെയുണ്ട്. സർക്കാർ ഗസ്റ്റ് ഉൾപ്പെടെ ഇന്നുള്ളതിൽ നിരവധി ആനുകാലിക പ്രസിദ്ധീകരണങ്ങളും ഇവിടെ ലഭ്യമാണ്. ഒരു വായനശാലയും ഫുൾടൈം ഇവിടെ പ്രവർത്തിക്കുന്നുണ്ട്. പഴയകാലത്തെ വയോജന വിദ്യാഭ്യാസത്തെ തുടർന്ന് ഇപ്പോൾ സാക്ഷരതാ തുടർ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഈ പഞ്ചായത്തിലെ "ജനവിദ്യാ കേന്ദ്രം" ഈ ഗ്രന്ഥശാലയിൽ പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനത്തിന് ഇന്ന് പഴക്കമുള്ള കെട്ടിടം ഇതിന്റെ നിലവാരം അനുസരിച്ച് പര്യാപ്തമല്ല. കെട്ടിടം നിർമ്മാണത്തിന് ആവശ്യമായ ധനസഹായം ലഭ്യമാക്കണം. ഇവിടെ പുസ്തക സൂക്ഷിപ്പുകാരൻ സ്ഥിരം നിയമനമുണ്ട്. പ്രതിമാസം 1000 ത്തിനുമേൽ പുസ്തക വിതരണമുണ്ട്. ഈ പ്രസ്ഥാനത്തിന്റെ ഉന്നമനത്തിനുവേണ്ടി പഞ്ചായത്ത് മുൻ കയ്യെടുക്കണം

അന്തരിച്ച ഗോമതി ദേവ്, കോട്ടൂർ തെക്കതിൽ രാജപ്പൻ, വലിയതറയിൽ സുധാകരൻ, മോഴൂ വട്ടത്തു ദാമോദരക്കുറുപ്പ് തുടങ്ങിയവർ മുൻകൈ എടുത്ത് 1964 ൽ വടക്കേ ആഞ്ഞിലി മൂട്ടിൽ ശ്രീമതി ഗോമതി ദേവിന്റെ ഒരു കടമുറിയിൽ പുതുപ്പള്ളി പബ്ലിക്ക് ലൈബ്രറി സ്ഥാപിക്കുകയാണുണ്ടായി. ആദ്യകാലങ്ങളിൽ ഇതിന്റെ പ്രവർത്തകർ സ്വന്തമായി നാടകം അഭിനയിച്ച് അതിനയിച്ച് വാർഷികം നടത്താറുണ്ടായിരുന്നു. സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഒരു ശ്രമം നടന്നു. ശ്രീമതി ഗോമതീ ദേവാണ് ലൈബ്രറി നിർമ്മിക്കുന്നതിന് 3 സെന്റ് സ്ഥലം സംഭാവന ചെയ്തത്. ഇതിന്റെ പ്രവർത്തനം മന്ദീഭവിക്കുകയും ഈ പ്രസ്ഥാനം 1990 ൽ ദേവികുളങ്ങര പഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്തു. മേൽപറഞ്ഞ സ്ഥലത്താണ് ഇപ്പോൾ ശ്രീ. പി. ജെ. കുര്യൻ എം. പി. യുടെ ഫണ്ട് ഉപയോഗിച്ച് ഒരു ഗ്രന്ഥശാല മന്ദിരം ഉണ്ടാർരപ്പെട്ടിട്ടുള്ളത്. ആയതിനാൽ ശ്രീ. കുമ്മമ്പിള്ളിൽ രാമൻപിള്ള ആശാൻ സ്മാരകമെന്ന് നാമകരണം ചെയ്യാൻ അന്ന് തീരുമാനിച്ചിട്ടുള്ളത്.

ഗോവിന്ദമുട്ടത്ത് 1971 – ൽ സ്ഥാപിതമായ ശ്രീനാരായണ ഗ്രന്ഥശാല ഈ പഞ്ചായത്തിൽ ഉണ്ട്. ഏതാനും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ ചേർന്ന് സംഘടിപ്പിട്ടതാണ് ഈ പ്രസ്ഥാനം. 2600 ഓളം പുസ്തകങ്ങളും കേരള സാമൂഹ്യ ക്ഷേമവകുപ്പ് നൽകിയ ടി. വി. യും വിശ്വവിജ്ഞാന കോശം ഉൾപ്പെടെയുള്ള റഫറൻസ് പുസ്തകങ്ങളും ഇവിടെയുണ്ട്. 249 -ാം നമ്പർ എസ്. എൻ. ഡി. പി. ശാഖ നൽകിയ സ്ഥലത്ത് സ്വന്തമായി ഹാൾ പണിതത് അതിലാണ് ഇപ്പോൾ ഗ്രന്ഥശാല പ്രവർത്തിക്കുന്നത്. നാട്ടുകാരുടെ സഹകരണം കുറേക്കൂടി ഉണ്ടായാൽ നല്ല രീതിയിൽ പുരോഗതി ഉണ്ടാക്കാൻ സാധിക്കും. പ്രധാന കേന്ദ്രങ്ങളിലും അംഗീകൃത ലക്ഷം വീട് കോളനികളിലും ടി. വി. സെറ്റുകൾ സ്ഥാപിക്കുക. ദൂരത്തിന്റെ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിൽ മൂന്നു ഗ്രന്ഥശാലകൾക്കു കൂടി സാധ്യതയും ആവശ്യവും ഉണ്ടെന്നുള്ളത് ശ്രദ്ധേയമാണ്. അവ ആവശ്യമായ സ്ഥലത്ത് ജനപങ്കാളിത്തത്തോടെ സ്ഥാപിക്കുവാൻ വേണ്ട നടപടി പഞ്ചായത്തു കൈക്കൊള്ളുവാൻ ആവശ്യപ്പെടുന്നു. കൂടാതെ ഓണാഘോഷം കേരളോത്സവം തുടങ്ങിയ ആഘോഷങ്ങൾ ഏറ്റെടുത്ത് ജനപങ്കാളിത്തത്തോടെ നടത്തിയും പഞ്ചായത്തുതലത്തിൽ സാഹിത്യ കലാ മത്സരങ്ങൾ നടത്തിയും ജനങ്ങളുടെ അഭിരുചിയെ പ്രോത്സാഹിപ്പിക്കുന്നു. ഈ പഞ്ചായത്തിൽ ഭൂരിഭാഗം ജനങ്ങൾ ഹിന്ദുക്കളാണ്. മറ്റെല്ലാ ജനവിഭാഗങ്ങളും നാമമാത്രമാണ്. ഈ പഞ്ചായത്ത് ഇപ്പോൾ ഭരിക്കുന്നത് സി. പി. ഐ. നേതാവ് ശ്രീ. ബി. സുരേഷ് പ്രസിഡന്റായിട്ടുള്ള എൽ. ഡി. എഫ് കമ്മിറ്റിയാണ്.

### നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾ

| | | |
|---|---|---|
| പേരും മേൽവിലാസവും | രാജരാജവർമ്മ ഗ്രന്ഥശാല<br>പ്രയാർ | ശ്രീനാരായണ ഗ്രന്ഥശാല<br>ഗോവിന്ദമുട്ടം |
| സ്ഥാപിച്ചവർഷം | ME1088/1912 | 1971 |
| കെട്ടിടത്തിന്റെ വിവരം | സ്വന്തം | സ്വന്തം |
| നിലവിലുള്ള മെമ്പറന്മാരുടെ എണ്ണം | | |
| പുസ്തകങ്ങളുടെ എണ്ണം | 12000 | 2050 |
| പ്രതിമാസ പുസ്തകവിതരണം | 1005 | 450 |
| കീഴിൽ പ്രവത്തിക്കുന്നയുടെ വിവരം | വായനശാല, ജനവിദ്യാകേന്ദ്രം | വായനശാല |
| സർക്കാർ ഗ്രന്റ് ലഭിക്കന്നുണ്ടോ | ഉണ്ട് | ഉണ്ട് |
| മറ്റഭിപ്രായം | ഈ പ്രദേശത്തെ എല്ലാ സാംസ്ക്കരിക<br>സാമൂഹിക പിരിപാടികൾക്കും നേതൃത്വം നൽകുന്നു | |

[illegible]

# കുടിവെള്ളവും പൊതുജനാരോഗ്യവും

ജനതയുടെ ആരോഗ്യകരമായ ജീവിതത്തിന് ശുദ്ധജലത്തിന്റെ ലഭ്യത ഒരു പ്രധാന ഘടകമാണ്. നമ്മുടെ പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും ശുദ്ധജല ദൗർലഭ്യം അനുഭവപ്പെടുന്നു. 50% ത്തിനുമേൽ ജനങ്ങൾ കുടിവെള്ളത്തിനായി കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണ പദ്ധതികളെ ആശ്രയിക്കുമ്പോൾ 45% ജനങ്ങൾ കിണറുകളെ ആണ് ആശ്രയിക്കുന്നത്. ചെറിയൊരു ശതമാനം ജനത ഇന്നും കുളങ്ങളെ ആശ്രയിക്കുന്നുണ്ട്. നിലവിലുള്ള ഭൂരിപക്ഷം കിണറുകളിലും ഇപ്പോൾ ഓരുജലമാണ്. കേരളാ വാട്ടർ അതോറിറ്റിയുടെ മൂന്ന് ജല വിതരണം പദ്ധതികൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

**1. മുട്ടത്ത് മണ്ണേൽ ജലവിതരണ പദ്ധതി**

**2. ഗോവിന്ദമുട്ടം ജലവിതരണ പദ്ധതി**

**3. പൂവണ്ണാൽ ജലവിതരണ പദ്ധതി**

പഞ്ചായത്തിൽ 58 കി. മീറ്ററോളം പൈപ്പ് ലൈൻ ഉണ്ട്. പൂവണ്ണാൽ ജലവിതരണ പദ്ധതിയിൽ ജലലഭ്യത വേണ്ടതിലേറെയുണ്ട്. അത് പ്രയോജനപ്പെടുത്തി നമ്മുടെ പഞ്ചായത്തിലെ ആവശ്യമുള്ള മുഴുവൻ പ്രദേശങ്ങൾക്കും ശുദ്ധജലം എത്തിക്കാൻ കഴിയും. മുട്ടത്ത് മണ്ണേൽ, ഗോവിന്ദമുട്ടം പദ്ധതികൾ. കാലഹരണത്തിന്റെ വക്കിലാണ്.

**ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വന്ന ആവശ്യങ്ങൾ**

വാർഡ് I

T.M. ചിറയിൽ കുടിനീർ എത്തിക്കുക, C.V.C.S. 693 സംഘം മുതൽ മാവിലിശ്ശേരി വരെയും, മാവിലിശ്ശേരി മുതൽ ഇടശ്ശേരിൽ വരെയും പൈപ്പ് ലൈൻ സ്ഥാപിക്കുക.

കി[illegible]മുക്ക് അമ്പഴവയൽ ചോന്നാട്ട് വരെയും

തട്ടയ്ക്കാട്ട് ചന്ത - വില്ലടിശ്ശേരി, ദേവികുളങ്ങര വാട്ടർ ടാങ്കിൽ നാടാലിൽ കോളനി വരെ, കൊച്ചുകൂടം - പ്രശാന്തി, ചാന്നാൻച്ചേരി - കൊച്ചുവീട്ടിൽ, കൊന്നക്കോട്ട് - കൊച്ചുതറ, ഗുരുഭവനം - തോടിന് മറുകര

ശക്തികുളങ്ങര [illegible] കടവുടെയും ഗുരുമന്ദിരത്തിന്റെ തെക്ക് വശം അംഗൻവാടിയുടെയും സമീപത്ത് ടാപ്പിടണം.

വാർഡ് II

ശക്തികുളങ്ങര - K.N.M.U.P.S., ചെറുകാട്ടിൽ - മുതുവള്ളി, കളീയ്ക്കശ്ശേരി - കുറ്റിശ്ശേരി, താനാകുളം - K.N.M., ആയിക്കാട്ട കോളനി - K.N.M. - കടുവിങ്കൽ, കോമളത്ത് മുക്ക് - തെക്കോട്ട്, താന്നാകുളം - കൈതാൽമുക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുക.

വാർഡ് III

അംഗൻവാടിക്ക്, ആനക്കുന്നേൽ - അരിമുളത്ത്, പുല്ലംപ്ളാവിൽ - കോളനി, തുണ്ടിച്ചിറ - കോളനി, വേലംപറമ്പിൽ, അടിച്ചുതറ, വേളൂർ ജംഗ്. - കിഴക്കോട്ട്, അടുമ്പുംത്തറ - K.V. പ്രയാർ പൈപ്പ് ലൈൻ സ്ഥാപിക്കുക.

കൊച്ചുവീട്ടിൽ കിഴക്ക് റോഡിൽ ടാപ്പ് സ്ഥാപിക്കണം.

വാർഡ് IV

കാങ്കാലിതറ മുക്ക് - കരിങ്ങാട്ട്ശ്ശേരി കടവ്, S.C.B. 1900 - മങ്ങാട്ടുശ്ശേരി കടവ്, ആശ്രമം ജംഗ്ഷൻ - കിഴക്കോട്ടും പടിഞ്ഞാറോട്ടും, വാട്ടർ ടാങ്ക് മുതൽ മങ്ങാട്ടുശ്ശേരി കടവ് വരെ, കൊച്ചുവീട്ടിൽ ജംഗ്ഷൻ - ഇട്ടിയ്ക്കാത്തറ കടവ്, ശങ്കരാലയം കടവിലേക്ക്, തട്ടയ്ക്കാട്ട് ചന്ത - തയ്യിൽ തറ, ചെറുതിട്ട മുതൽ തെക്കോട്ട് പൈപ്പ് ലൈൻ സ്ഥാപിക്കുക.

വേണാട്ടുശ്ശേരി കടവിലും ഇട്ടിയ്ക്കാത്തറ കടവിലും ഉള്ള പൊതു ടാപ്പുകൾ സ്വകാര്യ വസ്തുവിൽ നിന്നും റോഡിലേക്ക് മാറ്റി സ്ഥാപിക്കണം.

വാർഡ് V

ആനക്കുന്നേൽ ജംഗ്ഷൻ - കിഴക്കോട്ട് തെക്കേ അഞ്ഞിലിമൂട് ഗവ: L.P.S. - വടക്കോട്ടും പടിഞ്ഞാറോട്ടും, പുന്നൂർ തെക്ക് വശത്ത് നിന്നും കിഴക്കോട്ട്, അനക്കുന്നേൽ ജംഗ്ഷനിൽ നിന്നും കിഴക്കോട്ട് കല്ലേലിമുക്കിൽ നിന്നും വടക്കോട്ടും, കാക്കനാട്ട് മുക്ക് - താമരശ്ശേരിമുക്ക്, ബംഗ്ലാവിൽ ജംഗ്ഷൻ - പടിഞ്ഞാറോട്ട്, ആനക്കുന്നേൽ - പള്ളിക്കുവടക്ക്, കുന്നയ്യത്ത് - തഴത്തോട് പൈപ്പ് ലൈൻ സ്ഥാപിക്കുക.

വാർഡ് VI

ശാസ്താംനട - കിഴക്കോട്ട്, വള്ളിയിലെഴുത്ത് കിഴക്കുവശം - തെക്കോട്ട്, നെടുവേലിൽ കായൽവാരം - കുരീത്തറ കായൽവാരം, കുട്ടുങ്കൽ കായൽവാരം - വടക്കോട്ട്, പുത്തൻ വീട്ടിൽ - മുട്ടത്ത് പുതുവൽ - വേളങ്ങാട്ട് - അയിരിശ്ശേരിൽ, തണ്ടാശ്ശേരിൽ - മണ്ണിശ്ശേരിൽ, ചെങ്ങാലപ്പള്ളി - ചക്കാലമുക്ക്, പെരുമ്പ്രാവിൽ, തണ്ടത്ത്, പനംത്തിട്ട - പുലരി ചന്ത, തുമ്പിള്ളിശ്ശേരി - വേമ്പനാട്ട് പൈപ്പ് ലൈൻ സ്ഥാപിക്കുക.

വാർഡ് VII

കളീയ്ക്കൽ പടിഞ്ഞാറ് - കുഴിവേലി വയൽ വാരം, ആക്കനാട്ട് ജംഗ്. - പടിഞ്ഞാറോട്ട്, വട. ആഞ്ഞിലിമൂട് - കിഴക്കോട്ട്, പുലരി ചന്തയ്ക്ക് കിഴക്ക് - വടക്കോട്ട്, കളത്തൂർ കിഴക്കു വശം - തെക്കോട്ട്, പുളിവേലിൽ പടിഞ്ഞാറുവശം - പടിഞ്ഞാറോട്ട്, കുറ്റിയിൽ - വടക്കോട്ട് ചേമത്ത് - തോട്ടത്തിമുക്ക്, പൂവണ്ണാൽ കോളനി - വടക്കോട്ട് പൈപ്പ് ലൈൻ സ്ഥാപിക്കുക.

വാ൪ VIII

തോട്ടത്തിൽ സ്കൂൾ - പുത്തേഴത്ത് കിഴക്കുവശം, കൊട്ടയ്ക്കാട്ട് - കിഴവൂർ, ഇടമരത്തുശ്ശേരിൽ - കിഴവൂർ, പല്ലിയിൽ - വടക്കോട്ട് പട്ടികജാതി കോളനി, ചെറുവള്ളി - കളീയ്ക്കത്തറ, മഠത്തിൽ - വഴുതാനത്ത്, മലയിത്തറ - പുളിങ്കീഴിൽ പൈപ്പ് ലൈൻ സ്ഥാപിക്കണം.

വാർഡ് IX

ചരൂർ ജംഗ്. - വടക്കേ തലയ്ക്കൽ, കൊച്ചുതുണ്ടിൽ - വടക്കോട്ട് - കോളനി വരെ, കൊതുപുല്ലയ്യത്ത് കോളനി - മഠത്തിൽ കോളനി - മുനമ്പേൽ കോളനി, കന്നിട്ടയ്യിൽ പടിഞ്ഞാറ് - വടക്കോട്ട്, പുളയാണിൽ - കാരാഴിത്തറ, കൊച്ചുകുരുമ്പോലിൽ - കുരുമ്പോലിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക.

കെയ്യോലിൽ മുക്കിലെ ടാപ്പ് കിഴക്കോട്ട് മാറ്റി സ്ഥാപിക്കുക. ഗോവിന്ദമുട്ടം ഗുരുമന്ദിരത്തിന് സമീപം ടാപ്പ് സ്ഥാപിക്കണം.

വാർഡ് X

പങ്കജ മന്ദിരം - മണ്ണാംപറമ്പിൽ മുക്ക്, എട്ടുതെങ്ങിൽ കോളനിക്ക്, പനച്ചൂർ വടക്കുവശം - കോട്ടയ്ക്കൽ കിഴക്കുവശം, കൊച്ചുമാമൂട് - കാവടിപാലം, കൊച്ചുമാമൂട് - കടയ്ക്കൽ കോളനി, പനച്ചൂർ തറ വടക്കുവശം - പുതുപുരയ്ക്കൽ വടക്കുവശം, ഇടയ്ക്കാട്ട് കിഴക്കുവശം - മേച്ചേരി മുക്ക്, വേളങ്ങാട്ട് മുക്ക് - കുറ്റിയിൽ തെക്കുവശം, പുത്തേഴത്ത് കിഴക്കുവശം - ചൂളൂർ സ്കൂൾ, മേച്ചേരി മുക്ക് - തോപ്പിൽ മുക്ക്, മേച്ചേരിൽ മുക്ക് - ചിറയിൽ മുക്ക് മഠത്തിൽ മുക്ക് - കിഴക്കോട്ട്, കണ്ണംങ്കോട്ട് കിഴക്കുവശം - ആമ്പനാട്ട് കോളനി, ചേമത്ത് മുക്ക് - ആയിരംതെങ്ങ്, വൈദ്യശാല - തയ്യിൽ കോളനി, കൊല്ലന്റയ്യത്ത് കോളനിക്ക്, പുത്തൻപറമ്പിൽ മുക്ക് - വടക്കോട്ട് പാതിരാ മണ്ണ് വരെ, പുത്തൻ വീട്ടിൽ മുക്ക് - വടക്കോട്ട്, പുത്തൻപുരയ്ക്കൽ കിഴക്ക് - കോളനിവരെ, പത്തിശ്ശേരിൽ - പടിഞ്ഞാറോട്ട് പൈപ്പ് ലൈൻ സ്ഥാപിക്കുക.

പത്തിശ്ശേരി ക്ഷേത്രത്തിന് മുൻവശം ഒരു ടാപ്പ് സ്ഥാപിക്കണം.

നിർദ്ദേശങ്ങൾ

- ശുദ്ധജലം ലഭിക്കുന്ന എല്ലാ കിണറുകളും അറ്റകുറ്റ പണി നടത്തി നില നിർത്തുക.
- പൈപ്പ് ലൈനിൽ ഉണ്ടാകുന്ന പൊട്ടൽ പരിഹരിക്കാൻ സ്ഥിരം ഏർപ്പാടുണ്ടാക്കുക.
- പൊതുവിതരണ ജലം അണുവിമുക്തമാണെന്ന് ഉറപ്പാക്കുക. P.H.C. യെ മേൽനോട്ടം ഏൽപ്പിക്കുക.
- കോളനികളിൽ കിണർ സ്ഥാപിക്കുന്നത് നിരുത്സാഹപ്പെടുത്തി പൈപ്പ് ജലം ലഭ്യമാക്കുക.
- മുട്ടത്ത് മണ്ണേൽ ഗോവിന്ദമുട്ടം വാട്ടർ സപ്ലൈ പദ്ധതികൾ അറ്റകുറ്റ പണി നടത്തുക.
- പൂവണ്ണാൽ പദ്ധതിയിൽ സ്ഥിരം ഷിഫ്റ്റ് ഏർപ്പെടുത്തുക.

# പൊതുജനാരോഗ്യം

നമ്മുടെ പഞ്ചായത്തിൽ ഒരു P.H. സെന്ററും ഒരു ഹോമിയോ ഡിസ്പെൻസറിയും ആയുർവ്വേദ ഡിസ്പെൻസറിയും ഉണ്ട്. കൂടാതെ ഏതാനും സ്വകാര്യ ആയുർവ്വേദ ഹോമിയോ ആലോപ്പതി ക്ലിനിക്കുകളും ഉണ്ട്.

പാരമ്പര്യ വിഷചികിത്സാലയവും ഉണ്ട്. രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഇന്നു നിലവിലില്ല. അതിനായി നാല് കിലോമീറ്ററോളം സഞ്ചരിച്ച് കായംകുളത്തോ ഓച്ചിറയിലോ എത്തണം. പഞ്ചായത്തിലെ ജനങ്ങളുടെ പൊതു ആരോഗ്യ സ്ഥിതി അത്ര മേശമല്ലെങ്കിലും മെച്ചപ്പെടേണ്ടതായിട്ടുണ്ട്. രോഗപ്രതിരോധ രംഗത്ത് നാം ഗണ്യമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും പലപ്പോഴും പകർച്ചവ്യാധികൾ പ്രത്യക്ഷപ്പെടുന്നുണ്ട്. ഫീൽഡ് സ്റ്റാഫിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി ഇത് പരിഹരിക്കാം. അതിനുള്ള സാഹചര്യങ്ങൾ പ്രദാനം ചെയ്യാൻ പഞ്ചായത്തിന് കഴിയണം.



**ആരോഗ്യ രംഗത്ത് പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും - ഗ്രാമ സഭാ റിപ്പോർട്ടുകളിൽ നിന്നും.**

- P.H. സെന്ററിന് സ്വന്തമായി സ്ഥലവും കെട്ടിട സൗകര്യങ്ങളും മുഴുവൻ സമയ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യപ്പെടുത്തണം. കൂടുതൽ ഡോക്ടർമാരെ നിയമിക്കണം.
- ആരോഗ്യ ഉപകേന്ദ്രങ്ങൾ മൂന്നെണ്ണത്തിൽ നിന്നും അഞ്ചാക്കി ഉയർത്തണം.
- ഒരു ഫ്ളോട്ടിംഗ് മൊബൈൽ ഹെൽത്ത് യൂണിറ്റ് സ്ഥാപിക്കണം.
- പി.എച്ച്. സെന്ററിന് ഒരു വാഹനം ലഭ്യമാക്കണം.
- T.M. ചിറയിൽ ഉപകേന്ദ്രം സ്ഥാപിക്കണം.
- ലാബറട്ടറി സൗകര്യം ഏർപ്പെടുത്തണം.

**ആയുർവ്വേദ ഡിസ്പെൻസറി** :- സ്വന്തം സ്ഥലവും കെട്ടിടവും ലഭ്യമാക്കി മുഴുവൻ സമയ ഡോക്ടറെയും സ്റ്റാഫിനെയും നിയമിക്കണം.

**ഹോമിയോ ഡിസ്പെൻസറി** :- സ്വന്തം സ്ഥലവും കെട്ടിടവും ലഭ്യമാക്കുക.

- വയലുകൾ നികത്തുന്നത് മൂലം നീർവാർച്ചയില്ലാതെയായി പലയിടത്തും വെള്ളം കെട്ടി നിന്ന് കൊതുക് വളരാൻ ഇടയാകുന്നുണ്ട്. മലേറിയ, മന്ത്, ഡങ്കു ഫീവർ, ജാപ്പനീസ് എൻസഫലിറ്റീസ് തുടങ്ങിയ രോഗങ്ങൾ പകരാൻ സാദ്ധ്യതയുണ്ട്. ജലനിർഗമന തോടുകൾ ഉണ്ടാക്കി ഈ സ്ഥിതി വിശേഷത്തെ അടിയന്തിരമായി നേരിടണം.
- സർക്കാരിന്റെ ആരോഗ്യ സേവന സൗകര്യങ്ങളെ സംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ ബോധവൽക്കണം നടത്തുക. ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകൾ സംഘടിപ്പിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.
- കശാപ്പ് ശാലകൾ ശുചിയായും ആരോഗ്യകരമായും നടത്തുന്നതിന് നിഷ്കർഷയുണ്ടാകണം.
- രാസപദാർത്ഥങ്ങൾ ഇട്ടതും പഴകിയതുമായ മത്സ്യകച്ചവടം കർശനമായി നിരോധിക്കുക.
- ഹോട്ടലുകൾ ചായകടകൾ ബേക്കറികൾ, കോൾഡ് സ്റ്റോറേജുകൾ എന്നിവയ്ക്ക് ലൈസൻസ് ഏർപ്പെടുത്തിയും ശുചിത്വനിലവാരം കർശനമായി മെച്ചപ്പെടുത്തിയും ഉദ്യോഗസ്ഥന്മാർ സ്ഥിരമായി പരിശോധനകൾ നടത്തിയും ആരോഗ്യ പരിപാലനം മെച്ചപ്പെടുത്തുക.
- കൊതുക് നശീകരണം അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കളെ നശിപ്പിക്കൽ തുടങ്ങിയ നടപടികൾ ആരോഗ്യ പ്രവർത്തകരുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ മെച്ചപ്പെടുത്തുക. ഹെൽത്ത് കാർഡ് സംവിധാനം നിർബന്ധമാക്കുക. ഹോട്ടൽ ചായക്കട കോൾഡ് സ്റ്റോറേജ് തൊഴിലാളികൾക്ക് ഫിസിക്കൽ ഫിറ്റനസ്സ് നിർബന്ധമാക്കുക.
- തിരക്കേറിയ സ്ഥലങ്ങളിലും മാർക്കറ്റുകളിലും സ്കൂൾ പരിസരത്തും പബ്ളിക്ക് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.
- മദ്യത്തിനും മയക്കുമരുന്നിനും എതിരെ വ്യാപകമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

# വിഭവസമാഹരണം

ദേവികുളങ്ങര ഗ്രാമ പഞ്ചായത്ത് അഭിമുഖീകരിക്കുന്ന പ്രതിസന്ധികളിൽ പരമ്പരാഗത – കയർ ഉൽപ്പാദന മേഖലയുടെ തകർച്ചയും കാർഷിക മേഖലയുടെ മുരടിപ്പുമാണ് പ്രധാനം. ചെറുകിട വ്യവസായങ്ങൾ നാമ മാത്രമാണ്.

ചെമ്മീൻ സംസ്കരിക്കുന്ന പീല്ലിംഗ് സെന്ററുകൾ ഒഴിച്ചാൽ മറ്റ് വ്യവസായ സ്ഥാപനങ്ങൾ കുറവാണ്. കായൽ വളപ്പുകളിലെ ചെമ്മീൻ കൃഷി ഞണ്ട്, കക്കാ വളർത്തൽ ഓരു ജല മത്സ്യകൃഷി ഇവയുടെ സംസ്കരണ വിപണന സാദ്ധ്യതകളും പ്രയോജനപ്പെടുത്തുവാൻ കഴിയേണ്ടതാണ്. നിർദ്ദിഷ്ഠ ഫിഷിംഗ് ഹാർബർ കൂടി കണക്കിലെടുത്ത് അതിന് വേണ്ട ഭൗതിക സാഹചര്യം ഒരുക്കണം. കായലിലെ ഇതര മലനീകരണങ്ങളും മത്സ്യ പ്രജനനത്തിനെ ബാധിച്ചിട്ടുണ്ട്. നെൽപ്പാടങ്ങൾ പരിവർത്തനപ്പെടുത്തുക വഴി വയലിന്റെ വിസ്തീർണ്ണം കുറഞ്ഞു. പരമ്പരാഗത ജലമൊഴുക്കുകൾ തടയപ്പെട്ടു. വേലിയേറ്റ കാലത്ത് ഓരു കയറാൻ ഇടയായി നെൽകൃഷിയും ഉൽപ്പാദന ക്ഷമതയും കുറഞ്ഞു. തെങ്ങ് കൃഷിയുടെ വിസ്തൃതി വർദ്ധിച്ചു. കാറ്റ് വീഴ്ചയുടെ ഫലമായി ഉൽപ്പാദന ക്ഷമത കുറഞ്ഞു 80% ത്തോളം തെങ്ങുകൾ രോഗ ഗ്രസ്ഥമാണ്. പ്രതിവർഷം 93.6 ലക്ഷത്തോളം രൂപയുടെ ഉൽപ്പാദന നഷ്ടം കണക്കാക്കുന്നു.

കയർ വ്യവസായം, കൊപ്രാ വെളിച്ചെണ്ണ തുടങ്ങിയ കേരോ ഉൽപ്പന്നങ്ങളെ ആശ്രയിച്ചുള്ള ഇതര വ്യവസായങ്ങളും മുരടിപ്പ് നേരിടുന്നു. തൊഴിൽ നഷ്ടം രൂക്ഷമായി ഈ പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരമുണ്ടാകണം.

അടിക്കടിയുള്ള നികുതി വർദ്ധനവുകൾ ഒഴിവാക്കി പുത്തൻ വിഭവസമാഹരണ സംവിധാനങ്ങൾ ആവിഷ്കരിക്കണം. ഇക്കാര്യങ്ങളിൽ ഗ്രാമ പഞ്ചായത്തിന് ഇടപ്പെടുവാൻ പുതിയ നിയമം അനുശാസിക്കുന്നുണ്ട്.

സ്റ്റാമ്പ് ഡ്യൂട്ടി, വെഹിക്കിൾ ടാക്സ്, രജിസ്ട്രേഷൻ ഫീ തുടങ്ങിയ ഇനങ്ങളിൽ നിന്ന് ഉള്ള പഞ്ചായത്ത് വിഹിതം ലഭ്യമാക്കൽ ഉദാരമാക്കണം.

എല്ലാ മേഖലയിലും ഉള്ള ദരിദ്ര നാമമാത്ര കർഷകരും വ്യവസായികളും പണിയെടുക്കുന്ന തൊഴിലാളികളും മാത്രം അടങ്ങുന്നതാണ് നമ്മുടെ ജനസംഖ്യ. പഞ്ചായത്ത് തലത്തിലെ നികുതി ഏർപ്പാടുകൾ ശാസ്ത്രീയമായി പരിഷ്കരിക്കണം. നികുതി പിരിവ് കാര്യക്ഷമമാക്കാൻ ജനകീയ കമ്മിറ്റികളുടെ പ്രവർത്തനം ഉണ്ടാകണം. ഈ പ്രവർത്തനങ്ങളുടെ സുതാര്യത ജനങ്ങൾക്ക് ബോധ്യമാകണം.

**കെട്ടിട നികുതി**

നമ്മുടെ പഞ്ചായത്തിൽ മുൻവർഷം കെട്ടിട നികുതി ഇനത്തിൽ 1 ,63,000 രൂപയാണ് വരുമാനം. കെട്ടിടങ്ങളുടെ എണ്ണവും വലിപ്പവും വസൂലാക്കിയ നികുതിയും പരിശോധിച്ചാൽ നിരവധി പൊരുത്തക്കേടുകൾ കാണാം. കെട്ടിടങ്ങളുടെ വിസ്തീർണ്ണം അഡംബരത്വം നിർമ്മാണ സാമഗ്രികളുടെ നിലവാരം ഇവ മാനദണ്ഡമാക്കി ആണോ സ്ലാബ് നിശ്ചയിച്ചതെന്ന് പരിശോധിക്കേണ്ടതായിട്ടിരിക്കുന്നു. കെട്ടിട നിർമ്മാണം സംബന്ധിച്ച് മുൻകൂർ അനുവാദ സമ്പ്രദായം അവിഷ്കരിക്കണം.

പഞ്ചായത്ത് – കെട്ടിട നിയമങ്ങൾക്കധിഷ്ഠിതമായി മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും വേണ്ടിടത്ത് പുന: പരിശോധന നടത്തുന്നതും നല്ലതാണ്.

ഉപഭൂനികുതി :- 1994 ലെ പഞ്ചായത്ത് നിയമം വകുപ്പ് 201 പ്രകാരം ഭൂനികുതി ആവിഷ്കരിക്കാവുന്നതാണ്. വസ്തു കൈമാറ്റം സംബന്ധിച്ച ഒരു നികുതി വ്യവസ്ഥ വകുപ്പു 206 ലും പറയുന്നുണ്ട്.

**തൊഴിൽ നികുതി** :- ബാധകമാക്കാവുന്ന എല്ലാ മേഖലയിലും വിവേചന രഹിതമായി അസസ്മെന്റ് നടത്തിയാൽ ഒരു പുത്തൻ വരുമാന മാർഗ്ഗമായി.

**വിനോദ നികുതി** :- നമ്മുടെ ഗ്രാമത്തിൽ ഒരു സിനിമാ തിയേറ്റർ മാത്രമേയുള്ളു. കേബിൾ ടിവി ശൃംഖലയ്ക്കും സാറ്റലൈറ്റ് ചാനൽ ഉപയോക്താക്കൾക്കും പ്രോത്സഹനം നൽകി വിനോദ നികുതിയുടെ പരിധിയിൽ ഉൾപ്പെടുത്താവുന്നതാണ്.

ഇതര ധനാഗമ മാർഗ്ഗങ്ങൾ

**കടവ് ലേലം** :- കായംകുളം ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനത്തോട് കൂടി നമ്മുടെ പഞ്ചയാത്തിലെ കടവുകളെല്ലാം സജ്ജീവകമാകും. അവ ലേലം ചെയ്ത് വരുമാന മാർഗ്ഗം ആവിഷ്കരിക്കാം.

ട്യൂട്ടേറിയലുകൾക്കും സ്വകാര്യ ആശുപത്രികൾക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും നിയമപരമായി രജിസ്ട്രേഷൻ സമ്പ്രദായം അവിഷ്കരിക്കണം.

വളർത്ത് നായ്ക്കൾക്ക് ലൈസൻസ് സമ്പ്രദായം കർശനമാക്കുക.

ഫിഷ് ലാൻഡിംഗ് സെന്ററിന്റെയും അനുബന്ധ വ്യവസായ മേഖലയുടെയും രജിസ്ട്രേഷനുകൾ നടപ്പാക്കണം. നിലവിലുള്ള കടത്തുകൾ ലേലം സമ്പ്രദായത്തിലേക്ക് മാറ്റണം.

തൊണ്ടഴുക്കിന് ലൈസൻസ് കർശനമാക്കുക.

പുറമ്പോക്കുകൾ :- പഞ്ചായത്ത് അധികാരതയിലുള്ള മുഴുവൻ പുറമ്പോക്കുകളും തിട്ടപ്പെടുത്തിയും കൈയേറ്റങ്ങൾ ഒഴിവാക്കിയും പഞ്ചായത്ത് നേതൃത്വത്തിലും പാട്ടവ്യവസ്ഥയിലും പുത്തൻ ഉപഭോഗ സമ്പ്രദായം ആവിഷ്കരിക്കണം.

കച്ചവട ലൈസൻസ് :- പഞ്ചായത്തിൽ കാര്യക്ഷമവും കൃത്യവുമായ അസസ്മെന്റ് നടപ്പാക്കണം.

**വസ്തു ക്രൈയം** :- രജിസ്ട്രേഷൻ സമയത്ത് അണ്ടർ വാല്യൂവേഷന് ഇടവരാത്ത തരത്തിൽ കാര്യക്ഷമമാക്കി വരുമാന നഷ്ടം ഒഴിവാക്കണം.

**വിനോദ സഞ്ചാരം** :- പ്രകൃതി സുന്ദരമായ കായംകുളം കായലും പരിസരവും വമ്പിച്ച വിനോദ സഞ്ചാര സാദ്ധ്യതയുള്ള മേഖലയാണ്. ടൂറിസ്റ്റ് ഫ്ളോട്ടിംഗ് റിസോർട്ടുകളും, സർക്കാർ കായൽ പുറമ്പോക്കുകൾ വികസിപ്പിച്ചും ടൂറിസ്റ്റുകളെ ആകർഷിച്ച് പുത്തൻ വരുമാന മാർഗ്ഗം ഉണ്ടാക്കാം.

**ജീവകാരുണ്യ നിധി** :- സ്വകാര്യ ആശുപത്രികളിൽ മുറി – കിടക്ക, വാടകകളിന്മേൽ സർച്ചാർജ് എർപ്പെടുത്തി വരുമാനം കണ്ടെത്താം.

**ബാങ്ക്, ഫൈനാൻസിയേഴ്സ്** : - S.C.B. 1900, S.C.S. 2730, ഫെഡറൽ ബാങ്ക് ശാഖ, നിരവധി സ്വകാര്യ വായ്പാ സ്ഥാപനങ്ങൾ എന്നിവ നമ്മുടെ പഞ്ചായത്തിലുണ്ട്. കാർഷിക, മൃഗസംരക്ഷണ, സ്വയം തൊഴിൽ മേഖല ഇവയ്ക്ക് വായ്പാ ലഭ്യത ഉറപ്പാക്കാൻ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ അപര്യാപ്തമാണ്. പ്രവർത്തനം കാര്യക്ഷമവുമല്ല. പഞ്ചായത്ത് തല വികസന സമിതികൾ ഇടപെടണം. പഞ്ചായത്തിൽ നിന്നുള്ള നിക്ഷേപത്തിന്റെ 80% തദ്ദേശമായി പ്രത്യുൽപ്പാദന മേഖലയിൽ നിക്ഷേപിക്കുവാൻ കഴിയുന്ന തരത്തിൽ പഞ്ചായത്ത് സമിതിക്ക് നിയമപരമായി ഇടപെടാം.

**ചെലവുകൾ** :- വിഭവങ്ങൾ വികസിപ്പിക്കുകയും സമാഹരിക്കുകയും ആയത് പ്രത്യുൽപ്പാദന പരമായ മേഖലയിലേക്ക് മാറ്റുവാനും കഴിയണം. പഞ്ചായത്ത്

റോഡുകളിൽ ഗ്രാവലിട്ട് അറ്റകുറ്റ പണി നടത്തുന്ന സമ്പ്രദായത്തിന് ശാസ്ത്രീയമായ പരിഷ്കാരം കണ്ടെത്തി ആവർത്തന നഷ്ടങ്ങൾ ഒഴിവാക്കാവുന്നതാണ്. ഫണ്ട് വിനിയോഗ രീതികൾ സുതാര്യമാവണം. മണ്ണ് ഗ്രാവൽ റോഡുകളുടെയും ഓടകളുടെയും കാലാകാല അറ്റകുറ്റ പണികൾക്കായി നിമാനുസരണമുള്ള അയൽക്കൂട്ടങ്ങൾ രൂപീകരിച്ചേൽപ്പിക്കണം. അതു വഴി സന്നദ്ധ പ്രവർത്തനങ്ങൾ ഉപയോഗിക്കണം.

പഞ്ചായത്ത് ഷോപ്പിംഗ് സെന്റർ വാടക ഏർപ്പാടുകൾ പൂർണ്ണമാക്കുകയും കാര്യക്ഷമമാക്കുകയും ചെയ്ത് കടം നിവാരണം ഉറപ്പാക്കണം.

**മാർക്കറ്റുകൾ** :- മാർക്കറ്റുകൾ പരമാവധി വികസിപ്പിച്ച് കാര്യക്ഷമമാക്കണം.

**നാഷണൽ സേവിംഗ് സ്കീം** :- പഞ്ചായത്ത് പ്രദേശത്ത് ഈ പദ്ധതി കാര്യക്ഷമമാക്കാൻ അവശ്യമായ സന്നദ്ധ പ്രവർത്തനം പ്രദാനം ചെയ്താൽ നിക്ഷേപത്തിലെ 15 - 20% തുക വികസന പ്രവർത്തനങ്ങൾക്ക് ലഭിക്കും.

**മനുഷ്യാദ്ധ്വാനം** :- നമ്മുടെ ഗ്രാമത്തിലെ മാനവശേഷി വിഭവം പൂർണ്ണമായും ഉപയുക്തമാക്കുവാൻ പഞ്ചായത്ത് സമിതിക്ക് നിയമപരമായി ഇടപെടാം. തീര സംരക്ഷണത്തിന് ബണ്ടുകൾ നിർമ്മിച്ച് കണ്ടൽകാടുകൾ വച്ച് പിടിപ്പിക്കുവാനും നമ്മുടെ പഞ്ചായത്തിലെ നീർവാർച്ച പുനഃ സ്ഥാപിക്കുന്നതിനും പദ്ധതികൾ അവിഷ്കരിക്കണം. ടൂറിസം, മത്സ്യ – ചെമ്മീൻ കൃഷികൾ, സഹകരണ ഫാമുകൾ രൂപീകരിക്കൽ വഴി പ്രത്യുൽപ്പാദന പരവും പരിസ്ഥിതി സംരക്ഷണ പരവുമായ പദ്ധതികൾ നടപ്പാക്കണം.

കായലിലെ ടൂറിസം സാദ്ധ്യതകൾ വളർത്തുന്നതിനും അലങ്കാരമത്സ്യ – പക്ഷി സങ്കേത – ഫ്ളോട്ടിംഗ് റിസോർട്ടുകൾ ഇവയൊക്കെ പഞ്ചായത്ത് മേൽനോട്ടത്തിൽ നടപ്പാക്കുവുന്നതാണ്. റ്റി.എം. ചിറയിലും പരിസരത്തും കണ്ടപ്പുറത്തും ആധുനിക ശാസ്ത്ര സാങ്കേതിക വൈദഗ്ധ്യം ഉപയോഗിച്ച് പ്രത്യുൽപ്പാദന പരമായ പദ്ധതികൾ നടപ്പാക്കാൻ പഞ്ചായത്തിൽ നിക്ഷിപ്തമായ അധികാരങ്ങൾ ഉപയോഗിച്ച് വായ്പകൾ സ്വരൂപിച്ച് പ്രോജക്ടുകൾ അവിഷ്കരിച്ച് പഞ്ചായത്തിന് പുത്തൻ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താം.

അധികാരം ജനങ്ങളിലേക്ക്

## പഞ്ചായത്തിന്റെ നാളതു വരവ് ചെലവ് വിവരങ്ങൾ (1995-96)

| വരവ് ഇനം | |
|---|---|
| കെട്ടിട നികുതി | 163664.80 |
| സർവ്വീസ് ചാർജ്ജ് (L.C.) | 8357.60 |
| തൊഴിൽ നികുതി | 82190.00 |
| വാഹന നികുതി | |
| വിനോദ നികുതി | 3149.00 |
| അഡി വിനോദ നികുതി | 1907.00 |
| പ്രദർശന നികുതി | 780.00 |
| ,, സർച്ചാർജ്ജ് | 195.00 |
| മാർക്കറ്റ് വരവ് | 3252.00 |
| ലാന്റ് . | സെസ്സ് |
| ലൈസൻസ് ഫീസ് | 12466.00 |
| കെട്ടിട നികുതി സർചാർജ്ജ് | |
| വസ്തു കൈമാറ്റ നികുതി (75%) | 100854.00 |
| വസ്തു കൈമാറ്റ നികുതി (25%) | |
| സർക്കാർ ഗ്രാന്റ് ഒഴികെ ഇതര വരവ് | 79973.20 |
| സംഭാവന | |
| നിക്ഷേപം | 8250.00 |
| മറ്റിനം | 315.00 |
| ആകെ | 465353.60 |

| ചെലവ് ഇനം | |
|---|---|
| ഭരണം | 548791.50 |
| പൊതുമരാമത്ത് | 130993.00 |
| വിദ്യാഭ്യാസം | |
| ജലവിതരണം ഓടകൾ, പൊതുജനാരോഗ്യം | 87985.00 |
| മറ്റുള്ളവ | 61931.00 |
| ആകെ | 883578.50 |

ഭരണ ചെലവ് വരുമാനത്തിനെക്കാൾ 18% കൂടുതൽ

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

പാർപ്പിട സൗകര്യത്തിന്റെ കാര്യത്തിൽ നമ്മുടെ പഞ്ചായത്തിന്റെ സ്ഥിതി അത്ര മെച്ചമല്ല. 40 - 50% വരെ വാസയോഗ്യമല്ലാത്ത വീടുകൾ ആണ് ഇവിടെയുള്ളത്. ശേഷിക്കുന്നവയിൽ 25% ഓട് മേഞ്ഞവയും 20% കോൺക്രീറ്റും 5% ഓല മേച്ചിലും ആണ്. പാർപ്പിട നിർമ്മാണത്തിൽ ഗൾഫ് പണത്തിന്റെ അതി പ്രസരം കാണുന്നുണ്ട്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 545 വീടുകൾ പണി പൂർത്തീകരിച്ചു. കൃഷിയിടങ്ങൾ നികത്തി പാർപ്പിടം നിർമ്മിക്കുന്ന രീതി കാർഷിക മേഖലയിൽ വമ്പിച്ച മാന്ദ്യത്തിന് ഇടവരുത്തി.

ഒരു തീരസമതലമായ നമ്മുടെ പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും കയർ കാർഷിക മത്സ്യ മേഖലയെ ഉപജീവന മാർഗ്ഗമായി കാണുന്നു. 1, 4, 6, 8, 9, 10 വാർഡുകളിൽ പ്രധാനമായും. കെട്ടിട നിർമ്മാണ തൊഴിലാളികളും ധാരാളമുണ്ട് ഇവർ പൊതുവെ കുടിലുകളിലും ചെറുവീടുകളിലുമാണ് താമസിക്കുന്നത്.

പഞ്ചായത്തിൽ ആകെയുള്ള 5630 വീടുകളിൽ പകുതിയിൽ ഏറെയും കുടിലുകൾ ആണെന്ന് പറയാം. പഞ്ചായത്തിൽ യാതൊരുവിധ ഭവന നിർമ്മാണ സഹായ ഏജൻസികളും ഇല്ല. വിവിധ സർക്കാർ പദ്ധതികൾ മുഖേന ലഭ്യമായിട്ടുള്ള വീടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1984 - 85 R.L.E.G.P. 25

1985 - 86 R.L.E.G.P. 12, N.R.E.P. 8 ആകെ 20

1986 - 87

1987 - 88

1988 - 89 R.L.E.G.P. 10, N.R.E.P. 15 ആകെ 25

1989 - 90 J.R.Y. 4

1990 - 91

1991 - 92 I.A.Y 1, M.W.S. 2 ആകെ 3

1992 - 93

1993 - 94 J.R.Y. 6

1994 - 95 M.W.S. 12

1995 - 96 I.A.Y 15, J.R.Y. 1 ആകെ 16

1996 - 97 I.AY. 7,

ആകെ R.L.E.G.P. 47, N.R.E.P. 23, I.A.Y. 23, M.W.S. 14, J.R.Y. 11 ആകെ 110

കെട്ടിട നിർമ്മാണ സാമഗ്രികളുടെയും കൂലിയുടെയും അമിതമായ വർദ്ധനവ് കാരണം ഭൂരിപക്ഷം ജനങ്ങൾക്കും സ്വന്തം വീട് എന്ന ആശയം തന്നെ സ്വപ്നമായി അവശേഷിക്കുന്നു. നിലവിലുള്ള പാർപ്പിട നിർമ്മാണ സഹായ പദ്ധതികൾ ഉദാരമാക്കണം.

പ്രകൃതി ക്ഷോഭത്താൽ വീട് നഷ്ടപ്പെടുന്നവർക്ക് ഉള്ള ധനസഹായം തീരെ അപര്യപ്താമാണ്. ലഭിക്കുവാൻ കാലവിളംബവും ഉണ്ടാകുന്നു. പഞ്ചായത്തിൽ ആകെ പട്ടികജാതി കോളനികൾ 11 എണ്ണവും, ലക്ഷംവീട് കോളനി 3 എണ്ണവുമാണ്. അതിൽ പൂവണ്ണാൽ കോളനിയിൽ 54 കുടുംബങ്ങൾക്കായുള്ള 22 വീടും വാസയോഗ്യമല്ലാത്തതും നിലംപതിക്കാറായതുമാണ്. (6, 7 വാർഡുകൾ)

**പാർപ്പിട പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും**

- ഹൗസിംഗ് ബോർഡിന്റെ പദ്ധതികൾ പഞ്ചായത്ത് തലത്തിൽ നടപ്പാക്കുക.
- ഒരു ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക.
- കെട്ടിട നിർമ്മാണ സാമഗ്രികൾ സിവിൽ സപ്ലൈസ് മുഖേന വിതരണം ചെയ്യുക.
- രണ്ട് ലക്ഷം രൂപയിൽ അധികം നിർമ്മാണ ചെലവ് വരുന്ന വീടുകൾക്ക് പരിധി ഏർപ്പെടുത്തുക.
- ചിലവ് കുറഞ്ഞ പാർപ്പിട നിർമ്മാണം സംബന്ധിച്ച ബോധവൽക്കരണം.
- അവശ്യക്കാർക്ക് ഫോമുകൾ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുക.
- സ്റ്റേജ് സർട്ടിഫിക്കേറ്റ് നൽകുവാനുള്ള അധികാരം പഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.
- ഭവന നിർമ്മാണ - സർക്കാർ വായ്പകൾ വർദ്ധിപ്പിക്കുക.
- ബ്ലോക്ക് വഴിയുള്ള ഭവന നിർമ്മാണ ഗ്രാന്റ് 30,000 രൂപ ആക്കുക.

## സാമൂഹ്യക്ഷേമം

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ ഉന്നമനത്താനായി ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളുമാണ് ഇന്ന് സാമൂഹ്യ ക്ഷേമ രംഗത്ത് നിലവിലുള്ളത്. ആയത് പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് മുഖേനയാണ്.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന രണ്ട് V.E.O. സർക്കിളുകൾ ഗ്രാമ പഞ്ചായത്ത് ആഫീസിൽ പ്രവർത്തിക്കുന്നു.

നടപ്പ് പദ്ധതികൾ

പട്ടിക 1

I.R.D.P. സഹായ ലഭ്യത കണക്ക്

**നോർത്ത് സർക്കിൾ**

1992-93 23 എണ്ണം, സബ്സിഡി 66246.00, വായ്പ 82181.00 രൂപ,

1993-94 25 എണ്ണം, സബിസിഡി 74774.00, വായ്പ 100890.00 രൂപ

1994-95 18 എണ്ണം, സബ്സിഡി 83483.00, വായ്പ 142117.00 രൂപ

1995-96 18 എണ്ണം, സബ്സിഡി 89334.00, വായ്പ 227594.00 രൂപ

ആകെ 84 എണ്ണം, സബ്സിഡി 313837.00, വായ്പ 552782.00 രൂപ

**സൗത്ത് സർക്കിൾ**

1992-93 17 എണ്ണം, സബ്സിഡി 44265.00, വായ്പ 62110.00 രൂപ,

1993-94 25 എണ്ണം, സബിസിഡി 77413.00, വായ്പ 113747.00 രൂപ

1994-95 17 എണ്ണം, സബ്സിഡി 75200.00, വായ്പ 13590.00 രൂപ

1995-96 20 എണ്ണം, സബ്സിഡി 94667.00, വായ്പ 166483.00 രൂപ

ആകെ 79 എണ്ണം, സബ്സിഡി 291345.00, വായ്പ 478240.00 രൂപ

1992 ലെ I.R.D.P. സർവ്വേ ലിസ്റ്റ് - ഗുണഭോക്താക്കൾ

1995 നവംബറിലെ അഡീഷണൽ സർവ്വേ സഹിതം

1495 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെ - ആയതിൽ 163 പേർക്ക് സഹായം ലഭിച്ചു

സഹകരണ - ഷെഡ്യൂൾ ബാങ്കുകൾ മുഖേനയുള്ള സഹായങ്ങൾ നാമമാത്രം. അപ്രാപ്യമായ ജാമ്യ വ്യവസ്ഥകൾ ഗുണഭോക്താക്കളെ നിരുത്സാഹപ്പെടുത്തുന്നു.

ഷെഡ്യൂൾഡ് ബാങ്കിന്റെ സ്ഥിതി :- N.R.I ഉൾപ്പടെ വൻതുക നിക്ഷേപം സ്വീകരിച്ചിട്ടുണ്ടെങ്കിലും 1% പോലും പഞ്ചായത്തിലെ ദുർബ്ബല വിഭാഗത്തിന്റെ ഉനതിക്കായി വായ്പ കൊടുക്കുന്നില്ല.

D.W.C.R.A. സഹായങ്ങൾ : - 10 ഓളം സ്ത്രീകളെ ഗ്രൂപ്പാക്കി പ്രവർത്തിക്കുന്ന തൊഴിൽ സംരഭമാണ്. 3-ാം വാർഡിൽ ഒരു യൂണിറ്റുണ്ട്. (11 കുടുംബങ്ങൾ). 1993-94 ൽ 88,000.00 രൂപ വായ്പയും 44,000.00 രൂപ സബ്സിഡിയും ലഭിച്ച ഒരു ഡയറി യൂണിറ്റാണ് ഇത്. I.C.D.S. ന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടികളിലെ കുട്ടികൾക്കായി കിണർ, കക്കൂസ്, മുതലായവ നൽകുന്ന ശുചീകരണ പരിപാടി നടക്കുന്നുണ്ട്.

R.A.P. (ടൂൾ കിറ്റ്) :- ഗ്രാമീണ തൊഴിലുകാർക്ക് നവീന തൊഴിൽ ഉപകരണങ്ങൾ നൽകുന്ന പദ്ധതിയാണിത് 1995 - 96 ൽ പഞ്ചായത്തിലെ 4, 7, 8 വാർഡുകളിലായി 6 പേർക്ക് ലഭിച്ചിട്ടുണ്ട്.

C.R.S.P. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നൽകുന്ന ഈ പദ്ധതി പ്രകാരം 1993 - 94 മുതൽ ഈ പദ്ധതി നടപ്പാക്കുന്നു.

പട്ടിക

**നോർത്ത് സർക്കിൾ**

| വർഷം | എണ്ണം | തുക |
|---|---|---|
| 1993 - 94 | 9 (SC-1) | 22500 |
| 1994 - 95 | 14 (SC-2) | 35000 |
| 1995 - 96 | 18 (SC-2) | 45000 |

**സൗത്ത് സർക്കിൾ**

| | | |
|---|---|---|
| 1993 - 94 | 12 (SC-2) | 30000 |
| 1994 - 95 | 16 (SC-4) | 40000 |
| 1995 - 96 | 23 (SC-1) | 57000 |

**വില്ലേജ് ആഫീസ് വഴിയുള്ള ക്ഷേമ പദ്ധതികൾ** :- സാമൂഹ്യ ക്ഷേമ രംഗത്ത് റവന്യൂ വകുപ്പിൽ നിന്ന് വിവിധ തരം പെൻഷനുകളും നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായങ്ങളും.

ഈ ആനുകൂല്യങ്ങൾ അർഹരായവർക്ക് കിട്ടുന്നില്ലെന്നും അനർഹർ കൈപ്പറ്റുന്നതായും പരാതികളുണ്ട്.

**വിധവ പെൻഷൻ** : പഞ്ചായത്തിൽ 65 പേർക്ക് ഈ പെൻഷൻ കിട്ടുന്നു.

**വികലാംഗ പെൻഷൻ** : ഈ ഇനത്തിൽ 65 പേർക്ക് കിട്ടുന്നു.

**കർഷക തൊഴിലാളി പെൻഷൻ** :

**തൊഴിലില്ലായ്മ വേതനം** : 6736 പേർക്ക് ലഭിക്കുന്നു.

**അംഗൻവാടികൾ** :- 10 വാർഡുകളിലായി 17 എണ്ണമാണുള്ളത്. ആയിരം ജനങ്ങൾക്ക് ഒന്ന് എന്നതാണ് ലക്ഷ്യം. ലക്ഷ്യത്തിലെത്തണം. ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനുള്ള ലോക്കൽ ലെവൽ കമ്മിറ്റികൾ കൂടാറില്ല പരാതികൾ വർദ്ധിച്ചു വരുന്നു.

**നിർദ്ദേശങ്ങൾ**

- I.R.D.P. ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ പരിതി ഉയർത്തണം. ദേശസാൽകൃത ബാങ്കിന്റെ ഒരു ശാഖ പഞ്ചായത്തിൽ ആരംഭിക്കണം.
- എല്ലാ വാർഡുകളിലും പ്രാദേശിക വിഭവാടിസ്ഥാനത്തിൽ D.W.C.R.A. യൂണിറ്റുകൾ തുടങ്ങണം.
- ട്രൈസം പരിശീലകർക്ക് തൊഴിൽ സാദ്ധ്യതകൾ ഉണ്ടാക്കണം.
- C.R.S.P. കക്കൂസുകൾക്കുള്ള തുക 5000/- രൂപയാക്കണം.
- വികലാംഗത്വ സർട്ടിഫിക്കറ്റ നൽകൽ താലൂക്ക് മെഡിക്കൽ ആഫീസറെ ഏൽപ്പിക്കുക.
- പെൻഷനുകൾ അർഹരായവർക്ക് മാത്രമായി നൽകുക.
- സ്വന്തമായി വസ്തുവും കെട്ടിടവും ഇല്ലാത്ത അംഗൻവാടികൾക്ക് അത് ലഭ്യമാക്കുക.
- അംഗൻവാടി ജീവനക്കാരുടെ വേതന വ്യവസ്ഥ ഉയർത്തുക
- അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
- എല്ലാ തൊഴിൽ മേഖലയിലും ക്ഷേമനിധി നടപ്പാക്കുക.

**കയർ തൊഴിലാളി ക്ഷേമനിധി** :- എല്ലാ കയർ തൊഴിലാളികളെയും ക്ഷേമനിധി അംഗങ്ങളാക്കുക. ഉടമാവിഹിതം കർഷനമായി അടയ്ക്കുവാൻ ഏർപ്പാട് ചെയ്യുക. അർഹരായ എല്ലാവർക്കും പെൻഷൻ ലഭ്യമാക്കുക. ക്ഷേമനിധി അംഗങ്ങൾ മരണപ്പെട്ടാൽ മരണാനന്തര ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സ്കീം കൊണ്ടുവരിക.

പൊതുവിവരണം :- നമ്മുടെ പഞ്ചായത്തിൽ ആകെ ____ റേഷൻ കടകളുണ്ട്. ആകെ ____ കാർഡുകളാണ് ഉള്ളത്. അരി ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ ഒഴികെയുള്ള നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള റേഷൻ കടകൾ ഇക്കാര്യത്തിൽ അലംഭാവം കാട്ടുന്നുണ്ട്.

## വനിത

സാമൂഹ്യ പ്രവർത്തന മേഖലകളിൽ നല്ലൊരു ശതമാനം സ്ത്രീകൾ സജീവ സാന്നിദ്ധ്യം പുലർത്തുമ്പോഴും ഇതൊന്നും അറിയാതെ അടുക്കളകളിൽ ഒതുങ്ങി കൂടുന്ന നല്ലൊരു വിഭാഗം സ്ത്രീകൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ സ്ത്രീ പങ്കാളിത്തം ഏറിവരുന്നുണ്ട്. വിദ്യാഭ്യാസ രംഗത്ത് അവർ മുന്നിലാണെങ്കിലും സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മേഖലകളിൽ വനിതാ പ്രാധിനിത്യം തുലോം കുറവാണ്. നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 20145 ആണ്. (1991 ലെ സെൻസസ്) 50% ത്തിലേറെ സ്ത്രീകളാണ്. ഉന്നതവിദ്യാഭ്യാസത്തിലും ഉയർന്ന് ജോലികളിലും സ്ത്രീകളുടെ പ്രാതിനിത്യം തീരെക്കുറവാണ്. തൊഴിൽ മേഖലയിൽ വിവേചനം നിലനിൽക്കുന്നു. തുല്യ ജോലിക്ക് പുരുഷനെക്കാൾ താഴ്ന്ന വേതനമാണ് സ്ത്രീകൾക്ക്. സ്ത്രീകൾക്ക് മുൻതൂക്കമുള്ള തൊഴിൽ സംരഭങ്ങൾ എന്ന നിലയിൽ കോഴി വളർത്തൽ താറാവ് ആട്, മുയൽ വളർത്തൽ പദ്ധതികൾ അലങ്കാര മത്സ്യ വ്യവസായം, കൂമിൾ കൃഷി, ആന്തൂറിയം, ഓർക്കിഡ് തുടങ്ങിയ പൂകൃഷികൾ എന്നിവ ആവിഷ്കരിക്കണം. സ്വാതന്ത്ര്യ സമര സേനാനി ആയ ശ്രീമതി പ്രബുദ്ധാലയത്തിൽ ദേവകിയമ്മ നമ്മുടെ പഞ്ചായത്തിലെ 7-ാം വാർഡിലെ താമസക്കാരിയാണ്.

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തി വരുന്ന 5 മഹിളാ സമാജങ്ങളിൽ രണ്ടെണ്ണം തൃപ്തികരമായി പ്രവർത്തിക്കുന്നു. (2-ാം വാർഡിലെ 'പ്രിയദർശിനി' 10-ാം വാർഡിലെ 'ചൈതന്യ') പ്രിയദർശിനി സമാജത്തിന്റെ നേതൃത്വത്തിൽ C.A.P.A.R.D. യിൽ നിന്നും 75 കുടുംബങ്ങൾക്ക് കക്കൂസ് നൽകി (1500 രൂപ) വനിതാ സാന്നിട്ടറി മാർട്ട് നടത്തുന്നു.

ചൈതന്യ മഹിളാ സമാജത്തിന്റെ നേതൃത്വത്തിൽ സെമിനാറുകളും, വനി

താക്യാമ്പുകളും നടന്ന് വരുന്നു. പി.എ.എസ്സ്.എസ്സ്. ന്റെ യൂണിറ്റായി പ്രവർത്തിക്കുന്നു. വാർഡിൽ 57 കുടുംബങ്ങൾക്ക് 30 രൂപ പ്രകാരം 285 കോഴികളെയും 25 കുടുംബങ്ങൾക്ക് തൊഴുത്ത് നിർമ്മിക്കുന്നതിനുള്ള സഹായവും 13 കുടുംബങ്ങൾക്ക് ആടുകളെയും വൈക്കോൽ കച്ചവടത്തിനായി 1500 രൂപ ഒരു കുടുംബത്തിന് പലിശ രഹിത വായ്പയും പൗൾട്രി ഫാമിനായി 20,000 രൂപയും നൽകി. 1500 രൂപ വിലവരുന്ന ഒരു മുട്ടനാട് 750 രൂപ സബ്സിഡിയോടെ നൽകി പച്ചക്കറി കൃഷിക്ക് ആവശ്യമായ മേൽത്തരം വിത്തിനങ്ങൾ വിതരണം ചെയ്യുന്നു. അംഗങ്ങളിൽ സമ്പാദ്യ ശീലം ഒരു ക്രെഡിറ്റ് സൊസൈറ്റി രൂപീകരിക്കുകയും ചെയ്തു. ജനകീയാസൂത്രണ പദ്ധതിയെ സംബന്ധിച്ച് 110 പേരെ പങ്കെടുപ്പിച്ച് 4 ദിവസത്തെ ഒരു സെമിനാർ നടന്നു.

എല്ലാ വാർഡുകളിലും ഇത്തരം മഹിളാ സമാജങ്ങളുടെ പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം.

പ്രത്യുൽപ്പാദന പരമായ സ്വയം തൊഴിൽ പദ്ധതികൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കണം. തുല്യജോലിക്ക് തുല്യ വേതനം എന്ന ആശയ പ്രചരണം സംഘടിപ്പിക്കണം. തൊഴിൽ അവസരങ്ങളും തൊഴിൽ നിയമങ്ങളും സംബന്ധിച്ച് അവബോധം സ്ത്രീകളിൽ വളർത്തണം.

സ്കൂളുകളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ ഉയർന്ന പങ്കാളിത്തം ഉറപ്പാക്കുക.

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

നമ്മുടെ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 11.86% ഈ വിഭാഗക്കാരാണ്. മൂന്ന് കുടുംബങ്ങളിലായി 10 പട്ടികവർഗ്ഗ അംഗങ്ങളാണുള്ളത്. ആകെ ജനസംഖ്യ 2503 ആണ്. (1991 സെൻസസ്) കോളനികളിൽ താമസിക്കുന്നവരും ഇടകലർന്ന് ജീവിച്ച് പോരുന്നവരും ഉണ്ട്. നമ്മുടെ പഞ്ചായത്തിലെ ഈ വിഭാഗത്തിലെ ജാതി തിരിച്ചുള്ള വിവരം : 1. തണ്ടാൻ, 2. പുലയൻ, 3. സാംബവൻ, 4. മണ്ണാൻ, 5. വേലൻ, 6. പാണൻ, 7. കുറവൻ, 8. ഉള്ളാടൻ.

പഞ്ചായത്തിലെ പട്ടികജാതി വർഗ്ഗ വിഭാഗത്തിലുള്ളവർ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ വിദ്യാഭ്യാസ സാമൂഹ്യ രംഗങ്ങളിൽ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നു. ഉച്ചനീചത്വത്തിൽ നിന്നും അയിത്തത്തിൽ നിന്നും, ഏറെകുറെ മോചനം ഉണ്ടായിട്ടുണ്ടെങ്കിലും ജാതീയമായ പതിത്വം ഒരളവിൽ നിലനിൽക്കുന്നുണ്ട്. പൊതുപരിപാടികളിലും ചടങ്ങുകളിലും പങ്കാളിത്തവും പരിഗണനയും ഉണ്ടെങ്കിലും പോരായ്മകൾ ഉണ്ട്. സർക്കാർ സ്ഥാപനങ്ങളിലും സ്കൂളുകളിലും ജോലിയുള്ളവർ ഉണ്ടെങ്കിലും സ്വകാര്യ സ്കൂൾ സ്ഥാപന തലത്തിൽ വേണ്ട പരിഗണന ലഭിക്കുന്നില്ല. വർഗ്ഗപരമായി കർഷക തൊഴിലാളി വിഭാഗത്തിൽ പെടുന്നവരാണെങ്കിലും കയർ മത്സ്യബന്ധനം മേഖലകലിലേക്ക് തൊഴിൽ തേടി എത്തുന്നവരുണ്ട്. കാർഷിക മേഖലയിലെ മുരടിപ്പ് ഇതിന് ഒരു കാരണമാണ്. നാളികേര ഉൽപ്പാദന മേഖലയിലെ വമ്പിച്ച് ഇടിവും പ്രതിസന്ധിയും ഈ മേഖലയിലെ തൊഴിൽ പ്രതിസന്ധിക്ക് കാരണമാക്കിയിട്ടുണ്ട്. നെൽകൃഷി അന്യം നിന്നു കൊണ്ടിരിക്കുന്ന നമ്മുടെ പഞ്ചായത്തിൽ ഈ വിഭാഗം സ്ത്രീ തൊഴിലാളികളുടെ ഇടയിൽ രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് ഇടവരുത്തിയിട്ടുണ്ട്.

സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ എടുത്ത് പറയത്തക്ക നേട്ടം കൈവരിച്ചവർ വിരലിൽ എണ്ണാവുന്നവരെയുള്ളൂ. ശ്രീമൂലം പ്രജാസഭ അംഗവും സാമൂഹ്യ പരിഷ്കർത്താവുമായിരുന്ന ചങ്കാഴിത്തറ കുഞ്ഞൻ വെളുമ്പൻ നമ്മുടെ പഞ്ചായത്ത് നിവാസി ആയിരുന്നു. അദ്ദേഹത്തിന്റെ മകൻ ശ്രീ വി. പ്രഭാകരൻ (07-01-1996 ൽ അന്തരിച്ചു) കഴിഞ്ഞ 33 വർഷമായി നമ്മുടെ പഞ്ചായത്ത് മെമ്പറാണ്. ഇപ്പോൾ നിലവിലുള്ള പഞ്ചായത്ത് കമ്മറ്റി സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനായി തെരഞ്ഞെടുത്തത് ശ്രീ പ്രഭാകരനെ ആയിരുന്നു. അന്തരിച്ച ശ്രീ സാധുമന്ദിരം നാണു ഒരു സമുദായ പ്രവർത്തകനായിരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമങ്ങൾക്കായി ചിലവഴിച്ച തുകയും, കൈവരിച്ച നേട്ടങ്ങളും തമ്മിൽ പൊരുത്തക്കേടുണ്ട്. പദ്ധതിനടപ്പാക്കലിലെ കെടുകാര്യസ്ഥതയും ദുർവ്യയവുമാണ് ഇതിനു കാരണം. 90% പേരും ജന്മിമാരുടെ വസ്തുക്കളിലെ കുടിപാർപ്പുകാർ ആയിരുന്നു. കേരളത്തിലെ ഭൂപരിഷ്ക്കരണ നടപടികളുടെ ഭാഗമായി മാത്രമാണ് പരിമിതമായെങ്കിലും ഭൂമിയുലെ ഉടമസ്ഥാവകാശം ലഭിച്ചത്. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ പൊതുവെ ശോചനീയമാണ്. 1995 ലെ IRDP സർവ്വേ പ്രകാരം 175 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ്.
(സ്ഥിതി വിവരം സംബന്ധിച്ച പട്ടിക നോക്കുക)

**വിദ്യാഭ്യാസം** :- ഇപ്പോൾ നിരക്ഷരർ കുറവാണ്. S.S.L.C. വരെ കഷ്ടിച്ച് പഠിച്ചവർ. തുടർ വിദ്യാഭ്യാസത്തിൽ വൈവിദ്ധ്യം കാട്ടുന്നു. ഇതിനെതിരെ ഫലപ്രദമായ ബോധവൽക്കരണം ആവശ്യമാണ്. സാമ്പത്തികവും സാമൂഹ്യവുമായ കാരണങ്ങൾ ഉണ്ടാകാം. (കുട്ടികളുടെ വിദ്യാഭ്യാസം സംബന്ധിച്ച പട്ടിക നോക്കുക.)

സർവ്വകലാശാല ബിരുദവും ബിരുദാനന്തര ബിരുദവും പ്രൊഫഷണൽ ബിരുദവും നേടിയിട്ടുള്ളവർ വിരളിൽ എണ്ണാവുന്നത്രയാണുള്ളത്.

**തൊഴിൽ** :- ഈ വിഭാഗത്തിലുള്ളവർ കാർഷിക മേഖലയിൽ പണിയെടുത്ത് ഉപജീവനം തേടുന്നവരാണ് ഭൂരിപക്ഷവും. കാർഷിക മേഖലയിലെ പ്രതിസന്ധി ഇവരെയും ബാധിച്ചിട്ടുണ്ട്. പാരമ്പര്യ തൊഴിലായ ചൂരൽ മുള, പനമ്പ്, തൊഴിലാളികളുടെ ഇടയിലും തൊഴിൽ പ്രതിസന്ധി നിലനിൽക്കുന്നു. സ്ത്രീ തൊഴിലാളികൾക്ക് കൂലി പൊതുവെ കുറവാണ്. ആധുനിക വൽക്കരണവും പുന: സംഘടനയും ലാക്കാക്കി പുത്തൻ പ്രോജക്ടുകൾ അവിഷ്കരിച്ച് ഈ വിഭാഗത്തിന്റെ തൊഴിൽ മേഖലയെ സംപുഷ്ടമാക്കുന്ന പ്രോജക്ടുകൾ ആവിഷ്കരിക്കണം.

**പാർപ്പിടം** :- സർക്കാർ ഏജൻസികൾ വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഈ വിഭാഗത്തിന്റെ പാർപ്പിട പ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരം കണ്ടെത്തിയിട്ടുണ്ടെങ്കിലും കോളനി നിവാസികളുടെ പുരയുടെ അറ്റകുറ്റ പണികൾ ചെയ്യിക്കലും ഭൂമി ഇല്ലാത്തവർക്ക് ഭൂമി ലഭ്യമാക്കി പാർപ്പിടം പണിയുന്നതിന് അവസരങ്ങൾ ഉണ്ടാക്കലും വേണ്ടിയിരിക്കുന്നു. ചില സ്കീമുകൾ പ്രകാരമുള്ള വായ്പ കൊണ്ട് വീട് വച്ചവർ തുക തിരിച്ചടയ്ക്കാൻ നിവർത്തിയില്ലാതെ റിക്കവരി നടപടികളെ നേരിടുന്നുണ്ട്. കോളനികളിലെ ശോച്യാവസ്ഥ നിമിത്തം. ആരോഗ്യ പ്രശ്നങ്ങളും പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. കോളനികൾ സംബന്ധിച്ച് സ്ഥിതി വിവര പട്ടികകൾ നോക്കുക.

**പ്രശ്നങ്ങൾ** :-

- വിദ്യാലയങ്ങളിൽ നിന്നും വിദ്യാർത്ഥികൾ ഇടയ്ക്ക് പൊഴിഞ്ഞ് പോകുന്നത് തടയണം.
- സ്ഥലവും പാർപ്പിടവും ഇനിയും ആർജ്ജിക്കാൻ കഴിയാത്തവർക്ക് ആയത് ലഭ്യമാക്കുക.
- ധനസഹായങ്ങളുടെ അപര്യാപ്തത മൂലം കിട്ടിയ ആനുകൂല്യങ്ങൾ ദുർവിനിയോഗം ചെയ്യപ്പെടുന്നതിന് പരിഹാരം ഉണ്ടാക്കുക.

ഉൾപുരയിടങ്ങളിലെ താമസക്കാർക്ക് വഴിയും വൈദ്യുതിയും ലഭ്യമാക്കുക.

- പൊതുശ്മശാനം അവിഷ്കരിക്കുക
- കൃഷിഭവൻ, വില്ലേജ് ആഫീസ് വികസന കോർപ്പറേഷനുകൾ തുടങ്ങിയ സർക്കാർ ആഫീസുകളിൽ അർഹമായ മുൻഗണന നടപ്പാക്കുക.
- യുവാക്കളുടെ തൊഴിൽ കായിക സാംസ്കാരിക മേഖലകളിലെ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കി സാമൂഹ്യ ജീർണ്ണത ഒഴിവാക്കുക.
- I.R.D.P. പോലുള്ള പദ്ധതികളിലെ അർഹത പ്രകാരം മുള്ള വിഹിതം ഉറപ്പാക്കുക.
- കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുക.
- ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യ ശുചിത്വ പരിപാലന പദ്ധതികൾ ഫലപ്രദമാക്കുക.
- വായ്പാ തിരിച്ചടവിൽ അർഹതപ്പെട്ടവരുടെ കടങ്ങൾ എഴുതി തള്ളുക.
- നടപ്പാക്കി വരുന്ന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച് കാലാകാലങ്ങളിലെ അവലോകനം നിർബന്ധമാക്കുക.
- ഈ വിഭാഗങ്ങൾക്കെതിരെയുള്ള കൈയേറ്റങ്ങളെ തടയുന്ന കേന്ദ്ര നിയമം കർശനമായി നടപ്പാക്കുക. കൃഷി മത്സ്യബന്ധനം വ്യവസായം ആരോഗ്യ സംരക്ഷണം പൊതു സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ തൊഴിൽ പരിശീലനങ്ങൾ തൊഴിൽ പദ്ധതികൾ എന്നിവയിലെ അർഹമായ പ്രാധിനിധ്യവും അംഗീകാരവും കാലകാലങ്ങളിലെ പരിശോധനയിലൂടെ ഉറപ്പാക്കുക.
- ചെറുകിട വ്യവസായ സംരഭങ്ങളിൽ ഈ വിഭാഗക്കാരുടെ അർഹമായ പങ്ക് ലഭ്യമാക്കുക.
- പാർപ്പിട കെട്ടിട നിർമ്മാണ സാമഗ്രികൾ സബ്സിഡി നിരക്കിൽ എത്തിക്കുകയും വൈദ്യുതി വെള്ളകരം ചാർജ്ജുകളിൽ ഇളവും അനുവദിക്കുക.

പട്ടിക

| സ്കൂളിന്റെ പേര് | തോറ്റ് പഠിക്കുന്നവർ | പഠനം നിർത്തിയവർ | ലംപ്സം ഗ്രാന്റ് ലഭിക്കുന്നവർ | ആകെ കുട്ടികൾ |
|---|---|---|---|---|
| R.V.S.M.H.S. പ്രയാർ U.P. | 9 | 2 | 65 | 76 |
| R.V.S.M.H.S. പ്രയാർ H.S. | 18 | 6 | 161 | 185 |
| C.M.S. L.P.S. | 3 | 0 | 29 | 32 |
| C.M.S. U.P.S. | 5 | 2 | 40 | 47 |
| C.M.S. H.S. | 0 | 0 | 42 | 42 |
| K.N.M. L.P.S. | 4 | 0 | 31 | 35 |
| K.N.M. U.P.S. | 6 | 0 | 25 | 31 |
| S.R.V.L.P.S. | 1 | 1 | 15 | 17 |
| ചൂളൂർ U.P.S. | 2 | 0 | 19 | 21 |
| പുതുപ്പള്ളി സൗത്ത് ഗവ: L.P.S. | 2 | 0 | 20 | 22 |
| പുതുപ്പള്ളി നോർത്ത് U.P.S. | 0 | 0 | 53 | 53 |
| ആകെ | 50 | 11 | 500 | 561 |

താഴ്ന്ന ക്ലാസ്സുകളിൽ തന്നെ 10% ത്തിലധികം പേർ തോറ്റ് പഠിക്കുകയോ ഇടയ്ക്ക് നിർത്തുന്നതോ ചെയ്യുന്നതായി കാണുന്നു.

# റോഡും ഗതാഗതവും ഊർജ്ജവും

## റോഡും, ഗതാഗതവും

നാടിന്റെ വികസനത്തിന് റോഡുകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണല്ലോ. ഗതാഗത ആവശ്യത്തിന് ഊന്നി നിന്ന് ജനശക്തി സമാഹരിച്ച് നിർമ്മിച്ച് റോഡുകളാണ് അധികവും.

നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ പ്രധാനപ്പെട്ട റോഡ് പുതിയിടത്തു നിന്നും തുടങ്ങി പ്രയാർ ഹൈസ്കൂൾ ജംഗ്ഷനിൽ എത്തുന്നതാണല്ലോ. 100 കണക്കിന് ആളുകളുടെ കഠിനാധ്വാനവും സേവനവും കൊണ്ടാണ് സ്വാതന്ത്ര്യത്തിന് മുമ്പ് ഈ റോഡ് രൂപം കൊണ്ടത്.

നമ്മുടെ പഞ്ചായത്തിൽ രണ്ട് P.W.D. റോഡുകളാണുള്ളത്. പുതിയിടം - പ്രയാർ H.S. ജംഗ്ഷൻ റോഡും, ഗോവിന്ദമുട്ടം ആലുംപീടിക റോഡും. 15 കി മീ നീളം വരും.

106. 915 കി മി നീളത്തിൽ പഞ്ചായത്ത് റോഡുകളുടെ ഒരു ശൃംഖല നമുക്കുണ്ട്. അതിൽ 26 കി മി ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ടാർ ചെയ്തിട്ടുണ്ട്. വിശേഷാൽ ഗ്രാമസഭകളിൽ എല്ലാം തന്നെ റോഡുപരിഷ്കാരങ്ങളെ സംബന്ധിച്ച് നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്.

നിർദ്ദേശങ്ങൾ ചുവടെചേർക്കുന്നു.

30-06-1996 വരെയുള്ള കണക്കനുസരിച്ച്

സൂചന (G - ഗ്രവൽ, T- ടാർ)

നമ്പർ വാർഡ് റോഡിന്റെ പേര് നീളം വീതിമീറ്ററിൽ എന്ന ക്രമത്തിൽ

1. I മാത്താണ്ടിശേരിമുക്ക് - നെടുമണ്ണേൽ കടവ്റോഡ് 0.9 5 G
2. I പുളിയനാമുറി - തട്ടക്കാട്ട്ചന്ത റോഡ് 0.5 5 G
3. I പുതുമംഗലത്ത് - കോതേരിൽ 0.2 4 G
4. I കക്കാട്ടുശേരിൽ - കാരിക്കാട്ട്മുക്ക് 0.5 4 G
5. I ചോനാട്ട്കലുങ്ക് - പുന്നമൂട്ടിൽമുക്ക് 0.5 4 G
6. I വലിയതറമുക്ക് - കടാശേരിമണ്ണേൽ 0.8 6 T
7. I ഗുരുമന്ദിരം - തട്ടക്കാട്ട്ചന്ത 1 6 T
8. I മാവിലിശേരിമുക്ക് - കടാശേരിമുക്ക് 0.3 4 T
9. I പുതുമംഗലത്ത് - കുന്നേൽകടവ് 0.3 3 T
10. I കടാശേരിമണ്ണേൽ - നെടുമണ്ണേൽ 0.4 4 T
11. II വേലൻപറമ്പിൽമുക്ക് - അടുമ്പുംതറ 0.7 4 G
12. II കളീക്കശേരി - ചോനാട്ട്കലുങ്ക് 0.8 4 G
13. II കാരിയാടിമുക്ക് - ശക്തികുളങ്ങര 0.7 4 G
14. II താനാകുളം - വാഴപ്പള്ളിമുക്ക് 0.5 4 G
15. II കെ. എൻ. എം. U.P.S - തേവരുകുന്നത്ത് 0.4 4 G
16. II കളിക്കശേരിൽ - കറത്തേരിമുക്ക് 0.2 4 G
17. II നെല്ല് വിളാകത്ത് - വെള്ളിശേരിമുക്ക് 0.7 4 G
18. II കൈതാൽമുക്ക് - കൊല്ലാട്ട്മുക്ക് 1 4 G
19. II പെരുമനമുക്ക് - കൊല്ലാട്ട്മുക്ക് 0.3 4 G

20. II കാട്ടിശേരിമുക്ക് - പുത്തൻതറമുക്ക് 0.3 4 G
21. II പുന്നക്കുഴിമുക്ക് - കണ്ടിനേത്ത്മുക്ക് 0.4 4 G
22. II പേരൂർമുക്ക് - മാരായിത്തോട്ടംമുക്ക് 0.4 4 G
23. II പെരുമ്പ്രാമുട്ടത്ത് - കളീയ്ക്കൽ മുക്ക് 0.2 5 G
24. II ഉപ്പുകുളങ്ങര മുക്ക് - കളീയ്ക്കശ്ശേരി മുക്ക് 0.4 6 T
25. II അടുമ്പുംത്തറ മുക്ക് - K.V. പ്രയാർ മുക്ക് 0.5 6 T
26. II തളത്തോട് - ആശ്രാമം റോഡ് 0.75 6 T
27. II വായനശാല - കിണർ മുക്ക് 1.4 6 T
28. III പ്രയാർ ജംഗ്ഷൻ - ചാങ്കൂർ ജംഗ: 0.7 4 G
29. III അടുമ്പുന്തറ ജംഗ്. - സ്വതന്ത്ര ജംഗ: 0.7 4 G
30. III തോപ്പിൽ മുക്ക് - പറയന്റ്യ്യത്ത് 0.1 4 G
31. III പ്രയാർ ജംഗ് - മേട്ടുത്തറ മുക്ക് 0.2 1 G
32. III നിലയ്ക്കലേത്ത് മുക്ക് - ഈരിക്കത്തറ കോളനി 0.6 4 G
33. III വേളൂർ മുക്ക് - തഴത്തോട് 0.5 4 G
34. III അമ്പിയിൽ മുക്ക് - കാമാണ്ടിശ്ശേരി മുക്ക് 0.3 3 G
35. III ഇടയനമ്പലം - തഴത്തോട് 0.5 4 T
36. IV വേണാട്ടുശ്ശേരി - പുലരി ചന്ത 0.5 4 G
37. IV ആലിന്റെ കിഴക്കതിൽ - വെള്ളിശ്ശേരി കടവ് 0.7 4 G
38. IV കാങ്കാലി മുക്ക് - കരിങ്ങാട്ടുശ്ശേരി കടവ് 0.6 6 G
39. IV പള്ളിക്കടവ് - നീലാഭവനം 0.3 3 G
40. IV മങ്ങാട്ടുശ്ശേരി കടവ് - നാടാലയിൽ 0.1 3 G
41. IV വാഴപ്പള്ളി മുക്ക് - കാങ്കാലിത്തറ 0.3 3 G
42. IV കോലടത്ത് മുക്ക് - ശങ്കരാലയം 0.6 4 G
43. IV തട്ടയ്ക്കാട്ട് കടവിൽ - ബംഗ്ലാവിൽ ജംഗ്. 0.4 4 G
44. IV കൊച്ചുവീട്ടിൽ മുക്ക് - ഇട്ടിയ്ക്കാത്തറകടവ് .7 4 G
45. IV തെരുവിൽ മുക്ക് - വാഴശ്ശേരി മുക്ക് .2 3 G
46. IV ആശ്രമത്തിൽ മുക്ക് - മഞ്ഞളം പാടം .25 3 G
47. IV മുട്ടത്തുമണ്ണേൽ മുക്ക് - മണിപുരം .2 3 G
48. IV ചെറുതിട്ട കിഴക്കതിൽ മുക്ക് - ഗ്രീൻ വ്യൂ മുക്ക് റോഡ് .2 4 G
49. IV മാരിക്കുഴിമുക്കുറോഡ് - പള്ളിക്കടവ് മുക്ക് .8 4 T
50. IV ആനക്കുന്നേൽ മുക്ക് മങ്ങാട്ടുശ്ശേരിക്കടവ് 1.5 5 T
51. IV പുളിക്കീഴിൽ ചന്ത - മുട്ടത്തുമണ്ണേൽ 1.6 5 T
52. V കൊല്ലൊട്ടു മുക്ക് - കലവറ മുക്ക് .9 5 G
53. V തെക്കേ ആഞ്ഞിലി മുട് - ചുനാട്ടുകാവ് 1.1 5 G
54. V തെക്കേ ആഞ്ഞിലി മുട് - തഴത്തോട് .6 4 G
55. V വാഴശ്ശേരി മുക്ക് - ചക്കാല മുക്ക് 1.2 5 G
56. V തെക്കിനേത്ത് മുക്ക് - നെൽവിളാകത്ത് 1.25 5 G
57. V വേളൂർമുക്ക് - തഴുത്തോട് 1.2 5 G
58. V കടവിക്കോട്ട് ജംഗ്. - മങ്ങാട്ടുശ്ശേരി കടവ് 0.75 4 G
59. V പാപ്പരമുക്ക് - കാട്ടിൽമുക്ക് 1.5 5 G
60. V കുന്നയ്യത്ത് മുക്ക് - തഴത്തോട് 0.6 6 G
61. V തട്ടുപുരയ്ക്കൽ - താമരശ്ശേരി റോഡ് 1.8 5 G
62. V ആനക്കുന്നേൽ - നാലുകണ്ടത്തിൽ 1.9 5 G
63. V പറമ്പിത്തറ മുക്ക് - തഴത്തോട് 1.6 5 G
64. V കുന്നയ്യത്ത് മുക്ക് - വെളിയിൽ തെക്കതിൽ 1 5 G
65. V നെയ്തല്ലൂർ - ചേവണ്ണൂർ 0.8 5 G
66. V ആലംവമ്പള്ളിൽ - തൈക്കാവ് 0.9 3 G
67. V കണ്ടൻകോരത്ത് - കണിയാൻത്തറ 0.6 3 G
68. V തഴത്തോട് - പള്ളികടവ് റോഡ് 1.75 5 T
69. V ആനക്കുന്നേൽ മുക്ക് - കടവിക്കോട്ട് ജംഗ്. 1 5 T
70. VI മഠത്തിൽ മുക്ക് - ശാസ്താനട 0.2 4 G
71. VI ആലിന്റെ കിഴക്കതിൽ - ദേവികുളങ്ങര 0.8 4 G
72. VI മുല്ലസ്ഥാനത്ത് - തുമ്പുള്ളിശ്ശേരി കടവ് 0.9 4 G
73. VI കായലിനപ്പുറം - കുട്ടുങ്കൾ കായൽവാരം 0.3 4 G
74. VI പുഴിക്കാട്ട് - പനംത്തിട്ട റോഡ് 0.3 4 G
75. VI കിളിമുക്ക് - മണ്ണേൽകടവ് 0.95 4 G
76. VI വേളങ്ങാട്ട് മുക്ക് - മണ്ണാട്ട്കുളം 0.3 3 G
77. VI ചങ്ങാലപ്പള്ളി മുക്ക് - വാഴശ്ശേരി 0.3 3 G
78. VI ഇടമരത്ത്ശ്ശേരി - പാട്ടളശ്ശേരി 1.5 4 G
79. VI അയിരിശ്ശേരി മുക്ക് - മണ്ണാത്ത്കുളം 1.4 4 G
80. VI കോളശ്ശേരി - അയിരിശ്ശേരി 0.6 3 G
81. VI വട. ആഞ്ഞിലിമൂട് - കുട്ടുംവാതുക്കൽ 1.5 4 T
82. VI ചെറിയമ്പിൽ - ഗുരുമന്ദിരം 0.5 3 G
83. VI കോട്ടയ്ക്കകത്ത് - പുട്ടുംവാതുക്കൽ 1 4 T
84. VI വട. ആഞ്ഞിലിമൂട് - പുട്ടുവാതുക്കൽ 2 4 T
85. VI ചങ്ങാലപ്പള്ളി - അയിരിമന്ദിരം 1.2 4 T
86. VII ഭരണിത്തറ - ചത്തേത്ത് മുക്ക് 1.25 5 G
87. VII വട. ആഞ്ഞിലിമൂട് - തലശ്ശേരിമുക്ക് 0.3 4 G
88. VII ചരുവക്കാട്ട് - മുല്ലസ്ഥാനത്ത് 1.6 4 G
89. VII തലശ്ശേരി - കൈമവീട്ടിൽ മുക്ക് 1.35 4 G
90. VII തോട്ടത്തിൽ മുക്ക് - തലശ്ശേരി കുന്നേൽ - 1.5 4 G
91. VII കൈമവീട്ടിൽ മുക്ക് പുന്നയ്ക്കാട്ട് മുക്ക് 1.6 4 G
92. VII തലശ്ശേരി കുന്നേൽ മുക്ക് - മുല്ലസ്ഥാനത്ത് 1.25 5 G
93. VII പുന്നയ്ക്കാട്ട് മുക്ക് - പനംത്തിട്ട മുക്ക് 0.8 4 G
94. VII തോട്ടത്തിൽ മുക്ക് - ആലുമൂട്ടിൽ തറ 1.5 4 G
95. VII കൈമവീട്ടിൽ മുക്ക് - പുലരിചന്ത 1.46 4 G
96. VII മോഴുവട്ടത്ത് - ഒച്ചാൽ വയൽ 0.8 4 G
97. VII ലക്ഷംവീട് - കുമ്പോലിമുക്ക് 1.5 4 G
98. VII ചെമ്പകശ്ശേരി മുക്ക് - കൊച്ചാൽ വയൽ 1.5 4 G
99. VII കല്ലൂർ മുക്ക് - പന്തപ്പാവിൽ മുക്ക് 1.5 4 G

100. VII ഇരണിമൂട്ടിൽ - പട്ടികജാതി കോളനി 1 3 G
101. VII ചരുവക്കാട്ടിൽ - വാരണപ്പള്ളിൽ 1.8 5 T
102. VII തലശ്ശേരി കുന്നേൽ - കൈമവീട്ടിൽ 0.35 4 T
103. VII തലശ്ശേരി കുന്നേൽ - അഞ്ഞിലിമൂട് 0.8 4 T
104. VII പോച്ചയിൽ മുക്ക് - കൂട്ടും വാതുക്കൽ 1.1 4 T
105. VIII ലൈറ്റ് മുക്ക് - പാലമൂട്ടിൽ 0.2 3 G
106. VIII മലയിൽ മുക്ക് - കുരുങ്ങാട്ട് മുക്ക് 0.6 4 G
107. VIII പുത്തൻവീട്ടിൽ - തോട്ടത്തിൽ മുക്ക് 0.4 4 G
108. VIII കണിയാമുറി മുക്ക് - ഇലഞ്ഞിമൂട്ടിൽ മുക്ക് 0.3 4 G
109. VIII ചത്തേത്ത് മുക്ക് - കരിച്ചാലിൽ മുക്ക് 0.7 4 G
110. VIII പള്ളിയിൽ ലക്ഷംമുക്ക് - കുരുമ്പോലി മുക്ക് 0.4 3 G
111. VIII ഗുരുമന്ദിരം - കൊച്ചുതറ 1 4 G
112. VIII പള്ളേമ്പിൽ - പുത്തൻതറ 0.7 4 G
113. VIII പുത്തൻത്തറ - മണ്ണൂർ പടീറ്റതിൽ 0.4 4 G
114. VIII ഗോ. മു: കലുങ്ക് - പുത്തൻത്തറ 0.4 4 G
115. VIII കരിയിൽ കിഴക്ക് - പന്തപ്ലാവിൽ 0.5 4 G
116. VIII കുമ്പോലിമുക്ക് - പണ്ടകശാല 0.5 4 T
117. IX പുളിയാണിക്കൽ - മണ്ണേൽകടവ് 0.5 5 G
118. IX താനത്ത് മുക്ക് - പുത്തൻത്തറ മുക്ക് 0.5 4 G
119. IX മഠത്തിൽ: - മലയൻത്തറ മണ്ണേൽ 0.2 4 G
120. IX മങ്ങാട്ട് മുക്ക് - വടക്കപുത്തേഴത്ത് 1.5 4 G
121. IX മഞ്ഞേഴത്തുവയൽ - ശാസ്താംനട 0.4 4 G
122. IX കളീയ്ക്കൽ ചിറ - പോച്ചയിൽ 1.5 4 G
123. IX ചരുവിൽ മുക്ക് - മുനമ്പേൽ 0.3 3 G
124. IX പുളിയാണിക്കൽ മുക്ക് - ഗോവിന്ദമുട്ടം 0.4 4 T
125. IX ചരുവിൽമുക്ക് - മുനമ്പേൽ 0.3 3 T
126. X ഒറ്റതെങ്ങിൽ - കളപ്പുര 0.3 4 G
127. X പനച്ചൂർ മുക്ക് - കൃഷ്ണപുരം തോട് 0.4 4 G
128. X കൊച്ചുമാമൂട് - പാലക്കടവ് 0.5 4 G
129. X ഒറ്റതെങ്ങിൽ - ചൂളൂർ U.P.S. 0.7 4 G
130. X കുറ്റിയിൽ മുക്ക് - ചേരാവള്ളി മുക്ക് 0.3 4 G
131. X ദേവികുളങ്ങര - S.R.V.L.P.S. 1 5 G
132. X കാങ്കാലി മുക്ക് - കൊച്ചയ്യത്ത് മുക്ക് 0.5 4 G
133. X മഠത്തിൽ മുക്ക് - മണപ്പുറത്ത് മുക്ക് 0.3 4 G
134. X ഇടയ്ക്കാട്ട് മുക്ക് പറയൻതറ മുക്ക് 0.2 4 G
135. X പങ്കമന്ദിരം മുക്ക് - മണ്ണാംപറമ്പിൽ 0.3 4 G
136 X മേച്ചരി മുക്ക് - ചിറയിൽ മുക്ക് 0.3 4 G
137. X പനച്ചൂർ മുക്ക് - മുതരശ്ശേരി പട്ടികജാതി കോളനി 0.5 4 G
138. X വട. ആഞ്ഞിലിമൂട് - പാലക്കടവ് 1.2 6 T
139. X പുത്തൻപറമ്പിൽ - കളപുരയ്ക്കൽ 1.1 6 T
140. X പുത്തൻവീട്ടിൽ മു. - S.R.V.L.P.S. 1.2 6 T

ആകെ ഗ്രാവൽ റോഡ് 30-06-96 106.915 കി മീ

പുതിയതായി നിർമ്മിക്കേണ്ട റോഡുകളെ സംബന്ധിച്ച് ഗ്രാമ സഭക ളിൽ നിന്നും ഉണ്ടായിട്ടുള്ള നിർദ്ദേശങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

ഒന്നാം വാർഡിൽ 14 റോഡുകളും, രണ്ടാം വാർഡിൽ 17 റോഡുകളും, മൂന്നാം വാർഡിൽ 6 റോഡുകളും, നാലാം വാർഡിൽ നിന്നും 12 റോഡുകളും, അഞ്ചാം വാർഡിൽ നിന്നും 16 റോഡുകളും, ആറാം വാർഡിൽ നിന്നും 6 റോഡുകളും, ഏഴാം വാർഡിൽ നിന്നും 8 റോഡുകളും, എട്ടാം വാർഡിൽ നിന്നും 11 റോഡുകളും, ഒമ്പതാം വാർഡിൽ നിന്നും 16 റോഡുകളും, പത്താം വാർഡിൽ നിന്നും 15 റോഡുകളും ആണ്. മേപ്പടി നിർദ്ദേശങ്ങളിൽ പലതും നിലവിലുള്ള തിന്റെ അറ്റകുറ്റ പണികളെ സംബന്ധിച്ചാണ് സൂചിപ്പിക്കുന്നത്. വിശദ വിവരങ്ങൾ ഗ്രാമ സഭാ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഒന്നാം വാർഡിന്റെ തെക്കേ അറ്റം മുതൽ ഒമ്പതാം വാർഡിന്റെ വടക്ക് കിഴക്കേ അറ്റം വരെ എത്തുന്ന ഒരു തീരദേശ റോഡ് പദ്ധതി കാലത്ത് നിർമ്മി ക്കണം. ഗ്രാമ സഭാ റിപ്പോർട്ടുകളിൽ ആയതിന്റെ നിർദ്ദേശമുണ്ട്.

1, 2, 3, 4 വാർഡുകളിൽ കൂടി കടന്ന് പോകുന്ന ഓച്ചിറ മൂട്ടത്ത് മണ്ണേൽ കടവ് റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് പൊതു പ്രോജക്ട് ഉണ്ടാ കണം. ഓച്ചിറ ദേവികുളങ്ങര കൃഷ്ണപുരം പഞ്ചായത്തുകളുടെ പൊതുപ്രോജ ക്ടായി ഇത് അവിഷ്കരിക്കണം. പുതിയ ബസ്സ് സർവ്വീസുകൾ തുടങ്ങാൻ പര്യാ പ്തമായിരിക്കും ഈ റോഡ്. പഞ്ചായത്താഫീസിന്റെ മുന്നിൽ കൂടി പോകുന്ന ദേവികുളങ്ങര S.R.V.L.P.S. റോഡും ഇത്തരം ഒരു പരിഗണന അർഹിക്കുന്നു. കൈമ വീട്ടിൽ മുക്ക് വേണാട്ടുശ്ശേരി കടവ് റോഡും അടിയന്തിര പ്രാധാന്യത്തോടെ വിക സിപ്പിക്കണം. 8-ാം വാർഡിൽ കരുണാലയം കട്ടച്ചൂളയിലേക്കുള്ള റോഡ് ഏറ്റവും കൂടുതൽ ലോഡ് വാഹനങ്ങൾ കടന്ന് പോകുന്ന റോഡാണ്. പ്രത്യേക പ്രോജ ക്ടായി എടുത്ത് ഈ റോഡ് വികസിപ്പിക്കണം. T.M. ചിറ ആയിരംതെങ്ങ് റോഡ് ഗതാഗതയോഗ്യമാക്കുവാൻ ഗ്രാമ പഞ്ചായത്ത് വേണ്ട ബന്ധപ്പെടലുകൾ നട ത്തണം. 6-ാം വാർഡിൽ കൂട്ടുംവാതുക്കൽ കടവ് - കണ്ടപ്പുറം റോഡും പാലവും നിർമ്മിക്കുവാൻ ഒരു പ്രോജക്ട് തയ്യാറാക്കണം. 4-ാം വാർഡിൽ ആശ്രമം ജംഗ്ഷൻ - കിഴക്കുമുറി റോഡും അടിയന്തിര പ്രാധാന്യത്തോടെ നിർമ്മാണ പ്രവർത്തനം നടത്തണം.

വിദ്യാലയങ്ങളിലും ആശുപത്രികളിലും മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങ ളിലും എത്തുന്നവർക്ക് വേണ്ടിയുള്ള റോഡുകളുടെ ശോചനീയാവസ്ഥക്ക് മാറ്റം വരുത്തുന്നതിന് മുൻഗണന കൊടുക്കണം. മത്സ്യ ബന്ധനം വ്യാപാരം ചെറുകിട വ്യവസായ ശാലകൾ ഇവയുമായി ബന്ധപ്പെട്ട റോഡുകൾക്കും പ്രത്യേക പരിഗ ണനയുണ്ടാകണം.

കായംകുളത്ത് നിന്നും പ്രയാർ വഴി ഓച്ചിറയിലേക്കും, പ്രയാർ വഴി തുറ യിൽ കടവ് കാട്ടിൽ കടവ് എന്നിവടങ്ങളിലേക്ക് ഉണ്ടായിരുന്ന ബസ്സ് സർവ്വീസു കൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. അതിനുവേണ്ടി K.S.R.T.C. യുമായി ബന്ധപ്പെട്ട് കാര്യങ്ങൾ നീക്കണം. നമ്മുടെ പഞ്ചായത്തിൽ കൂടി കടന്നു പോകുന്നതും തിരുവനന്തപുരത്തെയും കൊല്ലത്തെയും ആലപ്പുഴയെയും കോട്ട യത്തെയും ബന്ധപ്പെടുത്തുന്നതുമായ ബസ്സ് സർവ്വീസുകൾ ആരംഭിക്കേണ്ടതാണ്. മൂട്ടത്ത് മണ്ണേൽ കടവ് വേണാട്ട്ശ്ശേരിൽ കടവ് എന്നിവടങ്ങളിൽ നിന്നും പുതിയ ബസ്സ് സർവ്വീസുകൾ ആരംഭിക്കുന്നതിനും വേണ്ട സമ്മർദ്ദം ചെലുത്തണം.

കായംകുളം ബോട്ട് ജെട്ടി ഗോവിന്ദമുട്ടം കൂട്ടും വാതുക്കൾ, മുട്ടം മണ്ണേൽ കടാശ്ശേരിമണ്ണേൽ റ്റി.എം. ചിറ ചെറിയഴീക്കൽ, വലിയഴീക്കൽ മേഖലകളെ കൂട്ടിയോജിപ്പിക്കുന്ന ചെറു ബോട്ട് സർവ്വീസുകൾ ആരംഭിക്കണം.

# ഊർജ്ജം

വൈദ്യുതിയും വൈദ്യുതേതര ഊർജ്ജ് സ്രോതസ്സുകളായ വിറക് ബയോ ഗ്യാസ് സൗരോർജ്ജം പാചക വാതകം തുടങ്ങിയവയും ദക്ഷത കൂടിയ അടുപ്പുകളും കാർഷിക അവിശിഷ്ടങ്ങൾ മറ്റ് ജൈവ സ്രോതസ്സുകൾ തുടങ്ങിയ കാര്യങ്ങളിൽ പഞ്ചായത്തുകൾക്കുള്ള അധികാരം വിനിയോഗിച്ച് ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിക്കണം. നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി വിതരണം നടത്തുന്നത് ഓച്ചിറ കൃഷ്ണപുരം കായംകുളം വെസ്റ്റ് എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾ വഴിയാണ്. കരുനാഗപ്പള്ളി മാവേലിക്കര ആലപ്പുഴ എന്നി സർക്കിളുകളിൽ നിന്നുമുള്ള വൈദ്യുതി വിതരണം നമ്മുടെ പഞ്ചായത്തിൽ എത്തുന്നുണ്ട്. പതിനാല് 11 KV ട്രാൻസ്ഫോർമറുകളാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. അതിൽ 100 KVA പവറുകൾ ഉള്ള ട്രാൻസ്ഫോർമറുകൾ : 1. ഗോവിന്ദമുട്ടം വടക്ക് 2. ഗോവിന്ദമുട്ടം തെക്ക് 3. കൂട്ടും വാതുക്കൽ I 4. കുട്ടുവാതുക്കൽ II 5. പലിയിൽ പമ്പ് ഹൗസ് 6. വാരണപ്പള്ളി 7. പുളിയാണിക്കൽ 8. പുലരിചന്ത 9. കൊച്ചുമുറി 10. പുത്തൻ വീട്ടിൽ മുക്ക് 11. ആനക്കുന്നേൽ മുക്ക് 12. പുളിങ്കീഴിൽ 13. K.N.M.U.P.S.

160 KVA പവറുള്ള ഒരു ട്രാൻസ്ഫോർമറാണ് പ്രയാർ സ്വതന്ത്ര ജംഗ്ഷനിൽ ഉള്ളത്. നിലവിൽ 11 KV ലൈനിൽ പൂർണ്ണ അളവിൽ വോൾട്ടേജ് ലഭിച്ചാൽ നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള സംവിധാനത്തിൽ തന്നെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാവുന്നതാണ്. അല്ലാതെ ട്രാൻസ്ഫോർമറുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിൽ പ്രയോജനമില്ല. മുട്ടത്ത് മണ്ണേൽ കടവിലും അമ്പലപ്പാട്ട് മുക്കിലും 100 K.V.A. ശേഷിയുള്ള ഓരോ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് നിർദ്ദേശമുണ്ട്.

T.M. ചിറയിൽ വൈദ്യുതി എത്തുന്നതിന് അടിയന്തിര പദ്ധതി അവിഷ്കരിക്കണം. ദേവികുളങ്ങര സബ് എൻജിനീയർ ഓഫീസ് സെക്ഷൻ ആഫീസായി ഉയർത്തുന്നതിന് വേണ്ട സമ്മർദ്ദം ചെലുത്തുവാൻ പഞ്ചായത്തിന് കഴിയണം. ലക്ഷം വീട് കോളനികളിലും ദുർബ്ബല വിഭാഗങ്ങളുടെ നിരവധി വീടുകളിലും ഇനിയും വൈദ്യുതി എത്തിചേരാനുണ്ട്. പത്താം വാർഡിലെ എട്ടുതെങ്ങിൽ പട്ടികജാതി കോളനി അടിയന്തിരമായി വൈദ്യുതീകരിക്കണം. ദുർബ്ബല വിഭാഗങ്ങൾക്ക് വൈദ്യുതി ലഭിക്കുന്നതിനാവശ്യമായ കൺസെന്റുകളിലെ തർക്ക പരിഹാരത്തിന് ജില്ലാ കളക്ടറിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം പഞ്ചായത്തിലേക്ക് കൈമാറേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ 313 തെരുവുവിളക്കുകൾ ഉള്ളതിൽ 296 എണ്ണം 40 വാട്സും 17 എണ്ണം ട്യൂബ് ലൈറ്റുകളുമാണ്. 10 ട്യൂബ് ലൈറ്റുകൾ കൂടി സ്ഥാപിക്കുന്നതിന് വേണ്ടി പഞ്ചായത്ത് ബോർഡിനെ സമീപിച്ചിട്ടുണ്ട്. 5000 രൂപ വീതമാണ് മാസം തോറും വൈദ്യുതി ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിൽ നിന്നും അടയ്ക്കുന്നത്. വൈകുന്നേരങ്ങളിലെ കുറഞ്ഞ വോൾട്ടതയ്ക്ക് പരിഹാരം എന്നോണം സമ്പന്നർ വിലകൂടിയ സ്റ്റെപ്പ് അപ്പുകൾ അധികൃതമായും അനധികൃതമായും ഉപയോഗിക്കുന്നത് വൈദ്യുതി വിതരണത്തിലെ സംതുലിതാവസ്ഥയെ തകിടം മറിക്കുന്നു. സൗരോർജ്ജം, ബയോഗ്യാസ്, പുകയില്ലാത്ത അടുപ്പുകൾ ഇവയുടെ പ്രചാരണവും സംഘടിപ്പിക്കലും വ്യാപകമാക്കേണ്ടതുണ്ട്.

# സഹകരണം

## ചരിത്രം

കർഷകരെ ബാധ്യതകളിൽ നിന്ന് രക്ഷിക്കുന്നതിനായി 1904 ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ 1920 ൽ ഗോവിന്ദമുട്ടം ആസ്ഥാനമാക്കി 220 - ാം നമ്പർ പരസ്പര സഹായ സഹകരണ സംഘം നിലവിൽ വന്നതോടെയാണ് നമ്മുടെ പഞ്ചായത്തിലെ സഹകരണ ചരിത്രം ആരംഭിക്കുന്നത്. സർവ്വശ്രീ M.V. പത്മനാഭൻ, ബാങ്കർ കുട്ടി, ഡോ. കെ. ചെല്ലപ്പൻ എന്നിവരാണ് ഈ സംഘത്തിലെ ആദ്യകാല പ്രവർത്തകർ. 1929 ൽ S.C.B. 1900 രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചു. സർവ്വശ്രീ കെ. പി. വർഗ്ഗീസ്, പ്രഭാകരൻ ഉണ്ണിത്താൻ തങ്ങൾ കുഞ്ഞ്, റ്റി.എം. മത്തായി തുടങ്ങിയവരാണ് ഇതിന്റെ ശിൽപ്പികൾ 1946 ൽ S.C.S. 2730 രജിസ്റ്റർ ചെയ്യപ്പെട്ടു. ശ്രീമാൻ (Late.) എ.കെ.കുറുപ്പ്, ഓച്ചിറ രാമചന്ദ്രൻ തുടങ്ങിയവരാണ് ഇതിന്റെ ശിൽപ്പികൾ.

കാർഷിക മേഖലയിൽ S.C.B. 1900 സ്തുത്യർഹമായ പ്രവർത്തനം നടത്തുന്നുണ്ട്. S.C.B. 2730 ന്റെ പ്രവർത്തനത്തിൽ വേണ്ടത്ര വിജയം ഉണ്ടായിട്ടില്ല. ദരിദ്ര വിഭാഗങ്ങൾ കൂടുതൽ ആശ്രയിക്കുന്ന ഈ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. നമ്മുടെ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന വനിതാ കൺസ്യൂമർ സഹകരണ സംഘം ഇന്ന് പ്രവർത്തന രഹിതമാണ്. സ്കൂൾ സഹകരണ സംഘങ്ങൾ പുസ്തക കച്ചവടത്തിൽ ഒതുങ്ങുന്നു. അവ ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. ഖാദി സംഘം പ്രവർത്തന രഹിതമാണ്. ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘങ്ങളും പ്രവർത്തന രഹിതമാണ്. കയർ സംഘങ്ങൾ പൊതുവെ പ്രതിസന്ധിയെയും നഷ്ടത്തെയും നേരിടുന്നു. ഒരു ഹോസ്പിറ്റൽ സഹകരണം സംഘവും ഹൗസിങ്ങ് സഹകരണ സംഘവും, പട്ടികജാതി സഹകരണ സംഘവും ഉണ്ടെങ്കിലും ഇവയെല്ലാം പ്രവർത്തന രഹിതമാണ്.

S.C.B. 1900 ൽ നിന്നും 1995 - 96 കാലഘട്ടത്തിൽ 25 ലക്ഷം രൂപ കാർഷിക വായ്പയും 150 ലക്ഷം രൂപ കാർഷികേതര വായ്പയും വിതരണം ചെയ്തിട്ടുണ്ട്. വളം കീടനാശിനി റേഷൻ കട പലചരക്ക് ജൗളി വ്യാപാരം കൊപ്രാ സംഭരണം മാവേലിസ്റ്റോർ ലേല ചിട്ടി എന്നിവ ഈ സംഘത്തിന്റെ പ്രവർത്തന മേഖലകളാണ്.

S.C.B. 27 - 30 ൽ നിന്നും 1995 - 96 ൽ കാർഷിക വായ്പയായി 11585 രൂപയും കാർഷികേതരവായ്പയായി 140250 രൂപയും വിതരണം ചെയ്തിട്ടുണ്ട്. റേഷൻകട, ചിട്ടി, എന്നിവ നടത്തുന്നു. നഷ്ടം നികത്തുന്നതിന് ആവശ്യമായ നടപടികൾ ആവിഷ്കരിക്കണം. കുടിശ്ശിക പിരിക്കുന്ന കാര്യത്തിൽ ശുഷ്കാന്തി കാട്ടണം. അടിയന്തിരമായി അംഗങ്ങളെ ചേർത്ത് ഓഹരി മൂലധനം വർദ്ധിപ്പിക്കണം. നിക്ഷേപം സ്വരൂപിക്കണം. കൂടുതൽ ലേല ചിട്ടികൾ നടത്തണം.

### സർവ്വീസ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

1. കാർഷിക വായ്പകൾ ഇതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് തടയണം.
2. ക്രെഡിറ്റ് കാർഡ് സമ്പ്രദായം നടപ്പാക്കുക.
3. സർക്കാരിൽ അനുവദിക്കപ്പെടുന്ന കാർഷിക വായ്പയും സബ്സിഡിയും ഉൽപ്പാദന ചിലവിനുള്ള സഹായങ്ങളും വായ്പക്കാർക്ക് എത്തിക്കുവാനുള്ള കാലവിളംബം ഒഴിവാക്കുക.

4. ... നേർന്നുക. കാർഷികോൽപ്പന്നങ്ങൾ സെക്യൂരിറ്റിയായി ... ലോണ വ്യവസ്ഥകൾ സംവിധാനം ചെയ്യുക.

5. സർവ്വീസ് സഹകരണ സംഘങ്ങൾ ശാഖകൾ തുറക്കുക.

6. കാർഷിക ദീർഘകാല വായ്പാ സംവിധാനങ്ങൾ ലളിതമാക്കുക.

**ക്ഷീരസംഘങ്ങൾ** :- ഗോവിന്ദമുട്ടം, ദേവികുളങ്ങര, പ്രയാർ എന്നീ മൂന്ന് ക്ഷീര സംഘങ്ങൾ ആണിന്നുള്ളത്. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും പ്രവർത്തനം വ്യാപിപ്പിക്കുവാൻ കൂടുതൽ ക്ഷീര സംഘങ്ങൾ രൂപീകരിക്കണം.
കാലിത്തീറ്റ സഹകരണ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കണം.
ഡയറി സംഘങ്ങൾ രൂപീകരിക്കണം.

**കയർ സഹകരണ സംഘങ്ങൾ** :- ആകെയുള്ള 8 സഹകരണ സംഘങ്ങളിൽ ഗോവിന്ദമുട്ടത്തെ ഒരു സംഘം ലിക്വിഡേറ്റ് ചെയ്യപ്പെട്ടു.

പുതുതായി ഉൾനാടൻ മത്സ്യതൊഴിലാളി സഹകരണ സംഘങ്ങൾ രൂപീകരിക്കണം. കോഴി താറാവ് വളർത്തൽ സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

ദേവികുളങ്ങരയിലെ കൈക്കുത്തരി സഹകരണ സംഘം ആധുനീകരിച്ച് പുനരുജ്ജീവിപ്പിക്കണം.

**നമ്മുടെ പഞ്ചായത്തിലെ സഹകരണ സംഘങ്ങളുടെ പട്ടിക**

1. പുതുപ്പള്ളി വില്ലേജ് S.C.B. 1900, 2. പുതുപ്പള്ളി S.C.S. 2730, 3. ദേവികുളങ്ങര പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം 4. പുതുപ്പള്ളി K... IND (A)9, 5. പുതുപ്പള്ളി കൈകുത്തരി വ്യവസായ സഹകരണ സംഘം 57... വടക്ക് കൊച്ചുമുറി C.V.C.S., 7. പണ്ടകശാല കടവ് C.V.C.S. 8. പുതുപ്പള്ളി വടക്ക് C.V.C.S., 9. പുതുപ്പള്ളി വടക്ക് മഹിളാ C.V.C.S. 10. പള്ളിക്കടവ് C.V.C.S. 11. പുതുപ്പള്ളി തെക്ക് C.V.C.S., 12. ക്ടാശ്ശേരി മണ്ണേൽ കടവ് C.V.C.S. 13. നെടുമണ്ണേൽ കടവ് C.V.C.S. 14. C.M.S.H.S. സഹകരണം സംഘം 15. പ്രയാർ H.S. സഹകരണ സംഘം 16. എയിഡഡ് സ്കൂൾ സ്റ്റാഫ് സഹകരണ സംഘം 17. പുതുപ്പള്ളി മഹിളാ കൺസ്യൂമർ സഹകരണ സംഘം 18. പുതുപ്പള്ളി സഹകരണ ആശുപത്രി 19. ക്ഷീര വ്യവസായ സഹകരണ സംഘം ഗോവിന്ദമുട്ടം 20. ദേവികുളങ്ങര ക്ഷീരവ്യവസായ സഹകരണ സംഘം 21. പ്രയാർ ക്ഷീര വ്യവസായ സഹകരണ സംഘം 22.

## പരിസര ശുചിത്വം

വ്യവസായ വൽക്കരണം വളരെ കുറഞ്ഞ പ്രദേശമായതിനാൽ വായു മലിനീകരണം നമ്മുടെ പഞ്ചായത്തിൽ ഗുരുതരമല്ല എന്നാൽ കായൽ ജലം മലിനമാകുന്ന തരത്തിൽ തൊണ്ടഴുക്കലും, ചെമ്മീൻ സംസ്കരണ ശാലകളും ചകിരിച്ചോർ കായലിൽ തള്ളലും ഗുരുതരമായ പരിസ്ഥിതി / ആരോഗ്യ പ്രശ്നം ഉളവാക്കിയിട്ടുണ്ട്.

- ചെമ്മീൻ അവശിഷ്ടങ്ങൾ കോഴിത്തീറ്റ നിർമ്മാണത്തിനും ചകിരിച്ചോർ ജൈവവളവും മറ്റുമാക്കി മാറ്റാനുള്ള സാദ്ധ്യതകൾ ഉപയോഗിക്കണം.
- വളവുകളിൽ മുറിവായ്ക്ക് കരിയും ചരലും നിറച്ച് ചാക്കുകൾ അടുക്കി തൊണ്ട് കറ കായലിലേക്ക് വ്യാപിക്കുന്നത് തടയാം.
- വീടുകളിൽ നിന്നുള്ള മലിന ജലം പൊതുനിരത്തിലേക്ക് വിടുന്നതായി കാണുന്നുണ്ട്. ഇത് കർശനമായി നിരോധിക്കുകയും. നിലവിൽ ഉള്ളത് മാറ്റുന്നതിന് അടിയന്തിര നടപടികൾ എടുക്കേണ്ടതുമാണ്.
- പൊതു ടാപ്പുകളുടെ പരിസരത്ത് കുളിക്കുക, വസ്ത്രം കഴുകുക. മൃഗങ്ങളെ കുളിപ്പിക്കുക ഇവ കർശനമായി തടയണം.
- കായലിലും തോടുകളിലും കക്കൂസ് കെട്ടി മല വിസർജ്ജനം നടത്തുന്നത് നിരോധിക്കണം.
- മാർക്കറ്റുകളിലും റോഡ് പാർശ്വത്തിലുള്ള കച്ചവട സ്ഥലങ്ങളിലും കുന്നു കൂടുന്ന ചപ്പു ചവറുകൾ നീക്കം ചെയ്യാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.
- സാന്നിട്ടറി കക്കൂസുകൾ ഉപയോഗിക്കേണ്ടതിനെ പറ്റി ബോധവൽക്കരണം നടത്തുക.
- തീരപ്രദേശത്തുള്ള മുഴുവൻ കുടുംബങ്ങൾക്കും ദുർബ്ബല വിഭാഗങ്ങൾക്ക് ആകെയും സാന്നിട്ടറി കക്കൂസുകൾ ലഭ്യമാക്കണം.

## കായികം

കായികരംഗത്ത് വലിയ പ്രഗൽഭ്യം നേടിയ പഞ്ചായത്ത് അല്ല. പഞ്ചായത്തു താല്പര്യമെടുത്ത് യുവപ്രതിഭകളെ രംഗത്തു കൊണ്ടുവരുന്ന രീതി വളരെ അഭികാമ്യമാണ്. ആവശ്യമായ പ്രോത്സാഹനം കിട്ടാത്തതുമൂലം കൂടുതൽ പ്രതിഭകളെ ഈ രംഗത്തേക്ക് ആകർഷിക്കുവാൻ കഴിയുന്നില്ല. വളർന്നു വന്നതാൽ തന്നെ പ്രോത്സാഹനമോ അംഗീകാരമോ അർഹതക്കനുസരിച്ച് ലഭിക്കുന്നില്ല. നമ്മുടെ നാട്ടുകാരിയായ യുവപ്രതിഭ (ബാസ്കറ്റ് ബോൾ താരം) യു. പി. ലൈജി ഈ പഞ്ചായത്തിലെ ഗോവിന്ദമുട്ടം നന്ദനത്തിൽ പീറ്റർ ഉത്തമന്റെ മകളാണ് യു. പി. ലൈജി 7 -ാം വയസ്സിൽ ബാസ്ക്കറ്റ് ബോൾ കളിച്ചു തുടങ്ങി 21 -ാം വയസ്സിൽ കേരളത്തിലെ ഏറ്റവും നല്ല കളിക്കാരിയ്ക്കുള്ള സ്വർണ്ണ മെഡൽ കരസ്ഥമാക്കി. കേരള ടീം ക്യാപ്റ്റൻ ആകുകയും ചെയ്തു. അന്തർ ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുവാനുള്ള അവസരം ലഭിക്കുകയും ചെയ്തു. ഇത്രയൊക്കെ ആയിട്ടും ഉപജീവനത്തിനുവേണ്ടി അന്യ സംസ്ഥാനത്തേക്ക് ചേക്കേറേണ്ടിവന്നു. ഇന്ന് സൗത്ത് സെൻട്രൽ റെയിൽവേയിൽ ജോലി നോക്കുന്നു. തമിഴ്നാട് ടീമിൽ കളിക്കുന്നു.

ഈ ദുരവസ്ഥ മാറണമെങ്കിൽ സ്പോർട്ട്സ് ഒരു ജനകീയ പ്രസ്ഥാനമായി മാറണം. കായികതാരങ്ങൾ ഉന്നത നിലവാരത്തിലേക്ക് ഉയരണമെങ്കിൽ ഇതു കൂടിയേ തീരൂ. ഇപ്പോൾ ഇതിനനുകൂലമായ ഒരു വികാരം ഇല്ലെന്നുള്ളത് വാസ്തവമാണ്. സ്പോർട്ട്സ് ഇപ്പോൾ കായികതാരങ്ങൾക്കുവേണ്ടി മാത്രമാണെന്ന ദുരവസ്ഥയാണ്. കുട്ടികളെ ചെറുപ്പത്തിലെ തന്നെ ഏതെങ്കിലും ഒരിനത്തിലേക്കു തരംതിരിച്ചു മാറ്റുന്ന രീതി ഈ രംഗത്തിന്റെ അധഃപതന മാണുണ്ടാക്കുന്നത്. എല്ലായിനങ്ങളിലും പരിശീലനം നൽകിയിട്ടു വേണം ഏത് ഇനത്തിലേക്കു മാറ്റണമെന്നു തീരുമാനിക്കേണ്ടത് ഈ രംഗത്തിന് പ്രതിഭകളെ കണ്ടെത്താൻ വൈഷമ്യം. അതിന് പഞ്ചായത്തു തലത്തിൽ യുവാകളെ പരിശീലിപ്പിക്കുന്നതിന് വിദഗ്ദ്ധരായ കോച്ചുകളെ വരുത്തി പരിശീലനം കൊടുക്കുവാൻ പഞ്ചായത്തുകൾ മുൻകൈ എടുക്കണം. ഈ ദുസ്ഥിതിയൊക്കെ മാറുന്നതിന് പഞ്ചായത്തോ ഗവൺമെന്റോ മാത്രം വിചാരിച്ചാൽ പോരാ. സ്പോൺസറിംഗ് മേഖലകൾ ഉണ്ടാകണം. അതിനുവേണ്ടി സർക്കാരും പഞ്ചായത്തും മുൻകൈ എടുക്കണം. സ്കൂളുകളിൽ വിദ്യാർത്ഥികളെ കായികരംഗത്തേക്ക് ആകർഷിക്കുവാനും കായികാഭിരുചി വളർത്തിയെടുക്കുവാനും ആവശ്യമായ പരിപാടികൾ നടപ്പിലാക്കണം. സ്കൂളുകളിൽ അതിനുവേണ്ട ഏർപ്പാടുകൾ ഉണ്ടാക്കണം. പഞ്ചായത്തുതലത്തിൽ കായിക പ്രോത്സാഹന സമിതികൾ ഉണ്ടാക്കുകയും ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾക്ക് സാമ്പത്തികവും മറ്റുമുള്ള സഹായകളും നിർദ്ദേശങ്ങളും നൽക്കുവാൻ ശ്രദ്ധിക്കുക. ജീവിതത്തിന്റെ വിവിധ മേഖലകളിൽ ആവശ്യമായ മാറ്റം അഞ്ചു വർഷം കൊണ്ടു വരുത്തുവാൻ വേണ്ടി കായിക സാംസ്കാരിക രംഗത്തെ ജനപങ്കാളിത്തം കൊണ്ടുള്ള പ്രവർത്തനങ്ങൾക്കു കഴിയുമെന്നുള്ളതിൽ തർക്കമില്ല. അതിനുവേണ്ടി പഞ്ചായത്തുകൾ മുന്നോട്ടു വരേണ്ടതാണ്



N.H.47
PATHIYOOR
Kanakakunnu
MUTHUKULAM.
Kayamkulam
ASM
കോട്ടക്കടവ്
ഗോവിന്ദമുട്ടം
KANDALOOR
ARATTUPUZHA
DEVIKULANGARA
N.H.47
Krishnapuram
CPCRI
Pudupally
KRISHNAPURAM
KALAMKULAM KAYAL
പൊഴി
Ochira
OACHIRA
TM
KLAPANA.
SEA
ALAPADU
NH47




# കരുണാ വയർ കട്ട് ബ്രിക്സ്

# &

# K B ക്രഷേഴ്സ്

**ഗോവിന്ദമുട്ടം പി. ഒ.**

**കായംകുളം.**

**Phone: 0479-445615**
**444615**

# പഞ്ചായത്തിലെ റോഡുകൾ




4235

INSTITUTE OF LOCAL ADMINISTRATION LIBRARY THRISSUR